

032,3
K3

MUL
288082

# നവദർശനം

(Malayalam)

# NAVADARSANAM

By
**Thrikodithanam Gopinathan Nair M. A.**

Publishers:
Sree Rama Vilas Press & Book-Depot, Quilon.

1st Impression: 1963 November.

Copyright by the Publishers.

Printed at Sree Rama Vilas Press, Quilon.

Copies 1000.

Price Rs. 1·25.

47

# നവദർശനം

ഗ്രന്ഥകർത്താ:

തൃക്കൊടിത്താനം ഗോപിനാഥൻനായർ എം. ഏ.

UNIVERSITY LIBRARY
★ MADRAS ★

പ്രകാശകർ

ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ, കൊല്ലം

University Grants Commission

പകർപ്പവകാശം പ്രകാശകക്ക്.

ഒന്നാം പതിപ്പ് - കാപ്പി 1000.

അച്ചടി:
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

1963 നവംബർ.

വില രൂപ **1·25.**

## നവദർശനം

1. അനശ്വരനായ പ്രേമദൂതൻ
2. പ്രസംഗകല
3. അദ്ധ്യാപകൻ
4. തിറയാട്ടം
5. മറവി
6. മൂത്തിരിങ്ങോട്ട്.

# I

# അനശ്വരനായ പ്രേമദൂതൻ

അതാ! അവിസ്മരണീയമായ ഒരു രംഗം!—'കുണ്ഡിന നായകനന്ദിനി'യെപ്പററി കേട്ടുകേട്ട് കാമപരവശനായി 'വിജനമായ പുഷ്പവന'ത്തിൽ കഴിഞ്ഞുകൂടുന്ന സൽഗുണ നിലയനമായ നളമഹാരാജാവിൻെറ പിടിയിൽപ്പെട്ട് ഒരു 'സ്വർണ്ണമയമാമന്നം' വളരെ ദയനീയമായി വിലപി ക്കുന്നു! ഉടൻതന്നെ 'ഭൂതദയാവസതി'യായ രാജാവ് ക്ഷമാ പണസഹിതം ആ പക്ഷിയെ സാന്ത്വനപ്പെടുത്തി വിട്ടയ യ്ക്കുന്നു. അടുത്തനിമിഷം ആ 'ഖഗവരൻ' ആദരണീയ നായ രാജാവിൻെറ ആജീവനാന്തസുഹൃത്തും, അഭ്യുദയ കാംക്ഷിയും, പ്രേമദൂതനുമായി പരിണമിക്കുന്നു. തൻെറ ജീവനെ തിരിച്ചേകിയ ഉദാരശീലനായ അരചനു്, ലോകൈകസുന്ദരിയായ ദമയന്തിയെ അദ്ദേഹത്തിൽ അനു രക്തയാക്കിക്കൊടുത്തു്, ഒരു പ്രത്യുപകാരംചെയ്യാമെന്നു പ്രതിജ്ഞയെടുക്കുന്നു. രാജാവോ, ഉത്തമനായ ഹംസത്തെ ബ്രഹ്മാവ് തനിക്ക് ഒരു "സഖിയായിട്ടല്ല, നിധിയായിട്ടു" തന്നെയാണു തന്നതെന്നു് ചാരിതാർത്ഥ്യപൂർവ്വം പ്രസ്താവി ക്കുന്നു.

ഉണ്ണായിവാര്യരുടെ "അരയന്നമന്നവൻ" രണ്ടുനിമിഷംകൊണ്ടു് നൈഷധന്റെ മാത്രമല്ല, നമ്മുടെയെല്ലാം ആജീവനാന്തസുഹൃത്തായിത്തീരുകയാണു്. കലാവിലാസിനിയെ നമ്മിൽ അനുരക്തയാക്കാമെന്നു പ്രതിജ്ഞചെയ്യുകയാണു്!

നളചരിതം ആട്ടക്കഥ, ഏതുനിലയിൽ നോക്കിയാലും, സാധാരണ ആട്ടക്കഥകളുടെ മദ്ധ്യത്തിൽ ഒരു വ്യത്യസ്തതയാണല്ലോ. സാഹിത്യത്തിന്റെയും, സംഗീതത്തിന്റെയും സാന്ദ്രീഭാവംകൊണ്ടു മാത്രമല്ല വാര്യരുടെ നളചരിതം സഹൃദയരുടെ സാമാന്യാധികമായ താല്പര്യത്തിനു വിധേയമായിരിക്കുന്നതു്. കഥാഘടന, പാത്രസൃഷ്ടി, സംഭവവൈചിത്ര്യം, രസപോഷണം, ശബ്ദാലങ്കാരം, അർത്ഥാലങ്കാരം എന്നിവയിലെല്ലാം അതിന്റെ കലാപരമായ ഉൽക്കർഷം അത്യന്തം ശ്ലാഘനീയമാണു്. നളചരിതത്തിലെ കഥാപാത്രങ്ങളെ, അസാധാരണമായ വ്യക്തിത്വവും ചൈതന്യവും നൽകി, നിപുണനിപുണം വ്യാപരിപ്പിക്കുന്നതിൽ വാര്യർ, ഭാഷാനൈഷധചമ്പുവിന്റെ കർത്താവായ മഴമംഗലത്തിനെയും, നളചരിതം കിളിപ്പാട്ടിന്റെയും ഓട്ടൻതുള്ളലിന്റെയും രചയിതാവായ കുഞ്ചൻനമ്പ്യാരെയും, നൈഷധീയചരിതത്തിന്റെ പ്രണേതാവായ ശ്രീഹർഷനെയും, ചുരുക്കം ചില സന്ദർഭങ്ങളിൽ ഇതിഹാസകർത്താവിനെത്തന്നെയും പിന്നിലാക്കുന്നുണ്ടെന്നുള്ളതു് അനിഷേദ്ധ്യമായ ഒരു യാഥാർത്ഥ്യമാണു്. ഇതിഹാസത്തിലെ പവിത്രത കഥാഗാത്രത്തിൽനിന്നും അണുപോലും മാഞ്ഞുപോകാതെ, ജീവിതത്തിന്റെ സമഗ്രദർശനത്തിൽ അവശ്യം ആവശ്യമായ മാററങ്ങൾ പാത്രങ്ങളുടെ അവതരണത്തിലും,

സംഭാഷണത്തിലും, വ്യാപാരത്തിലും വരുത്താൻ ആ കൃതഹസ്തനായ കലാമൎമ്മജ്ഞനു സാധിച്ചിട്ടുണ്ടു്. "നളിനാസനവരവാഹനമായ ഹംസം" ഈ പരമാൎത്ഥത്തെ ഉച്ചൈസ്തരം വിളംബരംചെയ്യുന്ന ഒരു കഥാപാത്രമാണു്.

ആസ്വാദകരുടെ "മാനസസരസ്സു"കളിൽ ആദ്യമായി സോല്ലാസം ക്രീഡിക്കുന്നതു് "പ്രിയമാനസ"നായ ആ "അരയന്നപ്രൗഢ"നല്ലാതെ മററാരുമല്ല. അനായാസേന ആ "ഖഗസാൎവ്വഭൗമൻ" ഏതു ഹൃദയക്ഷേത്രത്തിലും സ്ഥിരപ്രതിഷ്ഠ നേടുന്നു.

അസാമാന്യപ്രഭാവനായ പ്രതിഭാശാലിയായി, അസാധാരണനായ വചോയുക്തിപടുവായി, വിശ്വസനീയനായ ദൂതവരേണ്യനായി, രാജകീയപ്രൗഢിയുള്ള വിനീതദാസനായി, രംഗപ്രവേശംചെയ്തു്, താനേറെറടുത്ത കൎത്തവ്യം അങ്ങേയററം വിജയകരമായി നിൎവ്വഹിക്കുന്നു. സാരള്യവും സൗന്ദൎയ്യവും സ്ഫുരിക്കുന്ന വ്യക്തിത്വമാണു്, വൈദുഷ്യധന്യനായ വാൎയ്യരുടെ പ്രസന്നധിഷണനായ ഹംസത്തിനു് അമോഘമായ ശോഭാതിശയം അരുളുന്നതു്. ഒരു പക്ഷിക്കു് എന്തൊരു പാടവം! എന്തൊരു ഔചിത്യം!! "മധുരാകൃതി"യും "ഗുണവാരിധി"യുമായ ഹംസത്തിൻെറ കൃതകേതരമായ കൃതജ്ഞതയും, സേവനസന്നദ്ധതയും, ഔദ്ധത്യരഹിതതയും, ആത്മപ്രത്യയവും, ശേമുഷീവ്യാപാരവും ആരെയാണു് ബലാദാകൎഷിക്കാത്തതു്! അത്ഭുതപ്പെടുത്താത്തതു്!!

ബൃഹത്തായ ഒരു കഥയിലെ മഹത്തായ സംഭവത്തിൻെറ സൂത്രധാരത്വം വഹിക്കുന്ന "അംബരചാരി"യെ എത്ര സ്വാഭാവികമായി അവതരിപ്പിക്കുന്നു!—"ക്രീഡാത

ടാക”ത്തിൻെറ കരയിൽ കാമകേളികൊണ്ടു തളൎന്നുറങ്ങുന്ന പൊൻനിറംപൂണ്ട അന്നം. അതിനെ പിടികൂടുന്നതോ? കനത്ത ദുഃഖം ഉളവാക്കുന്ന വിരഹത്താൽ വലയുന്ന “വിദ്യാജലനിധി”യായ നളമഹാരാജാവു്. മരണഭീതിയോടേ വിലപിക്കുന്ന ആ മരാളത്തിൻെറ വാക്കുകൾക്കു് എന്തൊരു ഹൃദയദ്രവീകരണശക്തി!! അതു വേണമല്ലോ! അപരിചിതനായ രാജാവു്; അദ്ദേഹം എങ്ങനെയുള്ളവനാണെന്നറിഞ്ഞില്ല; കൊല്ലാനാണു പിടിച്ചിരിക്കുന്നതെന്നുള്ള അപകടശങ്ക മനസ്സിൽ വേലിയേററം നടത്തുന്നു. എന്തായാലും ജീവനെ രക്ഷിക്കണം. രാജാവു പെട്ടെന്നു വിട്ടയയ്ക്കുന്ന വിധം പഠിച്ചപണിയെല്ലാം നോക്കണം. അതാണു് അടിയന്തിരമായ കത്തവ്യം. ഒററശ്വാസത്തിൽ വളരെയധികം പ്രാരബ്ധം പറയുന്നു. പോരെങ്കിൽ രാജാവിനു് അനുകമ്പ തോന്നുന്നതിനുവേണ്ടി “ജനകൻ മരിച്ചുപോ”യെന്നും “തനയൻ ഞാനൊരുത്തനാ”യി എന്നും, “ജനനിതൻെറ ദശ” മുതൽ “അനതിചിരസൂത”യായ സഹധൎമ്മിണിയുടെ ശോച്യാവസ്ഥവരെ സൂചിപ്പിക്കുന്നു. കുററം ചെയ്യാത്തവരെയല്ല രാജാവു ബന്ധിക്കേണ്ടതെന്നു് ഓൎമ്മിപ്പിക്കുന്നു. അതും പോരാതെവന്നെങ്കിലോ എന്നു സംശയിച്ചു്, കനകമയമായ ചിറകുകൾകണ്ടു് സ്വൎണ്ണം നേടിക്കളയാമെന്നു കരുതി രാജാവു് തന്നെ പിടിച്ചതായിരിക്കാമെന്നുള്ള പരിഹാസോക്തിയും പ്രയോഗിക്കുന്നു. അവസാനം “ഗുണവുമനവധിദോഷമായിതു” എന്നു പറഞ്ഞു പശ്ചാത്തപിക്കുന്നു. പോരേ? എത്ര മനഃശാസ്ത്രപരമായ പെരുമാറ്റം!! രാജാവു് ഒട്ടും താമസിക്കുന്നില്ല, അതിനെ വിട്ടയയ്ക്കാൻ! മാപ്പുചോദിക്കുകകൂടി ചെയ്യുന്നു.

ഹംസം പരമാവധി സംതൃപ്തനായിബ്ഭവിക്കയാണു്. പറഞ്ഞതു് അല്പം അധികപ്പററായിപ്പോയെന്നു തോന്നുന്നു. രാജാവിന്റെ ദയാവായ്പിൽ വിസ്മയവിവശനാകുന്നു. ഒരു പ്രത്യുപകാരം ചെയ്യണമെന്നു വിചാരിക്കുന്നു. തീരുമാനിക്കുന്നു. എന്തൊരു ഉചിതജ്ഞത!—അവിവാഹിതനും, ‘വിശ്വമനോഹരചാരുശരീര’നുമായ ‘നിഷധനരേന്ദ്ര’ന്റെ അല്പേതരമായ ഗുണഗണങ്ങൾ പാഴിലായിപ്പോകാതിരിക്കാൻ പാകത്തിനു് തികച്ചും അനുയോജ്യമായ സഹായം ചെയ്യാം—അത്യന്തം അനുരൂപയായ ഒരു പത്നിയെ,—അതേ, “അനിതരവനിതാസാധാരണങ്ങ”ളായ “ഗുണഗണങ്ങൾ” നിറഞ്ഞ “ഹേമാമോദസമ”യും, “രമാനവമ”യും ആയ ദമയന്തിയെ—അദ്ദേഹത്തിനു കിട്ടാൻ വേണ്ട സഹായമരുളാം. അതാണു് ആ സ്നേഹോദാരമൂർത്തിയുടെ തീരുമാനം എന്നാൽ, സ്വന്തം സൽഗുണസമൂഹത്തിന്റെ പരിമളധോരണി വിശ്വമെങ്ങും വ്യാപിപ്പിച്ച ‘വിസ്മയനീയ’നായ “നൈഷധവീരൻ”, തന്റെ വിവാഹത്തിനു് സാധാരണക്കാരായ ആരെങ്കിലും ദൗത്യംവഹിക്കാൻ സമ്മതിക്കുമോ? ശ്രമം വിഫലമായാൽ തകർന്നുതരിപ്പണമാകുന്നതു് രാജാധിരാജനായ അദ്ദേഹത്തിന്റെ അഭിമാനമല്ലേ? ‘ഇസ്പേഡുരാജാക്ക’ന്മാരെപ്പോലല്ലല്ലോ നളൻ! അഭിമാനനിധിയാണു് ആ നരവരപുംഗവൻ. വികാരപാരവശ്യം തന്റെ അന്തസ്സിനും ഗൗരവത്തിനും യോജിച്ചതല്ലെന്ന വിചാരംകൊണ്ടുമാത്രം—മലർശരപരവശത മറയ്ക്കാൻവേണ്ടിമാത്രം—രാജ്യഭരണകാര്യങ്ങൾ തല്ക്കാലം മന്ത്രിയിൽ നിക്ഷേപിച്ചിട്ടു് “വിജനേ പുഷ്പവനേ” വ്യസനിച്ചുകഴിഞ്ഞുകൂടുകയാണു്. അങ്ങനെയുള്ള നൈഷധചക്രവർത്തി, തന്റെ

പ്രേമമൂതനായി, അസുലഭസൗന്ദര്യധാമവും സർവ്വഗുണസ മ്പന്നയുമായ 'ഭീമനരേന്ദ്രസുത'യുടെ സന്നിധിയിലേയ്ക്കു പോകാൻ ഒരാൾക്കു മൗനാനുവാദമെങ്കിലും കൊടുക്കണമെ ങ്കിൽ, അയാൾ കാര്യംസാധിക്കാൻതക്ക സാമർത്ഥ്യമുള്ള വനും അഭിമാനം സംരക്ഷിക്കാൻതക്ക ഔചിത്യമുള്ളവനു മാണെന്ന് അദ്ദേഹത്തിനു ഖണ്ഡിതമായി വിശ്വാസം വരണം. വാർത്തികളുടെ ധീമാനായ അരയന്നത്തിന് അക്കാ ര്യമൊക്കെ നേരത്തേ അറിയാം. അതുകൊണ്ടാണ് "തദ് ഘടനായ പ്രഗത്ഭത മേ മതിയാം" എന്ന് അസന്ദിഗ്ദ്ധ മായി പ്രസ്താവിക്കുന്നത്. പോരെങ്കിൽ, അപ്സരസ്സുകളേ ക്കാൾ ലാവണ്യമുള്ള അവൾ, തന്നിൽ അനുരക്തനായ ദേവേന്ദ്രനെപ്പോലും അവഗണിച്ച്, നളനെ പ്രേമിക്കുന്ന സാഹചര്യം സൃഷ്ടിക്കാനുള്ള ചുമതല നിരുപാധികം ഏറ്റെടുക്കുകയുംചെയ്യുന്നു. ആ ഭാരം അത്ര ലഘുത്വമു ള്ളതല്ല.

രാജാവിനു് ഒട്ടും സംശയിക്കേണ്ടതില്ല. എല്ലാം മന സ്സിലാക്കി കുണ്ഡിനത്തിൽ ചെന്ന് "വചനകൗശലേന" കാര്യം സത്വരം സാധിച്ച് തന്നെ അനുഗ്രഹിക്കാൻ "സഖി യായിട്ടല്ല നല്ല നിധിയായി"ട്ടാണ് ആ "പ്രിയമാനസ"നെ അയച്ചുകൊടുത്തിട്ടുള്ളതെന്ന് 'നളനരപാലൻ' പറയണ മെങ്കിൽ—"ചതിയല്ല നീയല്ലാതെ ഗതിയില്ലിന്നെനിക്കാ രും" എന്നു ഹൃദയത്തിൻെറ ഭാഷയിൽ ആ ചക്രവർത്തി പ്രസ്താവിക്കണമെങ്കിൽ—ആ 'ഗഗനചാരി'യുടെ കഴിവിലും ആത്മാർത്ഥതയിലും എന്തുമാത്രം അചഞ്ചലമായ വിശ്വാ സമായിരിക്കണം അദ്ദേഹത്തിന് അത്രയും സമയത്തിനു ള്ളിൽ ഉണ്ടായതു്.

പ്രശസ്തനായ ആ "ഖഗപതി"യിൽ കൗശലക്കാരനായ ഒരു ഉത്തമദൂതന്റെ സർവ്വലക്ഷണങ്ങളും തെളിഞ്ഞു വിളങ്ങുന്നു. "നാട്ടുകൾ കണ്ടും, വീട്ടുകൾ കണ്ടും, കൂട്ടുകൾ കണ്ടും, കോട്ടുകൾ കണ്ടും," യഥേഷ്ടം സാവകാശത്തിൽ അങ്ങുമിങ്ങും ഇരുന്നും, താമസിച്ചും, സുഖിച്ചും, "വീട്ടുകളിൽ ചില നായന്മാരുടെ മൂഢതകൊണ്ടൊരുഘോഷം" കണ്ടും, "അച്ചികളോട്ടു കലമ്പിച്ചിലകല മെച്ചിലിലിട്ടു തകക്കിണ"കണ്ടും, പലയിടങ്ങളിലും കണ്ടമാനം കറങ്ങിത്തിരിഞ്ഞു്, അലസതാവിലസിതമായരീതിയിൽ, കുണ്ഡിനത്തിലേയ്ക്കു് യാതൊരു ഉത്തരവാദിത്വവുമില്ലാതെപോകുന്ന നമ്പ്യാരുടെ ഹംസത്തെപ്പോലെയല്ല വാര്യരുടെ 'ഖഗവരൻ.' അതാ, ഒട്ടും അമാന്തിക്കുന്നില്ല. ഉണ്ണായിവാര്യരുടെ ഉത്തമനായ കളഹംസം വിദർഭപുരിയിലെ ഉദ്യാനത്തിൽ ചെന്നുകഴിഞ്ഞു. അവിടെ ശാന്തമായ ഒരു ഭാഗത്തു് മാറിയിരിക്കുകയാണു്. നളന്റെ ഗുണപൗഷ്കല്യങ്ങളെപ്പററി അനസ്യൂതമായി കേട്ടുകേട്ടു് മാരമാൽപൂണ്ടു്, പിന്നീടു്, കാമവേദനമറയ്ക്കാൻ കെല്പില്ലാതെയായിത്തീന്നു്, ഭൈമി, സ്നേഹമയികളായ തോഴികളോടുകൂടി ആ 'പ്രേമവന'ത്തിൽ എത്തുന്നു. അവളുടെ ശ്രദ്ധയെ ഹഠാദാകർഷിക്കാൻ പററിയ അവസരത്തിൽ, സമുചിതമായരീതിയിൽ, "മിന്നൽക്കൊടിയിറങ്ങി മന്നിലേവരികയോ?" അഥവാ, "വിധുമണ്ഡലമിറങ്ങിക്ഷിതിയിലേ പോരികയോ?" എന്നൊക്കെ സന്ദേഹിക്കത്തക്കവിധം 'സ്വർണ്ണമയമാമന്നം' മുന്നിൽച്ചെന്നിറങ്ങുന്നു. "Well begun is half done." ഹംസവരനു് ആ യാഥാത്ഥ്യം അറിയാം. "കാമിനിമാർമണിയേ വശഗ"യാക്കാനുള്ള സകല വിദ്യകളും വശമാണു്.

ഹംസം മനഃശാസ്ത്രവിശാരദനാണ്. തഞ്ചവും തരവും നോക്കി പ്രവർത്തിക്കുന്ന നയജ്ഞനാണ്. പെൺകുട്ടികളുടെ നർമ്മാഭിലാഷങ്ങളും സവിശേഷതകളും സമഗ്രമായിട്ടറിയാം. മുഗ്ദ്ധകളെ "അനുസരിച്ചെങ്കിലേ" അവരിൽ നിന്നും രഹസ്യങ്ങളെല്ലാം അറിയാൻ കഴിയൂ. പ്രണയത്തെക്കുറിച്ചു പറയുന്നതു് മററാരും കേൾക്കുന്നതു് അവക്കു ഇഷ്ടമാകയില്ല. വിശിഷ്യ, പറയുന്നതു പുരുഷന്മാരും, കേൾക്കുന്നതു "കുലകന്യക"മാരുംകൂടിയാണെങ്കിൽ വളരെ രഹസ്യമായി അന്തസ്സററവണ്ണം വേണമല്ലോ പറയാൻ! അതുകൊണ്ടാണ് "ചാരുരൂപ"നായ താൻ "ക്രൂരനേ"ല്ലെന്നു് ഒരു ധാരണ അവളിൽ അങ്കുരിപ്പിച്ചിട്ടു് അവളെ അകലത്തേയ്ക്കു് ആകർഷിക്കാൻ ശ്രമിക്കുന്നതു്. പെട്ടെന്നു് താൻ അകന്നുപോയാൽ ഒരുവേള, 'ഈ പക്ഷിയെ പിടിക്കാൻ സാദ്ധ്യമല്ല' എന്നുകരുതി ആ സുന്ദരീരത്നം പിൻതുടരാതിരുന്നാലോ? എത്ര നയതന്ത്രപരമായരീതിയിലാണു്, "ഇനിയൊരടി നടന്നാൽ കിട്ടുമേ കൈയ്യിലെന്നും—പ്രതിപദമപി തോന്നുംമാറു മന്ദം," നടക്കുന്നതു്. ആ "വിദഗ്ദ്ധനാകിയ നളന്റെ ദൂത"ന്റെ നയം അനുക്രമം ഓരോപടി കടന്നു് വിജയസൗധത്തിൽ എത്തുകയാണു്.

"നിങ്ങൾ ദൂരെ നില്പിൻ എന്നരികിൽ ആരും വേണ്ടാ—" എന്നുപറഞ്ഞു് തോഴിമാരിൽനിന്നുമകന്നകന്നു്, തന്നെ പിൻതുടരുന്ന ഭൈമി, ഏകയായി തന്റെ സമീപത്താണെന്ന പൂർണ്ണബോദ്ധ്യം വരുമ്പോൾ ആ സല്ലാപകോവിദൻ 'സഹാസം' സംസാരിച്ചുതുടങ്ങുന്നു. പൊട്ടന്നനവേ വിവാഹക്കാര്യം തട്ടിമൂളിക്കുന്നതു ഭംഗിയല്ലല്ലോ. സ്ത്രീകളുടെ സൗന്ദര്യത്തെ സ്തുതിക്കുന്നതുപോലെ അവരെ

വശത്താക്കാൻ മറെറാരു മാൎഗ്ഗവുമില്ല. അതുകൊണ്ടായിരിക്കണം വിനയശീതളവും മധുരകോമളവുമായ സല്ക്കാരവചസ്സുകളാൽ അവളുടെ 'മധുരാകൃതി'യെ ആ "അതിരമ്യചാടുവചനൻ" വൎണ്ണിക്കുന്നതു്.

"അംഗനമാർമൗലേ, ബാലേ!" എത്ര ആകൎഷകാർദ്രമായ, കാവ്യാത്മകമായ, സംബോധന!! നിൎദ്ദോഷമായ പരിഹാസഭാവത്തിൽ അവളുടെ അവിവേകത്തെ ചൂണ്ടിക്കാണിച്ചും, യൗവ്വനാരംഭത്തെ അനുസ്മരിപ്പിച്ചും, തൻെറ ആത്മാൎത്ഥതയെ വിളംബരംചെയ്തും, ദമയന്തിയുടെ ശ്രദ്ധയേയും, വിഭാവനയേയും മുഴുവൻ ആകൎഷിക്കുന്നു. ചാടുവാക്കുകൾകൊണ്ടു് അവളെ അനുനയിപ്പിക്കുന്നു. പറയാനുള്ള വിഷയത്തിനു് സമഞ്ജസമായ പശ്ചാത്തലം സൃഷ്ടിക്കുകയും ചെയ്യുന്നു. ഹംസം ഭാവനാവിഭവൻതന്നെ. എന്തു വേഗം അവളുടെ ഹൃദയത്തിൽ ലബ്ധപ്രവേശനാകുന്നു!! ആ "ശീലാവതിമണി"യിൽ സ്വാധീനംചെലുത്തുന്നു! എങ്ങനെ ആ "കാതരമിഴിമാർമൗലിമാലിക"യുടെ പിഞ്ചിളംഹൃദയവുമായി ഇഴുകിച്ചേരുന്നു!—അരയന്നം ചോദിക്കുകയാണു്:—"കുഞ്ഞേ, സുന്ദരിരത്നമേ! നിനക്കെന്താണാഗ്രഹം? എന്നെ പിടിക്കണം; അല്ലേ? പക്ഷേ,

"എങ്ങനെ പിടിക്കുന്നു നി
ഗഗനചാരിയാമെന്നെ?
യൗവ്വനംവന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം
അവിവേകമിതുകണ്ടാലറിവുള്ളവർ
പരിഹസിക്കും, ചിലർ പഴിക്കും
വഴിപിഴയ്ക്കും തവ നിനയ്ക്കുമ്പോൾ..."

പോരേ? അവളിൽ യൗവ്വനചിന്തകൾ, കാമവികാരങ്ങൾ പ്രോജ്ജ്വലിപ്പിച്ചുകഴിഞ്ഞു. അങ്ങനെ പുളകോദ്ഗമകാരിയായ വാക്‌ധോരണിയിൽക്കൂടി ഇച്ഛാനുകൂലനായ ഭർത്താവിൻെറ കാര്യത്തിലേക്കു കടക്കുന്നു. ആ വാക്‌ജാലകൗതുഹലത്തിൽ അവളുടെ അഭിലാഷങ്ങൾക്കു് അല്ലിവിടരുന്നു; അന്തരാത്മാവിനു കുളിർമ്മ ലഭിക്കുന്നു; അനുരാഗത്തിനു മൂർച്ച കൂടുന്നു!!

"ബന്ധനംചെയ്യേണ്ടാ നീ മാം,
ബന്ധുവത്രേ തവ ഞാൻ
സഖിമാരിലധികംവിശ്വസിച്ചീടെന്നെ"—

എന്നു പറഞ്ഞു് ആ ക്ഷേമകാംക്ഷി, ലജ്ജകൊണ്ടു കസവു പിടിപ്പിച്ച ഹൃദയത്തിൻെറ ഉള്ളറകളിൽ ഒളിച്ചുവച്ചിരിക്കുന്നതെല്ലാം നിതരാം സ്പഷ്ടമാക്കാൻ ശക്തമായ ചാടുവചനങ്ങൾ ചൊരിയുന്നു.

സംഭാഷണവേളയിൽ, നളനെ അവതരിപ്പിക്കുന്ന കാര്യത്തിൽ, അരയന്നം പ്രദർശിപ്പിക്കുന്ന നർമ്മബോധവും, ധിഷണാവൈഭവവും അത്യന്തം കീർത്തനാർഹമാണു്. സർവ്വസൽഗുണസമ്പൂർണ്ണനും, സൗന്ദര്യാസ്വാദകനും, കലാരസികനും, മഹത്വമുള്ളവനും, ലോകോത്തരസുന്ദരനുമൊക്കെയാണു് നളനെന്നു് പറയാതെ പറയുന്നു. അദ്ദേഹത്തിൻെറ വിശ്വവശീകരമായ മഹിതസൗന്ദര്യത്തെ ഭങ്ഗിയായി ധ്വനിപ്പിക്കുന്നു. നോക്കുക:—

"നളനഗരേ വാഴുന്നു ഞാൻ നളിനജന്മവചസാ
നളിനമിഴിമാർക്കെല്ലാം നടപഠിപ്പാൻ.
മദലുളിതം, മൃദുലളിതം,
ഗുണമിളിതം, ഇതു കളിയല്ലേ"—

എന്തൊരു ഐന്ദ്രജാലികപ്രയോഗം! വെറും മേനിപറച്ചിലല്ല. നിർദ്ദോഷമായ ഒരു പച്ചക്കള്ളം. ഹംസത്തിൻെറ ആ അതിശയോക്തിയെ എത്ര അഭിനന്ദിച്ചാലും മതിയാകയില്ല. ഉല്ലണ്ഠാഭരിതയായ 'ദമസോദരി'യുടെ മാനസികാന്തരിക്ഷത്തിൽ യുവകോമളനും, 'കരുണാമലജലവരുണാവാസനും' ആയ നളനരപാലനെസ്സംബന്ധിച്ച ആവേശകരമായ അനുരാഗത്തിൻെറ പരാഗവിതരണം നടത്താൻ ഇതിലധികം വിജയകരമായ മാർഗ്ഗം മററില്ലതന്നെ.

ഭൈമി ഓടുന്നില്ല. ഉന്മേഷവും ഉത്തേജനവും നേടുന്നു!! "ഖഗസാർവ്വഭൗമ"ൻെറ അഭിനന്ദനവും പ്രോത്സാഹനവുംകൊണ്ട് അല്പം ധൈര്യം അവലംബിച്ച്, കാര്യസിദ്ധിയിലുള്ള ഉല്ലണ്ഠാതിശയത്തെ വെളിപ്പെടുത്തി, ഹൃദയം തുറന്നുകാട്ടുന്നു. അവളുടെ അധരങ്ങളിൽ കവിത വിടരുന്നു. 'ഭീമനൃപതിതനയ', മനോരഥം മുഴുവൻ തുറന്നു പറയുന്നു. അല്ലാതെന്തുചെയ്യും? അഭ്യുദയകാംക്ഷിയും, ആത്മസുഹൃത്തുമായിരിക്കുന്ന, ആ 'ഗുരുകൃപാകുലാശയൻ' ദീനയായ അവളുടെ അദമ്യമായ ആഗ്രഹം സാധിക്കാൻ സർവ്വാത്മനാ തുണയായി നില്ക്കുമ്പോഴ്!, കർണ്ണപുടങ്ങളെ "പുണ്യലേശ"മുള്ളവയാക്കിച്ചെയ്യുന്ന "അഴൽമോചക"മായ വാഗ്വിലാസനിർത്ധരിയിൽ മുങ്ങിക്കുളിച്ചു നിർവൃതിക്കൊള്ളുമ്പോൾ! ഉല്ലടവും ഉഝ്മളവുമായ പ്രേമാവേശം പരമോച്ചാവസ്ഥയെ പ്രാപിക്കുമ്പോഴ്!!

ഹംസം അടുക്കുന്നതു കാണുക—"പ്രീതിപൂണ്ടരുളുകയേ, ചിന്തിതമെല്ലാം." സാവകാശത്തിൽ ആ ഹൃദയരഹസ്യങ്ങളുടെയെല്ലാം നിർത്ധരീമുഖം തുറക്കുകയാണു്

ഹംസവരൻ. "ഏണമിഴി, പറവാൻ മടിക്കരുതേ!" എന്നപേക്ഷിക്കുന്നു. "മാനഹാനി തവ വരുത്തുവനോ?" എന്നു് അവളുടെ ഭയാശങ്കകളെ നിർമ്മാർജ്ജനംചെയ്യുന്നു; അന്തഃകരണഭീരുതയെ ദൂരീകരിക്കുന്നു. കാൎയ്യം സാധിച്ചു കൊള്ളാമെന്നു സത്യംചെയ്തു വിശ്വസിപ്പിക്കുന്നു. ഒരൊററ വാക്കും നിരുദ്ദേശകമല്ല. ഇത്രയുമൊക്കെയായാൽ ഏതൊരു കുലകന്യകയും "ഹൃദി ഗ്രഹനീയവസ്തു" പറഞ്ഞുപോകുമല്ലോ.

അരയന്നം അറിയേണ്ടതൊക്കെ അറിഞ്ഞുകഴിഞ്ഞു. അവൾക്കു് "ഏതൊരു പുരുഷനിലുള്ളിൽ കൗതുകം?" എന്നു് സുവ്യക്തമായി ഗ്രഹിച്ചു. കൂടാതെ, പിന്നെയും പിന്നെയും ജനങ്ങളാൽ വാഴ്ത്തപ്പെടുന്ന നളചക്രവൎത്തിയുടെ സൽകീൎത്തികളൊക്കെ കേട്ടു്, അദ്ദേഹത്തിൻെറ ചാരുകളേബരത്തെ ഓൎത്തു്, ക്രുദ്ധമൂൎത്ത കാമബാണങ്ങളേററു്, ഉടൽ മെലിഞ്ഞു്, സൎവ്വദാ നെടുവീൎപ്പിട്ടു് അവൾ വലയുകയാണെന്നു് അവളിൽനിന്നും കേട്ടു. ഒട്ടുംവൈകാതെചെന്നു് നളനൃപനോടു് എല്ലാ കാൎയ്യങ്ങളും "പ്രതിപാലിതാവസരം" പറയണമെന്നുള്ള ദമയന്തിയുടെ വിനയമസൃണമായ അപേക്ഷയും!!—അങ്ങനെ, പോയകാൎയ്യം സാധിച്ചു. പക്ഷേ അരയന്നം എന്നിട്ടും തൃപ്തിപ്പെട്ടന്നില്ല. ഒരു സാധാരണദൂതൻ ഇതുകൊണ്ടൊക്കെ തൃപ്തിപ്പെട്ടേക്കാം എന്നാൽ "പത്തിനഞ്ചറിഞ്ഞു" എന്നേ നമ്മുടെ ഹംസം കരുതുന്നുള്ളു. നൂററിരുപത്തഞ്ചുശതമാനവും അറിയണമെന്നാണു് ആ പ്രഗത്ഭൻെറ അതിദൃഢമായ ആഗ്രഹം. വിവാഹക്കാൎയ്യത്തിൽ, ആലോചനക്കാരൻെറ നില, താമരനൂലിൽ തൂങ്ങുന്നതാണെന്നു് ആ പരിണതപ്രജ്ഞൻ ധരി

ച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകൾ ചപലകളാണെന്നും. നളൻെറ അഭിമാനത്തെ സ്ത്രീസഹജമായ ചാപല്യത്തിനു ബലിയേകാൻ അയാൾ തയാറില്ല. അതുകൊണ്ട്, ദമയന്തിക്കു നളനോടു തോന്നിയിട്ടുണ്ടെന്നു പറയുന്ന പ്രേമം വെറും താല്ക്കാലികഭ്രമംകൊണ്ടോ, യുവതീസഹജമായ ചാപല്യംകൊണ്ടോ ഉണ്ടായതാണോ അല്ലയോ എന്നറിയണം. അവളുടെ അന്തരംഗത്തിൽ ആഴത്തിൽ വേരൂന്നിയതാണെങ്കിൽ അക്കാര്യം ആവത്തിച്ചാവത്തിച്ചു പറയിപ്പിക്കണം. അവളെക്കൊണ്ട് വീണ്ടുംവീണ്ടും പ്രതിജ്ഞ ചെയ്യിക്കണം. അതിനായി പിന്നീടുള്ള ശ്രമം!

പ്രശ്നം അത്ര ലഘുവല്ലല്ലോ! നായികാനായകന്മാരുടെ അന്തഃകരണവിവാഹം നടന്നാലും, പ്രതിബന്ധങ്ങൾ അണിനിരക്കാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് ദമയന്തിക്ക് കാര്യത്തിൻെറ എല്ലാവശങ്ങളെക്കുറിച്ചും, ഭവിഷ്യത്തുകളെക്കുറിച്ചും ആലോചിക്കാനുള്ള അവസരം കൊടുക്കണം. അവളുടെ അനുരാഗത്തിന് എത്രമാത്രം ഉറപ്പുണ്ടെന്ന് പേർത്തും പേർത്തും പരീക്ഷിച്ചുനോക്കണം. അതിനായിട്ടാണ്, "അന്യനിലയി തേ വരുമോ സന്തോഷം?" എന്നൊരു ചോദ്യം എറിഞ്ഞുകൊടുക്കുകയും, അങ്ങനെ വന്നാൽ, "മന്നവനുണ്ടാമെന്നിൽ ബഹുരോഷം", എന്നു പ്രസ്താവിക്കുകയും ചെയ്യുന്നതു്. ഒരുപക്ഷേ, അച്ഛൻെറ അഭിപ്രായം ഇപ്പോൾ അറിവില്ലല്ലോ; പിന്നീട്, പലതും സംഭവിച്ചെന്നുവരാമല്ലോ.

"താതനൊരുവരനു കൊടുക്കും നിന്നെ
പ്രീതി നിനക്കുമുണ്ടാമവനിൽത്തന്നെ

വിഫലമിന്നുപറയുന്നതെല്ലാം
ചപലനെന്നു പുനരെന്നെച്ചൊല്ലാം
ഇതഥമനർത്ഥമുദിതപരമാം—"

എന്നു ഗുരുതരമായ ആ പ്രശ്നത്തിൻെറ എല്ലാ വശങ്ങളെയും കാണിച്ചുകൊടുത്തിട്ടു്,

"അതിനുത്തരമോതുക സതപരമിപ്പോൾ"

എന്നാവശ്യപ്പെട്ടുകക്രുടിയാണു്. വാഴ്ത്തുടെ 'മരാളം' വെറും മിഴക്കുകൊണ്ടു പോകുന്നവനല്ല. എന്തും മുഖവിലയ്ക്കു് അംഗീകരിക്കുന്നവനുമല്ല.

ദമയന്തിക്കു പറയാനുള്ള മറുപടിയാകട്ടെ, ഒരു രാജകുമാരിക്കു തികച്ചും യോജിച്ചതുതന്നെ—

"എന്നുടെഹൃദയമന്യനിലാമോ?
അർണ്ണവം തന്നിലല്ലോ നിമ്നഗ ചേർന്നു ഞായം
അന്യഥാവരുത്തുവാൻ കുന്നു മുതിർന്നിടുമോ?"

അതാണു് അവളുടെ അടിയുറച്ച വിശ്വാസം!!

ഇങ്ങനെ, "വാചാപി പറയിച്ചൊന്നിളക്കിവച്ചുറപ്പി" ച്ചതിനുശേഷം മാത്രമാണു്—അവളുടെ തീരുമാനം അവിചലവും അവികലവുമാണെന്നു് അവളെക്കൊണ്ടുതന്നെ പറയിപ്പിച്ചതിനുശേഷമാണു് ആ സ്നേഹസമ്പന്നൻ പിരിയുന്നതു്! വാസ്തവത്തിൽ അദ്ദേഹം നളൻെറ "കാര്യക്കാരനോ, സഖിയോ, ദൂതനോ" എന്നു വ്യക്തമായി പറയുക സാദ്ധ്യമല്ല.

പിന്നീട്, താമസമുണ്ടായില്ല, വിവരമൊക്കെ നളനെ കണ്ടുപറഞ്ഞു് അദ്ദേഹത്തെ ആശ്വസിപ്പിക്കാൻ. ഇത്രയുമൊക്കെയായിട്ടും ഉദ്വേഗഭരിതനായ നളനോടു പറയുന്നതു്, "ഭവദഭിലഷിതമെന്നാൽ സാധിതപ്രായം" (മിക്കവാറും സാധിക്കപ്പെട്ടതു്) എന്നു മാത്രമാണു്. "ചിന്തിക്കുമ്പോൾ വരുവനിനി നിന്നന്തികേ നിർണ്ണയം ഞാ,"നെന്നു് ഖഗപതി യാത്രപറഞ്ഞു് "അംബരേ പോയ്മറഞ്ഞു !!"

മൂലകഥയിൽ, മനുഃപൂർവ്വം നളദമയന്തിമാരുടെ വിവാഹാലോചനയ്ക്കുമാത്രമായിട്ടാണു് ഹംസം പ്രവേശിക്കുന്നതു്. അയാളുടെ നിത്യത്തൊഴിൽ വിവാഹാലോചനയാണെന്നേ തോന്നൂ. ഒരു സാധാരണ വിവാഹാലോചനത്തൊഴിലാളി അഥവാ ദല്ലാൾ എന്നതിനേക്കാൾ എത്രയോ വിഭിന്നവും, വിശിഷ്ടവുമായ മണ്ഡലത്തിലാണു്, രാജോചിതമായ പദവിയിലാണു്, ഉണ്ണായിയുടെ "കുഞ്ജഭവനനുടെ വാഹനമായ ഖഗസാർവ്വഭൗമൻ" വിരാജിക്കുന്നതു്!!

കഥകളിയിൽ, "ചിന്തിക്കുമ്പോൾ വരുവനിനി——" എന്നു പറഞ്ഞു തിരോധാനംചെയ്യുന്ന അരയന്നരാജാവു് പിന്നെയും നളനെ സന്ദർശിക്കുന്നുണ്ടു്. പുഷ്കരനെ "കൊല്ലാഞ്ഞാലോ കൊല്കിലോ നല്ലതെന്ന-ങ്ങുല്ലാസത്തോടോർത്തു" നിൽക്കുന്ന നളന്റെമുന്നിൽ, "വധിയായ്ക പുഷ്കരനെ" എന്ന ബ്രഹ്മസന്ദേശവുമായിട്ടാണു് ഹംസരാജന്റെ അപ്പോഴത്തെ ആഗമനം. ചിരകാലത്തെ വേർപാടിലെ വേദനകളുടെയും, യാതനകളുടെയും ഊഷ്മളതയിൽ ഉരുകി ഉരുകി പവിത്രതമമായിത്തീർന്ന പ്രേമബന്ധത്തോടുകൂടി

യുള്ള നായികാനായകന്മാരുടെ പുനസ്സമാഗമവേളയിൽ അവരുടെ ചേച്ച്യയ്ക്കു കാരണക്കാരനായ ധന്യചരിതൻ വന്നെത്തുന്നതു് അനുഗ്രഹപ്രദമാണു്; ആഹ്ലാദത്തികവു മാണു്. എന്നാൽ വരവു് പുഷ്കരനെ നളൻ വധിക്കരു തെന്നുള്ള ബ്രഹ്മസന്ദേശവുമായി വേണ്ടിയിരുന്നില്ല; അതു നിമിത്തം നിഷധേന്ദ്രനെ ഒരധമ്മത്തിൽനിന്നു പിൻതിരി പ്പിക്കുന്നതിൻെറപേരിൽ ഹംസത്തിൻെറയും, അതിലുപരി ബ്രഹ്മാവിൻെറയും വ്യക്തിത്വത്തിനു വെളിച്ചം കൂട്ടുമെ ങ്കിലും, "പരമപാവനകീത്തിഭൂമാ"വും, "നീതിശാലി"യു മായ നളൻെറ ധമ്മനിഷ്ഠയ്ക്കു് തെളിച്ചം കുറഞ്ഞുപോ കുന്നു. ഉത്തുംഗപ്രതിഭനായ ഉണ്ണായിവായ്യരുടെ ഔചിത്യ ത്തിൻെറ ദീപ്തി അല്പം മങ്ങിപ്പോകുന്ന രണ്ടു സന്ദർഭങ്ങളിൽ ഒന്നാണു് ഇതു്.

മററതു്, സ്വയംവരമണ്ഡപത്തിൽവച്ചു് സാക്ഷാൽ സരസ്വതീദേവിതന്നെയായ സഖി ദമയന്തിക്കു് നളനെയും നളരൂപധാരികളായ ഇന്ദ്രാഗ്നിയമവരുണന്മാരെയും പരിച യപ്പെടുത്തുന്ന സന്ദർഭം. "ഭീഷിതവൈരിസാരൻ നൈഷ ധനല്ലോ സോയം—ഇന്ദ്രാഗ്നിയമൻപാശി എന്നു നാലരി താ നളൻതന്നരികിൽ മരുവുന്നു!"—ഇവിടെ "അയം സഃ നൈഷധനല്ലോ"—(ഇവൻ ആ പ്രസിദ്ധനായ—ഭീഷിത വൈരിസാരനായ—നളനാണു്) എന്നു് നളനെ സര സ്വതി ചൂണ്ടിക്കാണിച്ചെങ്കിൽപ്പിന്നെ, ദമയന്തിക്കു നളനെ തിരിച്ചറിയാൻ സാധിക്കാത്ത ധമ്മസങ്കടമുണ്ടാകാൻ ഇട യില്ലല്ലോ. അതുകൊണ്ടു് അതു യുക്തിസഹമല്ല. ഇതാ, ഇവരഞ്ചുപേരും, നളനും നളരൂപധാരികളായ ദേവന്മാരു മാണു് എന്ന രീതിയിലല്ലാതെ, "ഇവൻ നളനാണു്"

എന്നു് നളനെ ചൂണ്ടിക്കാണിച്ചു പരിചയപ്പെടുത്തിയതായിപ്പറയുന്നതു് അവിടെ അസംഗതമാണല്ലോ. ഇതിഹാസകർത്താവായ വ്യാസനാകട്ടെ "ഭൈമികണ്ടാൾ തുല്യരൂപ-ന്മാരായിട്ടഞ്ചുപേർകളെ" എന്നിപ്രകാരം പൂർവാപരവൈരുദ്ധ്യം തോന്നാനിടയില്ലാത്ത—രാജകന്യകയുടെ ധർമ്മസങ്കടത്തിനു സാംഗത്യമുള്ള—വിധമാണു് ആ കഥാഭാഗം പ്രതിപാദിച്ചിട്ടുള്ളതു്! പക്ഷേ ഹംസവരനെ ബ്രഹ്മസന്ദേശവുമായി പ്രവേശിപ്പിക്കുന്ന സന്ദർഭത്തിലും, നളനെ തോഴി ദമയന്തിക്കു പരിചയപ്പെടുത്തിക്കൊടുക്കുന്ന സന്ദർഭത്തിലും, മററു ചുരുക്കംചില അവസരങ്ങളിലെന്നപോലെ ഉണ്ണായിവാര്യർ ഇതിഹാസത്തെ ഉല്ലംഘിച്ചിരിക്കയാണു്.

ഏതായാലും, ഒരു അരയന്നത്തെ അനശ്വരനായ അനുരാഗദൂതനാക്കി ഉയർത്താൻ ആ ഐന്ദ്രജാലികനു സാധിച്ചു. മഴമംഗലത്തിൻെറ ചമ്പുവിലെയും, നമ്പ്യാരുടെ കിളിപ്പാട്ടിലെയും, തുള്ളലിലെയും പ്രണയദൂതന്മാർ ഏറ്റെടുത്ത കൃത്യം നിർവ്വഹിക്കാൻ മതിയാകാത്തവരും, നായകൻെറ പ്രാകൃതമായ കാമചാപല്യങ്ങൾ വർണ്ണിച്ചു കേൾപ്പിക്കുന്നവരും, തെല്ലും ഔചിത്യവും ആഭിജാത്യവും വ്യക്തിത്വമഹത്ത്വവുമില്ലാത്തവരും, ചിലപ്പോഴൊക്കെ മര്യാദയുടെ മുഖത്തു മുറുക്കിത്തുപ്പാൻ മടിക്കാത്തവരുമാണു്. അവർക്കു് "ആമേൻ" ചൊല്ലുന്നവരാണു് അവരുടെ ദമയന്തിമാരും. അങ്ങനെയൊരു സമാധാനം ഇല്ലാശ്ശയില്ല. ഭൈമിയുടെ ഹൃദയത്തെ നളനിലേയ്ക്കു ആകർഷിക്കാനായി ചെന്നിട്ടു്, രാജകന്യകയും സൽസ്വഭാവിനികളിൽവച്ചു ശ്രേഷ്ഠയുമായ അവളോടു് "ഞങ്ങൾ മഹാമേരുപർവ്വത

ത്തിൽനിന്നും, ഇറങ്ങിച്ചെന്നു് വിണ്ണാററിൻനീർത്തുള്ളികൾ ചിന്നിയ ചാമരോപമങ്ങളായ ചിറകുകളെക്കൊണ്ടു് നളമഹാരാജാവിനു കാമകേളികാലത്തു് വീശിക്കൊടുക്കുക പതിവുണ്ടു”ന്നും മററും, അവിവാഹിതനും ആദർശശാലിയുമായ നളനരവരപുംഗവനെപ്പററി (അവൾക്കു വല്ല താല്പര്യവും അദ്ദേഹത്തിൽ ഉണ്ടായിരുന്നെങ്കിൽ അതുക്രൂടിനഷ്ടപ്പെടത്തക്കരീതിയിൽ) അന്തസ്സില്ലാതെ ഒരുതരം അനാഥവാക്യങ്ങൾ പുലമ്പുന്ന ശ്രീഹർഷന്റെ ഹംസം വെറും വായാടിയും, ഔചിത്യവും അന്തസ്സും തൊട്ടുതീണ്ടിയിട്ടില്ലാത്തവനുമാണു്.

അമേയമായ ചൈതന്യവിശേഷത്താൽ ആ അരയന്നത്തെ അനശ്വരനായ പ്രേമദൂതനാക്കി, ഉന്നതസ്വഭാവനാക്കി, ഉയർത്താൻ, ഉദഗ്രചിന്തകനായ ഉണ്ണായിവാര്യർക്കു് സാധിച്ചതുപോലെ മററാർക്കും കഴിഞ്ഞിട്ടില്ല. സഹൃദയരുടെ മാനസസരസ്സുകളിൽ ആ ‘കളഹംസം’ എന്നും സാഹ്ലാദം ക്രീഡിക്കുകതന്നെ ചെയ്യും!!

# II

# പ്രസംഗകല

പ്രസംഗകൎക്ക് ഒരു നാട്ടിലും യാതൊരു ക്ഷാമവുമില്ലാത്ത കാലഘട്ടമാണിതു്. രാഷ്ട്രീയസമ്മേളനങ്ങളിൽ മുതൽ സാഹിത്യസമ്മേളനങ്ങളിലും മതസമ്മേളനങ്ങളിലും വരെ ഒരുപോലെ നിസ്സങ്കോചം സംസാരിക്കുന്ന പ്രസംഗകർ നമ്മുടെ നാട്ടിൽ ധാരാളമാണല്ലോ. എല്ലാവരും വളരെ പ്രസംഗങ്ങൾ കേട്ടിട്ടുള്ളവരും കേൾക്കുന്നവരുമാണു താനും. പ്രസംഗംകൊണ്ടു മററുള്ളവരെ ആഹ്ലാദിപ്പിക്കുകയും, ചിന്തിപ്പിക്കുകയും, ആവേശംകൊള്ളിക്കുകയും, പരിവൎത്തിപ്പിക്കുകയും ചെയ്യുന്നവരും ശ്രോതാക്കളെ ക്ഷുദ്രമായ സംസാരംകൊണ്ടു് ചെടിപ്പിക്കുകയും, മുഷിപ്പിക്കുകയും ചെയ്യുന്നവരുമുണ്ടു്. ഒരു പരമാൎത്ഥം വളരെ വ്യക്തമാണു്. പ്രസംഗത്തിൻെറ കലാപരമായ വശത്തെക്കുറിച്ചും, പ്രസംഗകൻെറ ജയാപജയങ്ങളെക്കുറിച്ചും, അവയുടെ കാരണങ്ങളെക്കുറിച്ചും, ചിന്തിക്കുന്നവർ വളരെ ചുരുങ്ങും. ചിലരുടെ പ്രസംഗം നമ്മെ അങ്ങേയററം രസിപ്പിക്കുന്നു. ചിലരു

ടേതു് മൂഷിപ്പിക്കുന്നു. അവിടംവരെ ആരും മനസ്സിലാക്കു കയും, സമ്മതിക്കുകയും, പറയുകയും ചെയ്യും. അതിന്റെ കാരണങ്ങൾ പൂർണ്ണമായി കണ്ടുപിടിക്കാൻ അധികമാരും തല വേദനിപ്പിക്കാറില്ല. നല്ല പ്രസംഗത്തെസംബന്ധിച്ചി ടത്തോളം അതിന്റെ ഏതെല്ലാം പ്രത്യേകതകളാണു് ഹൃദ്യതയ്ക്കു കാരണമായിത്തീരുന്നതെന്നും ആലോചിക്കാ റില്ല.

## വാഗ്മിത്വത്തിന്റെ വൈശിഷ്ട്യം

പ്രസംഗത്തിന്റെ കാലം കഴിഞ്ഞുപോയെന്നും, ഇതു പ്രവർത്തനങ്ങളുടെമാത്രം കാലമാണെന്നും ഉച്ചൈസ്തരം ഉൽഘോഷിച്ചുകൊണ്ടു് രണ്ടും മൂന്നും മണിക്കൂർ പ്രസംഗി ക്കുന്ന ഒരുതരം 'മനുഷ്യമാലാഖ'മാരെയും നാം കാണാറു ണ്ടല്ലോ! പ്രസംഗത്തിന്റെ കാലം കഴിഞ്ഞിട്ടില്ല. എന്നും ജനതയിൽ പ്രസംഗത്തിനു ചെങ്കോൽ ചെലുത്താൻ കഴിയും. മറെറാന്നിനും അത്രയ്ക്കു സ്വാധീനതയില്ല. കാലംചെല്ലുന്തോറും അതിനുള്ള പ്രാധാന്യം കൂടിക്കൂടി വരികയും ചെയ്യുന്നു. ജനസ്വാധീനം നേടുകയും, ജനതയെ നയിക്കുകയും, നേതൃത്വം നൽകുകയും, വിപ്ലവം സൃഷ്ടിക്കു കയും ചെയ്തിട്ടുള്ള വ്യക്തികളെല്ലാം അനുഗൃഹീതവാഗ്മിക ളായിരുന്നു എന്നു് ലോകചരിത്രത്തിന്റെ ഏടുകൾ തെളി യിക്കുന്നു. ലോകഭരണം നടത്തിയിട്ടുള്ള—നടത്തുന്ന— പ്രതിഭാസമ്പന്നന്മാരായ മഹാന്മാരുടെ പ്രഭാവത്തിനു കാരണം, മറെറന്തിലും കവിഞ്ഞു്, ഹൃദയവശീകരണനിപു ണമായ വാക്കിന്റെ മഹിമയാണു്. സമുന്നതന്മാരായ ചിന്തകന്മാരോ, കലാകാരന്മാരോ, വേദാന്തികളോ, രാഷ്ട്രീയ

പ്രവത്തകരോ ആരായിരുന്നാലും പ്രത്യക്ഷമായ സ്വാധീനം വേഗത്തിൽ ചെലുത്തി ആകഷിച്ച് നേതൃത്വംകൊടുത്ത്, ഉദ്ദേശിക്കുന്ന മാർഗ്ഗത്തിൽക്കൂടി ജനസഞ്ചയത്തെ നയിക്കണമെങ്കിൽ പ്രസംഗം കൂടിയേതീരൂ. ഒരു പ്രസംഗകനെപ്പോലെ ജനങ്ങളെ പെട്ടെന്നാകഷിക്കാനും, നയിക്കാനും, നിയന്ത്രിക്കാനും, ആവേശിപ്പിക്കാനും മററാക്കും സാദ്ധ്യമല്ല. ഒരു കവിയെക്കാളും, മതപ്രവാചകനെക്കാളും, ജനസമൂഹത്തിന്റെ സത്വരശ്രദ്ധയെ ആകഷിക്കുന്നതു് ഉത്തുംഗപ്രതിഭനായ പ്രസംഗകനാണു്. അല്പംപോലും വിദ്യാഭ്യാസവും, പാണ്ഡിത്യവും, ലോകപരിചയവുമില്ലാത്ത ആളുകളുടെ ഇടയിലേയ്ക്കു് നോക്കുക. ചിലർ മററുള്ളവരിൽ സ്വാധീനമുള്ളവരായിത്തീരുന്നതു കാണാം. ചിലരുടെ സംഭാഷണം ആരെയും ആകഷിക്കും. ആരുടെയും ഹൃദയത്തിൽ രൂഢമൂലമായിപ്പതിയും. അവരുടെ വാക്കു കേൾക്കാൻ ചുററുമുള്ളവർ ചെവിക്കൂർമ്പിച്ച് ഇരുന്നുകൊടുക്കും. ആ വാക്കുകളെ നിരാകരിക്കാനോ, അവിശ്വസിക്കാനോ, കേൾക്കുന്നവക്കു സാദ്ധ്യമല്ലാതെ വരും. കാരണം അവരുടെ പ്രസംഗപാടവമാണു്. ഓരോ വാക്കിനും മാധുൎയ്യവും ശക്തിയും ഉണ്ടായിരിക്കും.

ഒരാൾ എത്ര വിരൂപനായാലും സരസകോമളമായ വചോവിലാസമുണ്ടെങ്കിൽ എല്ലാവരും അയാളുടെ വൈരൂപ്യത്തെ വിസ്മരിക്കുകയും, അയാളെ ഇഷ്ടപ്പെടുകയും ചെയ്യുന്നു. എത്രമാത്രം സുന്ദരനായാലും വാക്കു നല്ലതല്ലെങ്കിൽ അയാൾ മററുള്ളവരുടെ മുന്നിൽ ശപിക്കപ്പെട്ടവനായിപ്പോകുന്നു.

"കേയൂരാണി ന ഭൂഷയന്തി പുരുഷം,
ഹാരാ ന ചന്ദ്രോജ്ജ്വലാ,
ന സ്നാനം, ന വിലേപനം, ന കുസുമം,
നാലംകൃതാ മൂർദ്ധജാ,
വാണ്യേകാ സമലങ്കരോതി പുരുഷം
യാ സംസ്കൃതാ ധാര്യതേ
ക്ഷീയന്തേ ഖലു ഭൂഷണാനി സതതം
വാഗ്ഭൂഷണം ഭൂഷണം."

(തോൾവള ധരിക്കുന്നതുകൊണ്ടോ, ചന്ദ്രനെപ്പോലെ പ്രശോഭിക്കുന്ന മുത്തുമാലയണിയുന്നതുകൊണ്ടോ, സ്നാനം കൊണ്ടോ, നല്ല കുറിക്കൂട്ടുകൾ അണിയുന്നതുകൊണ്ടോ, തലമുടിയിൽ പുഷ്പം ധരിക്കുന്നതുകൊണ്ടോ, പുരുഷൻ അലംകൃതനാകുന്നില്ല. പിന്നെയോ? പരിശുദ്ധമായി സംസ്കരിക്കപ്പെട്ട വാക്കു ധരിച്ചിരിക്കുന്ന പുരുഷൻ യാതൊരുവനാണോ അവൻമാത്രമാണ് അലംകൃതൻ. എന്തുകൊണ്ടെന്നാൽ മററു സകലഭൂഷണങ്ങളും തേഞ്ഞുപോകുന്നതാണ്. അതിനാൽ വാഗ്ഭൂഷണംതന്നെയാണ് ഭൂഷണമായിട്ടുള്ളതു്.) ലോകത്തിൽ അസാധാരണമായ സ്വാധീനത നേടിയവരെല്ലാംതന്നെ നല്ല പ്രസംഗകർക്കൂടിയാണ്.

## പ്രഭാഷണവും പ്രചോദനവും

പ്രസംഗംപോലെ സുകുമാരകലകളിൽ പലതും സമഞ്ജസമായി സമ്മേളിച്ചിട്ടുള്ള മറെറാരു കലയില്ല. സാഹിത്യവും, സംഗീതവും, നൃത്തവും, നാട്യവുമെല്ലാം പ്രസംഗവുമായി നേദിഷ്ഠബന്ധം പുലർത്തുന്നു. ഉത്തമനായ പ്രസം

ഗകൻെറ വാക്കുകളെല്ലാം സാഹിത്യഭങ്ഗിയും, സംഗീതാത്മകതചവും നിറഞ്ഞവയായിരിക്കും അയാൾ അഭിനയപാടവമുള്ളവനായിരിക്കും. പ്രസംഗിക്കുമ്പോഴുള്ള ഭാവഹാവവൈവിദ്ധ്യങ്ങളിൽ നൃത്തത്തിൻെറ അംശങ്ങൾക്കൂടി വാസ്തവത്തിൽ കലന്നിരിക്കും.

അനുഗൃഹീതരായ വാഗ്മികൾതന്നെയായിരിക്കട്ടെ, അവരുടെ എല്ലാ ദിവസത്തെയും പ്രസംഗം ഒരുപോലെ സുന്ദരമായിരിക്കയില്ല. ചില ദിവസം പരിപൂൎണ്ണവിജയം നേടും. ചിലപ്പോൾ മനഃപൂൎവ്വം ശ്രദ്ധിച്ചാലും പരാജയപ്പെട്ടെന്നുവരാം. അപജയത്തിനു കാരണം പാണ്ഡിത്യക്കുറവോ കഴിവുകുറവോ അല്ല. പ്രചോദനത്തിൻെറ കുറവാണു്. ആശയങ്ങളും വാചകങ്ങളും ഹൃദിസ്ഥമാക്കി 'പ്ലേററു'വയ്ക്കുന്നതുപോലെമാത്രം ഉച്ചരിക്കുന്ന ചില കഥാപ്രസംഗകർപോലും, എല്ലായിടത്തും ഉരുവിടുന്ന വാചകങ്ങളും ആലപിക്കുന്ന ഗാനങ്ങളും ചൊല്ലുന്ന കവിതകളും ഒന്നുതന്നെയായിരുന്നിട്ടും ഒരുപോലെ അവ ഫലിക്കാറില്ല. അതിനുപോലും പ്രചോദനം അത്യന്താപേക്ഷിതമാണു്. സംഗീതവിദ്വാനായ ഒരു ഗായകനു് പ്രചോദനമില്ലെങ്കിൽ ഹൃദയംഗമമായി ഗാനങ്ങൾ ആലപിക്കാൻ സാദ്ധ്യമല്ല. ഒരു പ്രസംഗകൻ, സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരേ അവസരത്തിൽ എത്രയധികം കാൎയ്യങ്ങളിലാണു് ശ്രദ്ധ പതിപ്പിക്കേണ്ടതു്! പറയുന്ന വിഷയത്തിൻെറ വിവിധ വശങ്ങളെപ്പററി അവഗാഢമായി ചിന്തിക്കണം. ആശയങ്ങൾ ഉചിതമായി അടുക്കിനു വിന്യസിക്കണം. അത്യാകൎഷകമായി ആവിഷ്കരിക്കണം. സമുചിതപദങ്ങൾ കണ്ടുപിടിക്കണം. ഔചിത്യപൂൎവ്വം പ്രയോഗിക്കണം. ഓരോ

പദങ്ങളുടെയും ഉച്ചാരണത്തിൽപ്പോലും ശ്രദ്ധിക്കണം. വാചകങ്ങൾ കലാപരമായി വാർത്തെടുക്കണം. അവയ്ക്കു് വൈവിദ്ധ്യം വരുത്തണം. വാചകങ്ങളിൽ ഗാനാത്മകത്വവും, വികാരസാന്ദ്രതയുമെല്ലാം അവ്യാഹതമായി വളത്തിക്കൊണ്ടുവരണം പൊതുവേ, സ്വരത്തിലും വാചകശൈലിയിലും, ഉച്ചാരണത്തിലും, ആശയത്തിലുംവരെ ആരോഹണാവരോഹണക്രമം പാലിക്കണം. ഇവയെല്ലാം ഒരുമിച്ചു നിവ്ഹിക്കുമ്പോൾത്തന്നെ മുമ്പിലിരിക്കുന്ന ശ്രോതാക്കളെ പഠിക്കണം. ഓരോ വാക്കും, ആശയവും അവർ എങ്ങനെ സ്വീകരിക്കുന്നുവെന്നും, അവരിൽ എന്തെല്ലാം ചലനങ്ങൾ ഉളവാക്കുന്നുവെന്നും നോക്കണം. അവരുടെ മുഖഭാവത്തിൽക്കൂടി ഹൃദയഭാവത്തെ സൂക്ഷ്മമായി പരിശോധിച്ചറിയണം. അവരുടെ ഭാവവ്യത്യാസങ്ങൾക്കു് അനുഗുണമായി സ്വന്തം വാക്കിലും, വാചകത്തിലും, അവയുടെ ഉള്ളടക്കത്തിലും പരിവത്തനംവരുത്തിക്കൊണ്ടിരിക്കണം. ആശയങ്ങൾ ശ്രോതാക്കളുടെ ഹൃദയത്തിൽ ശക്തിയായി പതിയാൻ പാകത്തിനു് അഭിനയവും വേണം.

ഇങ്ങനെ ഒരേ അവസരത്തിൽ നിരവധി കാര്യ്യങ്ങളിൽ ഒരുപോലെ ശ്രദ്ധിക്കേണ്ട പ്രസംഗകനു്, പ്രചോദനവും, ഏകാഗ്രതയും, വ്യക്തിത്വവും, മനഃശാസ്ത്രപരിജ്ഞാനവും, പ്രതിപാദനസാമത്ഥ്യവും, പാണ്ഡിത്യവും, ഔചിത്യവും, ഭാഷാസ്വാധീനവും, സാഹിത്യാഭിരുചിയും, സംഗീതമാധുയ്യവും, അഭിനയവൈദഗ്ദ്ധ്യവും, ആകാരഭങ്ഗിയും, സവ്വോപരി ഔദ്ധത്യരഹിതതയും ആത്മപ്രത്യയവും പ്രതിപക്ഷബഹുമാനവും ഉണ്ടായിരിക്കണം.

## പ്രചോദനം നൽകുന്ന സാഹചര്യം

പ്രസംഗിക്കാൻ ക്ഷണിക്കുന്ന ആളുകളിലും, ക്ഷണിക്കപ്പെടുന്ന ആളുകളിലും, അധികംപേരും, പ്രചോദനം നൽകുന്ന സാഹചര്യമില്ലെങ്കിൽ, പ്രസംഗം പരാജയപ്പെട്ടു മെന്നു പലപ്പോഴും ഓർമ്മിക്കാറില്ല. "അങ്ങ് ഞങ്ങളുടെ... സമ്മേളനത്തിൽ ഒരു പ്രസംഗംചെയ്യാൻ വരണം," എന്നു വിനയപൂർവ്വം ഒരാൾ വന്നു ക്ഷണിക്കുന്ന നിമിഷത്തിൽ ത്തന്നെ, സ്വയം അറിയാതെ, പ്രസംഗകന്റെ മനസ്സിൽ പ്രസംഗത്തിന്റെ ഒരു വിത്തുപതിക്കുകയാണ്; അതു് അവിടെക്കിടന്നു മുളയ്ക്കും. അതാണ് പിന്നീട്, അയാൾ പ്ലാറ്റ്ഫാറത്തിൽനിന്നു സംസാരിക്കുമ്പോൾ, പ്രചോദന ജലസേചനംകൊണ്ടു തഴച്ചുവളർന്ന്, പടർന്നുപന്തലിച്ച്, പുഷ്പിച്ചുഫലിച്ച് അനേകായിരം ശ്രോതാക്കൾക്ക് തണലും ആശ്വാസവും ആശയും ആവേശവും സംതൃപ്തിയും നൽകുന്നതു്. പ്രസംഗിക്കാനുള്ള യാത്രയും, പ്രസംഗംചെയ്യേണ്ട സ്ഥലത്തെ പരിതഃസ്ഥിതകളും സദസ്സും തികച്ചും പ്രചോദനം നൽകുന്നതല്ലെങ്കിൽ പ്രസംഗം നന്നാവുകയില്ല. അല്പമെങ്കിലും ഉത്സാഹക്കുറവ് മനസ്സിനുണ്ടായാൽ അവഗാഢമായി ചിന്തിക്കാനും ഭംഗിയായി പറയാനുമുള്ള ആത്മചോദനം കിട്ടുകയില്ല. ഏററവും കൂടുതൽ പ്രേരണനൽകേണ്ടതു് മുമ്പിലുള്ള സദസ്സാണ്.

നല്ല പ്രസംഗം യഥാർത്ഥത്തിൽ രൂപം പ്രാപിക്കുന്നതും, നിറം കൈവരിക്കുന്നതും, പ്രസംഗസ്ഥലത്തുവച്ച് അതാരംഭിക്കുന്നതിനുമുൻപുള്ള നാലഞ്ചുമിനിട്ടുസമയം കൊണ്ടു മാത്രമായിരിക്കും. എന്തൊക്കെ പറയണമെന്നും

എങ്ങനെ പറയണമെന്നും സദസ്സുകാണാതെ കാലേക്കൂട്ടി നിശ്ചയിക്കാൻ പ്രഗത്ഭനായ പ്രസംഗകൻ മുതിരുകയില്ല. നേരത്തേ തീരുമാനിച്ച ആശയങ്ങൾമാത്രമാണ് ആവിഷ്കരിക്കുന്നതെങ്കിൽ അവ ഒട്ടും ഫലിക്കുകയില്ല; സദസ്സുമായി പൊരുത്തപ്പെടുകയില്ല. എഴുതിവായിക്കുന്ന പ്രസംഗം സദസ്സിനെ അണുമാത്രമെങ്കിലും ചലിപ്പിക്കുകയോ രസിപ്പിക്കുകയോ ഇല്ലല്ലോ. റേഡിയോപ്രഭാഷണങ്ങൾ വഴിപാടായിമാത്രം കലാശിക്കുന്നതിൻെറ പ്രധാനകാരണങ്ങളിൽ ഒന്ന് ഇതാണ്. പ്രസംഗവും ശ്രോതാക്കളുമായി സാത്മ്യംപ്രാപിക്കണമെങ്കിൽ—വക്താവും സദസ്സുമായി താദാത്മ്യം പ്രാപിക്കണമെങ്കിൽ—പ്രസംഗം സദസ്സിൻെറ മുമ്പിൽവച്ച് രൂപംകൊണ്ടതുതന്നെ ആയിരിക്കണം. അതിലും കവിഞ്ഞു്, ആദ്യത്തെ പത്തോ പതിനഞ്ചോ മിനിട്ടിലെ സംസാരത്തിൽക്കൂടി ശ്രോതാക്കളുടെ നാഡി പരിശോധിച്ചു് അവരുടെ സ്ഥിതിയും അഭിരുചിയും പൂർണ്ണമായി ഗ്രഹിച്ചതിനുശേഷമാണ് എന്തെല്ലാം കാര്യങ്ങൾ പറയണമെന്നുള്ളതിൽ പ്രസംഗകൻ അവസാനതീരുമാനമെടുക്കേണ്ടതു്. കേൾക്കാൻകൂടുന്ന ആളുകളുടെ എണ്ണത്തിനുമാത്രമല്ല പ്രാധാന്യം. മുന്നിൽ ചൈതന്യമുള്ള മുഖങ്ങളായിരിക്കണം. നിർജ്ജീവമായ മുഖങ്ങളാണു മുമ്പിലെങ്കിൽ പ്രസംഗവും നിർവികാരമായിത്തീരും; പരിശുഷ്കമായിമാറും. കേൾക്കാൻ താല്പര്യപൂർവ്വം വന്നിരിക്കുന്നവരും, ക്ഷമയും സഹൃദയത്വവും അച്ചടക്കബോധവും ഉള്ളവരും ആയിരിക്കണം മുമ്പിൽ അണിനിരക്കുന്നതു്. സദസ്സിൽ ആളുകൾ ഇരിക്കുന്നരീതിയും, പാലിക്കുന്ന അച്ചടക്കവും പ്രദർശിപ്പിക്കുന്ന ഭാവവുമെല്ലാം പ്രസംഗത്തിൻെറ വിജയാ

പഞ്ജയങ്ങളെ സാരമായിസ്സൾശിക്കും. സദസ്സു മോശമായാൽ പ്രസംഗവും മോശമാകുന്നതിന്റെ കാരണം പ്രചോദനത്തിന്റെ അഭാവമാണു്.

## ഏകാഗ്രത

പ്രസംഗം ഭംഗിയാകുന്നതു് പ്രസംഗകൻ പൂർണ്ണമായ ഏകാഗ്രതനേടി, മററു സകലകാര്യങ്ങളും മറന്നു്, പ്രതിപാദ്യവുമായി താദാത്മ്യംപ്രാപിച്ചു സംസാരിക്കുമ്പോഴാണു്. അപ്പോൾ മാത്രമേ ആശയങ്ങളുടെ നൈരന്തര്യം (Continuity) പരിരക്ഷിക്കപ്പെടുകയുള്ളു. ഏകാഗ്രത പരിപൂർണ്ണമായി കിട്ടണമെങ്കിൽ മനസ്സു തെളിഞ്ഞിരിക്കണം. പറയുന്നകാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കപ്പെടണം.

## വ്യക്തിത്വം

വ്യക്തിത്വമഹത്ത്വം സർവ്വഥാ സുപ്രധാനമായ ഒരു കാര്യമാണു്. ആദർശശുദ്ധിയും ആത്മാർത്ഥതയുമില്ലാത്ത ഒരാളിനു്, ആസ്വാദ്യതാജനകങ്ങളോ അമൂല്യങ്ങളോ ആയ യാതൊരു സംഭാവനയും ജനതയ്ക്കു നൽകാൻ സാദ്ധ്യമല്ല. ശ്രോതാക്കളുടെ ചിന്താവ്യഗ്രതയുടെ മുമ്പിൽ ഒരൊററ നൂതനപ്രബന്ധവും വെട്ടിത്തെളിക്കാൻ സാദ്ധ്യമാവുകയില്ല. പ്രസംഗകന്റെ ആദർശനിഷ്ഠയിലും, ആത്മാർത്ഥതയിലും തെല്ലും വിശ്വാസമില്ലാത്തവരാണു് കേൾക്കുന്നതെങ്കിൽ അയാൾ ആദർശത്തിന്റെ ഹിമാലയോന്നതശൃംഗത്തിൽനിന്നു സംസാരിച്ചാലും ആളുകൾക്കു ലേശവും ഹൃദയംഗമമായി തോന്നുകയില്ല. വേശ്യയുടെ ചാരിത്ര്യപ്രസംഗമായി അവശേഷിക്കുകയേയുള്ളു.

**മനഃശാസ്ത്രപരിജ്ഞാനം**

പ്രസംഗകൻ മനഃശാസ്ത്രപരമായരീതിയിൽ സദസ്സിനെ സമീപിക്കണം. ആത്മാർത്ഥതയും, ഔചിത്യവും, വിനയവുംകൊണ്ടു നിർമ്മിച്ച വശീകരണവലയത്തിനുള്ളിൽ സദസ്യരെ മുഴുവൻ ഒരുമിപ്പിച്ചുനിർത്താൻ കഴിയണം. അയാളുടെ ആശയങ്ങളോട് അവരെ അടുപ്പിക്കണമെന്നുണ്ടെങ്കിൽ, അവരുടെ ചിന്താഗതിയോട് അയാറം യോജിക്കുന്നുണ്ടെന്നുള്ളധാരണ ആദ്യമായി അവരിൽ സഞ്ജനിപ്പിക്കണം. അപ്പോറം അവർമുഴുവൻ വക്താവിൻെറ സുഹൃത്തുക്കളായിത്തീരും. മുമ്പിലിരിക്കുന്നവർ ഒരുവേള ഭൂലോകമറയന്മാരായിരിക്കാം. അവരുടെ അഭിപ്രായങ്ങറം അബദ്ധങ്ങളുമാകാം. എന്നാലും പെട്ടെന്ന് അതെല്ലാം തിരുത്തിക്കളയാനല്ല പ്രസംഗകൻ തയ്യാറാകേണ്ടതു്. ത്ധടിതിയിൽ അതെല്ലാം തിരുത്താനോ, അവയിലെല്ലാം പ്രതിഷേധിക്കാനോ ഒരുമ്പെട്ടാൽ, നിമിഷനേരംകൊണ്ടു് അയാറം അവരുടെയെല്ലാം ശത്രുവായിത്തീരും. "മററുള്ളവരെക്കാറം ബുദ്ധിമാന്മാരായിത്തീരാൻ ശ്രമിക്കുക; പക്ഷേ അതു് അവരോടു പറയരുതു്," എന്ന 'ചെസ്റ്റർഫീൽഡി" ൻെറ അഭിപ്രായത്തെ ആദരിക്കണം.

പ്രസംഗകൻ സ്വന്തം അഭിപ്രായം കെട്ടിഏല്പിക്കുകയാണെന്നു് ഒരിക്കലും സദസ്സിൽ ഒരാറക്കും തോന്നാൻ പാടില്ല. "നിങ്ങറം ഒരുവനെ പഠിപ്പിക്കുകയാണെങ്കിൽ അയാറം യാതൊന്നും മനസ്സിലാക്കുകയില്ല," എന്ന "ഷാ" യുടെ വാക്കുകറം പ്രസംഗകൻ പ്രത്യേകം ഓർമ്മിക്കേണ്ടതാണു്. സദസ്സിലേക്കു്, ശ്രോതാക്കളുടെ ചിന്താസരണിയിലേക്കു്, അയാറം ഇറങ്ങിച്ചെല്ലുകയാണെന്നേ അവക്കു

തോന്നാവൂ. അനുക്രമമായി, പരോക്ഷമായി നമ്മുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയേ പാടുള്ളൂ. അവരുടെ ആശയങ്ങളിലും വിശ്വാസങ്ങളിലുംനിന്ന് എത്ര അകൽച്ച ഉള്ളതായാലും, ആ അകൽച്ച പെട്ടെന്ന് അവക്കു കാണിച്ചുകൊടുക്കാൻ പാടില്ല. അഭിപ്രായങ്ങൾ അംഗീകരിപ്പിക്കുകയുംവേണം. വളരെ കൈയ്പുള്ള ഔഷധങ്ങൾകൊണ്ടു തയ്യാറാക്കിയ ഗുളികകൾക്കു മാധുര്യമുള്ള ആവരണങ്ങളുണ്ടെങ്കിൽ, രോഗികൾ, കൈയ്പറിയാതെ ഗുളികകൾ കഴിക്കുമല്ലോ. അതുപോലെവേണം പ്രസംഗകൻ, ശ്രോതാക്കൾക്കു ഹിതമായിത്തീരുന്ന അഭിപ്രായങ്ങൾ അവരെക്കൊണ്ടു അംഗീകരിപ്പിക്കേണ്ടതു്. ഉപദേശമോ, നിർദ്ദേശമോ നൽകുന്നതായി അവക്കു തോന്നരുതു്. അഹന്തയുടെ കരിനിഴൽ ഒരിക്കലും വീശരുതു്. ഭൂമിയോളം താഴുക. അതുകൊണ്ടേ അയാൾ ഉയരൂ.

## പ്രതിപാദനസാമത്ഥ്യം

ആശയമേതും ആകഷകമായി പ്രപഞ്ചനം ചെയ്യാനുള്ള കഴിവ്, ഒരു പ്രസംഗകനു്, ഒന്നാമതായി വേണ്ട ഗുണവിശേഷമാണു്. പ്രസംഗത്തിൻെറ പൊലിമ പ്രതിപാദനത്തെ ആശ്രയിച്ചിരിക്കുന്നു. കേട്ടുകൊണ്ടിരിക്കുന്നവരുടെ അന്നുവരെയുള്ള വിശ്വാസങ്ങൾക്കും, ധാരണകൾക്കും കടകവിരുദ്ധമായ കാര്യങ്ങളാണു് പ്രസ്താവിക്കുന്നതെങ്കിൽപ്പോലും പ്രതിപാദനം കലാപരമായിരുന്നാൽ അവക്കു് അത്ഭുതകരമായ മാനസാന്തരം വന്നുപോകും. ദീപ്തമായ ഭാഷയിൽ അവതരിപ്പിക്കുന്ന കലാസുഷമയുള്ള ആലേഖ്യങ്ങൾ പലതും ഒരു പ്രസംഗത്തിൽ ഉണ്ടായിരിക്കണം.

## പാണ്ഡിത്യവും ഔചിത്യവും

പ്രസംഗകൻ പണ്ഡിതനും, ആലോചനാകുശലനും, പ്രതിഭാശാലിയുമായിരിക്കണം. എല്ലാ വിഷയങ്ങളെക്കുറിച്ചും സാമാന്യമായ അറിവുണ്ടായിരിക്കണം. മാത്രമല്ല, ഉള്ള അറിവ് സംശയാതീതമായിരിക്കണം. നല്ല ഗ്രന്ഥപരിചയവും, ലോകപരിചയവും, ചിന്താശീലവും ആവശ്യമാണ്. പരിപക്വമായ അറിവുനേടിയിട്ടില്ലാത്തവരുടെ പ്രസംഗം, മററെന്തെല്ലാം സവിശേഷതകളുണ്ടായിരുന്നാലും, വെറും 'പൊള്ള'യായി കലാശിക്കുകയേയുള്ളൂ. അടുത്തതായി വേണ്ടത് അപ്രതിഹതമായ ഔചിത്യത്തിൻെറ ആയസകവചമാണ്. സദസ്യരുടെ ക്ഷമയെയും ക്ഷമകേടിനെയും, രസത്തെയും മുഷിവിനെയും, സമഗ്രമായി കണ്ടറിഞ്ഞു് പ്രഭാഷണം നീട്ടാനും നിർത്താനും പൊലിപ്പിക്കാനും ചുരുക്കാനും സാധിക്കണം. വാക്കിലും, സ്വരത്തിലും, ആശയത്തിലും, നില്പിലും, ഭാവത്തിലുമെല്ലാം ഔചിത്യദീക്ഷ വേണം. ശാഖാചംക്രമണം ആകാം. പക്ഷേ, ആനുഷങ്ഗികമായി പറയുന്നതൊന്നും 'ഉടലിനേക്കാൾ വലിയ തല' ആയിരിക്കരുത്.

## ഭാഷാസ്വാധീനം

അഴകും മിഴിവുമുള്ള ലളിതവും സുന്ദരവുമായ ഭാഷ സ്വാധീനമായിരിക്കുന്നവനുമാത്രമേ സമർത്ഥനായ പ്രസംഗകനാകാൻ സാധിക്കൂ; ആശയങ്ങൾ ആഴത്തിൽ വേരൂന്നത്തക്കവിധം ആവിഷ്കരിക്കാൻ സാധിക്കൂ. ഔചിത്യത്തിൻെറ ചാണക്കല്ലിലുരച്ച്, മാററു പരിശോധിച്ച്, യാതൊരു കുററവും അഭങ്ഗിയുമില്ലാത്ത പദങ്ങൾ പ്രയോഗി

ക്കണം. അവ ആശയങ്ങളെയും വഹിച്ചുകൊണ്ടു് ശ്രോതാവിൻെറ ഹൃദയക്ഷേത്രത്തിലെ ശ്രീകോവിലിലേക്കു് അനായാസേന കടന്നുകയറുന്ന വാഹനങ്ങളായിരിക്കണം. ധാരാവാഹിയായ വാക്പ്രവാഹം ആവശ്യമാണെങ്കിലും ശബ്ദാടോപംകൊണ്ടു് ആളുകളെ കബളിപ്പിക്കുന്ന പ്രതീതി ഉണ്ടാകാൻ പാടില്ല. അയത്നസുന്ദരമായ ഭാഷയായിരിക്കണം. പദപ്രയോഗമിതത്വം വേണം. എങ്കിലേ വികാരോത്തേജകശക്തിയും ഉജ്ജ്വലതയും പ്രസംഗത്തിനു കാണുകയുള്ളു. അനുചിതമായ ഒരൊററ പദംകൊണ്ടു് വക്താവു സകലരുടെയും അവജ്ഞയ്ക്കോ, പ്രതിഷേധത്തിനോ, വൈരാഗ്യത്തിനോ ശരവ്യമായിത്തീന്നെന്നു വരാം. വാക്കിനെ ദേവതയായി ഭക്തിപൂർവ്വം ആരാധിക്കാൻ പറഞ്ഞവരുടെ ഉചിതജ്ഞതയെ എത്ര അഭിനന്ദിച്ചാലും അധികമായിപ്പോവുകയില്ലെന്നു് വാക്കിൻെറ മാഹാത്മ്യത്തെയും ശക്തിയെയും കുറിച്ചു് ഓർമ്മിക്കുമ്പോഠം തോന്നിപ്പോകും. സാധാരണക്കാരനായ ഒരാഠംക്കുപോലും പദപ്രയോഗവിഷയത്തിലുള്ള ഔചിത്യവും ഔചിത്യരാഹിത്യവും നിമിത്തം ബന്ധുക്കളും ശത്രുക്കളും ഉണ്ടാകുന്നു; ഉയച്ചതാഴ്ചകഠം സംഭവിക്കുന്നു; ജനസ്വാധീനവും പൊതുജനവിദ്വേഷവും ഉണ്ടാകുന്നു!

"ജിഹ്വാഗ്രേ വത്തതേ ലക്ഷ്മീഃ
ജിഹ്വാഗ്രേ മിത്രബാന്ധവാഃ
ജിഹ്വാഗ്രേ ബന്ധനപ്രാപ്തിഃ
ജിഹ്വാഗ്രേ മരണം ധ്രുവം"

എന്നു് പറയുവാൻ കാരണമതാണു്. വാക്കിൻെറ ഗുണദോഷങ്ങളുടെ അതുല്യമായ ഗൗരവത്തെ സ്മരിച്ചാണു് ഒരു

സരസകവി പല്ലും നാവും തമ്മിലുള്ള സംഭാഷണം ഇങ്ങനെ പകർത്തിയതു്:—

"ഇതി പ്രാൎത്ഥയതേ ദന്തം:
ഹേ ജിഹ്വേ! ബഹു മാ വദഃ
ത്വയാപരാധന്തു കൃതം
സ്ഥാനഭ്രംശം ഭവേന്മമ."

[പല്ലു് ഒരിക്കൽ നാക്കിനോടു് അപേക്ഷിച്ചു:—"അല്ലയോ നാക്കേ, നീ അധികമൊന്നും പറയരുതു്. നീ അപരാധം പ്രവൎത്തിച്ചാൽ സ്ഥാനഭ്രംശം ഉണ്ടാകുന്നതു് എനിക്കായിരിക്കും."]

വാഗ്വിലാസമുള്ളവനു് പ്രേരണാശക്തിയുള്ള സരളോക്തികളാകുന്ന താക്കോലുകൾകൊണ്ടു് മററുള്ളവരുടെ ഹൃദയകവാടങ്ങൾ തുറന്നു് അവിടെ സ്വൈരവിഹാരം ചെയ്തു്, നൂതനമായ വികാരവിചാരങ്ങൾ സംജാതമാക്കി ഏതുതരം പരിവൎത്തനങ്ങൾ വരുത്താനും, അവരുടെ ശ്രദ്ധയെ ഏപ്രകാരമുള്ള കൎമ്മമണ്ഡലങ്ങളിലേയ്ക്കു തിരിക്കാനും പ്രയാസമില്ല.

## സാഹിത്യാഭിരുചി

സാഹിത്യപ്രസംഗം ചെയ്യുന്നവൎക്കു മാത്രമല്ലാ സാഹിത്യാഭിരുചി ഉണ്ടായിരിക്കേണ്ടതു്. നിരക്ഷരകുക്ഷികളായ അപരിഷ്കൃതരിൽ ചിലരുടെ സംഭാഷണംപോലും നമ്മെ അതിമാത്രം ആകൎഷിക്കുന്നതു് അതിലെ ചമൽക്കാരംകൊണ്ടാകുന്നു. ഒരു പ്രസംഗകന്റെ പ്രഭാഷണത്തിൽ

എപ്പോഴും ചമല്ക്കാരത്തിന്റെ അടിയൊഴുക്കുകൾ ഉണ്ടായിരിക്കണം. അല്ലെങ്കിൽ പ്രഭാഷണം വെറും അസ്ഥിപഞ്ജരം മാത്രമായിപ്പോകും. രക്തവും മാംസവും കലർത്തി അതു ചൈതന്യപൂർണ്ണമാക്കുന്നതു ചമല്ക്കാരമാണ്. ചമൽക്കൃതമായ ഭാഷയായിരുന്നാലേ പ്രസംഗം ഉൾക്കൊള്ളുന്ന ആശയം മായാത്തരീതിയിൽ മററുള്ളവരുടെ മനസ്സിൽ പതിയുകയുള്ളൂ. പ്രസംഗകൻ ഒരു കവി ആയിരിക്കണമെന്നില്ലെങ്കിലും, കവിയുടെ സൗന്ദര്യബോധവും, നിരീക്ഷണവിചക്ഷണതയും, ഔചിത്യവും, ജീവിതപഠനവും ഉള്ള ആളായിരിക്കണം. ഭാഷയിൽ, കാവ്യമധുരിമ, ആശയത്തിലെന്നപോലെ നിറഞ്ഞുതുളുമ്പണം. ഫലിതത്തിലും പരിഹാസത്തിലുംകൂടി പ്രാവീണ്യമുള്ളവർക്ക് വളരെവേഗം വിജയം നേടാം.

### സംഗീതവാസന

ഏതു പ്രസംഗകനും സംഗീതവാസനകൂടി വേണമെന്നു പറഞ്ഞാൽ പാടാനറിയാവുന്നവർമാത്രമേ പ്രസംഗിക്കാവൂ എന്ന് അതിനർത്ഥമില്ല. ഗദ്യത്തിനും സംഗീതാത്മകത്വമുണ്ട്. ഗദ്യത്തിനും ഛന്ദസ്സുണ്ട്. പലരും, കാരണം ആലോചിക്കാറില്ലെങ്കിലും ചിലരുടെ ഗദ്യം ആകർഷകമായി ഭവിക്കുന്നത്, അവർ അറിയാതെതന്നെ അവരുടെ ഗദ്യം ഒരുവിധം ഛന്ദോനിബദ്ധമായ നിരന്ധ്രധാരയായി രൂപാന്തരപ്പെടുന്നതുകൊണ്ടാകുന്നു. ഗദ്യപ്രബന്ധങ്ങളായിരുന്നാൽപ്പോലും, വാചകങ്ങൾക്കു ദീർഘതയിലും ഹ്രസ്വതയിലുമെല്ലാം വൈവിദ്ധ്യമുണ്ടായിരിക്കണമല്ലോ. പ്രസംഗത്തിനും അതു അനുപേക്ഷണീയമാണ്!

## ശബ്ദമാധുര്യം

ശബ്ദം മാധുര്യവും മാർദ്ദവവുമുള്ളതായിരിക്കണം. ശബ്ദത്തിന്റെ പ്രാധാന്യത്തെ ഒരിക്കലും അവഗണിക്കരുത്. ശാരീരം പരുപരുപ്പുള്ളതാണെങ്കിൽ ചമൽക്കാരാത്മകമായ ഭാഷയിൽ പറഞ്ഞാലും ആദ്യന്തം അരോചകമായിരിക്കും. ഉള്ളശബ്ദം തെളിഞ്ഞിരുന്നാലേ ആക്കും ആശയവും, തദനുയോജ്യമായ വാക്കും, ഏകാഗ്രതയും കിട്ടുകയുള്ളൂ. ആശയങ്ങളുടെ ഗുരുലഘുത്വത്തിനു അനുഗുണമായി സ്വരം ഉയർത്തുകയും താഴ്ത്തുകയും ചെയ്യേണ്ടതു് ആവശ്യമാണു്.

## അഭിനയപാടവം

ആശയാവിഷ്കരണത്തിൽ മിതമായ അഭിനയം പ്രസംഗകലയുടെ അനുപേക്ഷണീയഘടകങ്ങളിൽ ഒന്നാണു്. എന്തുപറയുമ്പോഴും ഭാവത്തിൽ നിർവികാരനായി നില കൊള്ളുന്ന വക്താവിനു് കേൾവിക്കാരുടെ ഹൃദയത്തെ തട്ടിയുണർത്തി സ്പന്ദനങ്ങൾ ഉൽഭൂതമാക്കാൻ കഴിയുകയില്ല. ഘനമുള്ള ചലനരഹിതമായ മുഖം പ്രസംഗകനു പററിയതല്ല. സമർത്ഥനായവാഗ്മി സംസാരിക്കുമ്പോൾ അയാളുടെ മുഖത്തു പ്രതിബിംബിക്കുന്ന രസങ്ങളും ഭാവങ്ങളും അതുപോലെതന്നെ ശ്രോതാവിന്റെ ഹൃദയത്തിലും പ്രതിഫലിക്കും. അതിനു് ആകാരഭങ്ഗിയും അഭിനയപാടവവും ആവശ്യമാണു്. എത്ര നല്ല പ്രസംഗവും, മുന്നിൽ ആളിനെക്കാണാതെ, ദൂരെയിരുന്നു് ഉച്ചഭാഷിണിയിൽക്കൂടി കേട്ടാൽ വാസ്തവത്തിൽ അതിനുള്ള ശക്തിയുടെയും രസികതത്തിന്റെയും പകുതിപോലും നമ്മിൽ ഉളവാക്കുകയില്ലല്ലോ.

## ഔദ്ധത്യരഹിതതയും ആത്മപ്രത്യയവും

ഔദ്ധത്യരഹിതതയും ആത്മപ്രത്യയവും അനപേക്ഷ്യമായ രണ്ടുഘടകങ്ങളാണ്. വിനയവും, പ്രതിപക്ഷബഹുമാനവും, ആത്മവിശ്വാസവും ഉണ്ടെങ്കിലേ സദസ്യരുടെ അനുകമ്പയും, സ്നേഹവും, മതിപ്പും, വാത്സല്യവും സമാജ്ജിക്കാൻ കഴിയൂ. സദസ്യർ അനഭ്യസ്തവിദ്യരും, അപരിഷ്കൃതരും, അപ്രഗത്ഭരുമായിരുന്നാൽപ്പോലും അവരോടുള്ള ഭക്തിയും ബഹുമാനവും വിനയവും പ്രഭാഷകൻെറ സകല നോക്കിലും വാക്കിലും നിറഞ്ഞുതുളുമ്പണം.

## മുഖവുരയും ഉപസംഹാരവും

പ്രസംഗത്തിൻെറ ആമുഖം ഒട്ടും അപ്രധാനമല്ല. ആദ്യമായി ആളുകളുടെ ശ്രദ്ധയെ ആകഷിക്കേണ്ടതും, അവരെ അളക്കേണ്ടതും, അവരുടെ അഭിരുചി അറിയേണ്ടതും മുഖവുരയിൽക്കൂടിയാണ്. ഒരിക്കലും "വീടിനേക്കാറംവലിയ പടിപ്പുര" ആയിപ്പോകാതെ സൂക്ഷിക്കണമെന്നേയുള്ളു. പ്രസംഗവിജയം ഉപസംഹാരത്തെയും ഏറെക്കുറെ ആശ്രയിച്ചിരിക്കുന്നു. ആകസ്മികമായി പ്രഭാഷണം സമാപിപ്പിക്കുന്നതു് അരോചകമാകും. സമാപനത്തിനുള്ള മാഗ്ഗം ആശയത്തിലും വാക്കിലുംകൂടി സാവകാശത്തിൽ സൃഷ്ടിക്കണം. ആകെക്കൂടി പറഞ്ഞ കാര്യങ്ങളുടെ 'നെയ്യും പഞ്ചസാര'യും ഒന്നോ രണ്ടോ ചെറിയവാചകങ്ങളിൽ പകന്നുനൽകി, വിനയമസൃണമായ സ്വരത്തിൽ മംഗളം ആശംസിച്ചു്, ശ്രോതാക്കളോടുള്ള കൃതജ്ഞത സ്നേഹബഹുമാനനിർഭരമായ വാക്കുകളിൽക്കൂടി പ്രകാശി

പ്പിച്ചതിനുശേഷം പ്രസംഗം ഉപസംഹരിക്കണം. പ്രസംഗത്തിന് ആദ്യന്തം തികച്ചും സർവ്വാദരണീയമായ ഒരു സാംസ്കാരികപശ്ചാത്തലം ഉണ്ടായിരിക്കണം. വിഷയം ഏതായിരുന്നാലും ഭാഷയിലും, രീതിയിലും, പെരുമാററത്തിലും പ്രസംഗകൻ അപരിഷ്കൃതമായ താണനില അവലംബിക്കാൻ പാടില്ല. അഭിപ്രായധീരതയും, ആത്മാർത്ഥതയും, സ്വകൃത്യത്തിൻെറ മഹിമയെക്കുറിച്ചുള്ള ബോധവും പ്രസംഗകന് ഉണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളാണ്. ലോകത്തെ നയിക്കുന്ന ഈ വിശിഷ്ടകലയിൽ നാം കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു!

# III

# അദ്ധ്യാപകൻ

കേരളം പല കാൎയ്യങ്ങളിലുമെന്നപോലെ, വിദ്യാലയങ്ങളുടെയും, അഭ്യസ്തവിദ്യരുടെയും, അദ്ധ്യാപകരുടെയും എണ്ണത്തെ സംബന്ധിച്ചിടത്തോളവും അനുഗൃഹീതമാണു്. എന്നാൽ അദ്ധ്യാപകനെപ്പററി പൊതുജനങ്ങളുടെ ധാരണയും മതിപ്പും, അദ്ധ്യാപകനു പൊതുജനങ്ങളും അധികാരികളും നൽകുന്ന പ്രോത്സാഹനവും ഇന്നും വളരെ വിചിത്രമാണു്. സമുദായമാകട്ടെ, മററു പലരെയും സമ്പത്തിൻെറയും അധികാരപ്രമത്തതയുടെയും പേരിൽ അവർ അർഹിക്കുന്നതിൽ കവിഞ്ഞ സ്ഥാനംനൽകി മാനിക്കാൻ വെപ്രാളംകാട്ടുന്നു. അദ്ധ്യാപകനെ അവജ്ഞയോടുകൂടി വീക്ഷിക്കുകയും അവഗണിക്കുകയും ചെയ്യുന്നു. അത്യന്തം അവശ്യവും, ക്ലേശപൂൎണ്ണവും, പരിശുദ്ധവുമായ ജോലി, ഭാവിയോടുള്ള ഉത്തരവാദിത്വത്തോടുകൂടി നിർവ്വഹിക്കേണ്ട അദ്ധ്യാപകനു് സമുദായത്തിൽ സമുന്നതപദവിതന്നെ ഉണ്ടായിരിക്കേണ്ടതാണെന്നു കാണാം.

"Any man can become a minister, but any man can not become a master." മന്ത്രിമാരും നേതാക്കന്മാരുമായിത്തീരാൻ ആർക്കും സാധിച്ചേയ്ക്കും. എന്നാൽ ഒരു നല്ല അദ്ധ്യാപകനാകാൻ എല്ലാവ്യക്തികൾക്കും സാദ്ധ്യമല്ല.

## അദ്ധ്യാപകന്റെ സേവനം

ലോകത്ത് ഏററവും മഹത്തായസേവനം അനുഷ്ഠിക്കുന്നതു് അദ്ധ്യാപകനല്ലേ? അനന്തരതലമുറയെ വാർത്തെടുക്കുന്ന—ഭാവിക്കു നിറവും രൂപവും സ്വരവും നല്കുന്ന—ഭാവിസമുദായത്തെ കരുപ്പിടിപ്പിക്കുന്ന—അദ്ധ്യാപകൻ ചെയ്യുന്ന മഹത്തമമായ സേവനത്തിന്റെ ആഴവും, അതിരും, അളവും, മൂല്യവും നിർണ്ണയിക്കാനെളുപ്പമല്ല. അദ്ധ്യാപകൻ വികസിക്കുന്ന സമുദായത്തിന്റെ സൗഭാഗ്യദായകനാണു്. സമൂഹത്തിന്റെ പുരോഗമനാത്മകമായ ചലനങ്ങളുടെയും പ്രവണതകളുടെയും ജിഹ്വയായിരിക്കണം. സുഖസുന്ദരവും ആദർശോജ്ജ്വലവുമായ ഭാവി ആരചിക്കുക എന്നുള്ളതായിരിക്കണം അദ്ധ്യാപകന്റെ ലക്ഷ്യം.

## അദ്ധ്യാപനകല

അദ്ധ്യാപനം വിശിഷ്ടമായ ഒരു കലയും, വിശുദ്ധമായ ഒരു ശാസ്ത്രവുമാണു്. അതിന്റെ കലാമൂല്യവും, ശാസ്ത്രീയമൂല്യവും കാണുകയും നേടുകയും ചെയ്യുന്ന അദ്ധ്യാപകർ എണ്ണത്തിൽ ചുരുങ്ങും. പലതരത്തിലുള്ള വിദ്യാർത്ഥികളുടെ വിഭിന്നങ്ങളായ അഭിരുചികളും, അഭിപ്രായങ്ങളും, കഴിവുകളും, കഴിവുകേടുകളും, മാനസികഭാവങ്ങളും അറിയുക; ഓരോരുത്തരുടെയും സ്മരണശക്തിയും ഗ്രഹണ

ശക്തിയും മനസ്സിലാക്കി കാര്യങ്ങൾ വിശദീകരിക്കുക; ധാരണാശക്തി വളരെയുള്ളവർക്കും ഒട്ടുമില്ലാത്തവർക്കും, സ്വഭാവത്തിലും ജീവിതരീതിയിലും ധ്രുവാന്തരമുള്ളവർക്കും കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുക; അവരെ അറിവും കഴിവുമുള്ളവരാക്കുക; അവരുടെ സ്വഭാവം രൂപവല്ക്കരിക്കുക— ഇങ്ങനെ അദ്ധ്യാപനം അതിവിപുലവും വിശുദ്ധവുമായ ഒരു ശാസ്ത്രമാണ്. സുകുമാരകലകൾക്കെല്ലാമുള്ള ഗുണവിശേഷങ്ങൾ നിറഞ്ഞിട്ടുണ്ട് അദ്ധ്യാപനകലയിൽ. മററു പല കലകളേക്കാളും കവിഞ്ഞു്, അവരവർക്കുകൂടി അതാതവസരത്തിൽ ആസ്വദിച്ച് ആത്മനിർവൃതി അനുഭവിക്കാവുന്ന ഒരു കലയാണ് അദ്ധ്യാപനം. ആത്മാർത്ഥതനിറഞ്ഞ ഒരദ്ധ്യാപകന് വിജയകരമായി ക്ലാസ്സെടുത്തുകൊണ്ടിരിക്കുമ്പോഴുണ്ടാകുന്ന ആനന്ദം മററാരിക്കലും ലഭിക്കുകയില്ല.

## അദ്ധ്യാപകനും രാഷ്ട്രനിർമ്മാണവും

രാഷ്ട്രനിർമ്മാണവിഷയത്തിൽ വിദ്യാലയങ്ങൾ അവയുടെ പങ്ക് ശരിയായി നിർവഹിക്കണമെങ്കിൽ, തികഞ്ഞ ആത്മാർത്ഥതയും സ്വഭാവശുദ്ധിയും കഴിവുമുള്ള അദ്ധ്യാപകന്മാർ സംതൃപ്തരായി സേവനമനുഷ്ഠിക്കണം. ഇന്നത്തെ സ്ഥിതി എന്താണ്? രാഷ്ട്രനിർമ്മാണവും വിദ്യാലയങ്ങളും തമ്മിൽ ബന്ധപ്പെടുന്നില്ല. അദ്ധ്യാപകരുടെ നിലയോ? വേറേ കൂടുതൽ മെച്ചപ്പെട്ട ഉദ്യോഗങ്ങളിൽ കയറാൻ പഴുതുലഭിക്കാഞ്ഞതുകൊണ്ടു് അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ചവരാണ് ഇന്നധികവും. ജനസേവനത്തിൻെറ മാഹാത്മ്യത്തെക്കരുതി ജോലി സ്വീകരിച്ചിട്ടുള്ള എത്ര അദ്ധ്യാപകരെ

നമുക്കിന്നു കാണാൻ കഴിയും? യാതൊരു കുററവും കുറവു മില്ലാത്തതും, വ്യക്തിപരമായ വളച്ച്യുക്കും വികാസത്തിനും എല്ലാവക്കും പൂൎണ്ണാവസരം നല്കുന്നതും, ജാതിരഹിതവും, വൎഗ്ഗരഹിതവും, സ്നേഹനിർഭരവുമായ ഒരഹിംസാത്മകസമുദായത്തെ മെനഞ്ഞെടുക്കുവാനാണു് താൻ വിദ്യാൎത്ഥികളെ പഠിപ്പിക്കുന്നതെന്നു പറയാൻ എത്രപേക്കു സാധിക്കും? ഇന്നത്തെ ആചാൎയ്യന്മാരിൽ നല്ലൊരു ശതമാനം, തങ്ങൾ അദ്ധ്യാപകജോലിയിൽ വലിഞ്ഞുകയറുകയോ വലിച്ചു കയററപ്പെട്ടയോ ചെയ്യുതുകൊണ്ടുമാത്രം വിദ്യാൎത്ഥികളെ അഭിമുഖീകരിക്കുന്നു, ഉദാത്തമായ ഉദ്ദേശലക്ഷ്യങ്ങളൊന്നും കൂടാതെ.

## അദ്ധ്യാപകൻെറ യോഗ്യതകൾ

ആധുനികകാലത്തു് ഡിഗ്രി അഥവാ പരീക്ഷായോഗ്യതയല്ലാതെ മററു യോഗ്യതകളൊന്നും അദ്ധ്യാപകജോലിക്കു് ആവശ്യമായി പരിഗണിക്കപ്പെടാറില്ല. മറെറല്ലാ ഉദ്യോഗങ്ങളിലും പരീക്ഷായോഗ്യതമാത്രം മാനദണ്ഡമായി കരുതിയാലും പറയത്തക്ക അപകടമൊന്നും അനന്തരതലമുറയ്ക്കു സംഭവിക്കാറില്ല. അദ്ധ്യാപകൻെറ നില അതല്ല. ഭാവിതലമുറയ്ക്കു രൂപമേകുന്ന—പിഞ്ചിളംകുഞ്ഞുങ്ങളാൽ ദൈനന്ദിനം അനുകരിക്കപ്പെടുന്ന—അദ്ധ്യാപകനു്, അവരെ നയിക്കുകയും, ഭരിക്കുകയും, ഉപദേശിക്കുകയും, ഉയൎത്തുകയും, അനുശാസിക്കുകയും, ആശ്വസിപ്പിക്കുകയും, നിയന്ത്രിക്കുകയും ചെയ്യേണ്ട ആചാൎയ്യനു്, പരീക്ഷായോഗ്യതയെക്കാൾ വളരെയധികം ഗുണങ്ങൾ അവശ്യം ഉണ്ടായിരിക്കണം. അന്യൂനമായ സ്വഭാവശുദ്ധിയും, അവിരാമമായ

സേവനസന്നദ്ധതയും, അവ്യാജമായ മനുഷ്യസ്നേഹവും, വിശുദ്ധമായ വിശ്വവാത്സല്യവും, സർവ്വോപരി അദ്ധ്യാപക ജോലിയുടെ അന്തസ്സും പരിശുദ്ധിയും പരിപാലിക്കാനുള്ള കഴിവും ഉള്ളവർ മാത്രമേ അദ്ധ്യാപകജോലിക്കു അർഹ രാകൂ. അദ്ധ്യാപകൻ സംസ്കാരസംവാഹകനായിരിക്കണം; പരിണതപ്രജ്ഞനായിരിക്കണം; സല്ലാപകോവിദനായ സഹൃദയനായിരിക്കണം. എല്ലാം വേണ്ടവിധം നോക്കി ക്കാണാനും, വിലയിരുത്താനും കഴിവുള്ള നിരൂപകനായി രിക്കണം. വിശാലമായ അറിവും, വിശിഷ്ടമായ വാഗ്വൈ ഭവവും, അവിരളമായ മഹാമനസ്കതയും, അസാമാന്യ മായ ലോകപരിചയവും അദ്ധ്യാപകനു വേണം. ഏതൊരു ആചാര്യനും കുലീനത്വവും ജീവകാരുണ്യവും ഉള്ളവനായി രിക്കണം

ഭൂമി, മല, ത്രാസ്, പുഷ്പം എന്നിവയുടെ ഉന്നത ഗുണങ്ങളുംകൂടി നേടിയവനുമാത്രമേ ആചാര്യനാകാൻ അവകാശമുള്ളു എന്നാണു്, 'നന്നൂലി'ന്റെ കർത്താവായ 'ഭവനന്ദി'യുടെ മതം. ഭൂമിയുടെ ക്ഷമയും, മഹത്വവും, വിസ്തൃതിയും, ശേഷിയും, സഹിഷ്ണുതയും, സമീപിക്കുന്ന വർക്കു് കർമ്മാനുസൃതമായ ഫലം നൽകുന്ന സ്വഭാവവും, ഒന്നിലുംകുലുങ്ങാത്ത അചഞ്ചലമായ നിലയും, ഉറപ്പും അദ്ധ്യാപകനു് ആവശ്യമാണു്. മലയുടെ ഔന്നത്യവും, അമേയമായ സ്വഭാവവും, തന്നെ ആശ്രയിക്കുന്നവർക്കു് സുലഭമായി വിഭവങ്ങളേകുന്ന പ്രത്യേകതയും ആചാര്യനു് ഉണ്ടായിരിക്കണമത്രേ. എപ്പോഴും നിഷ്പക്ഷമായ നില പാടു് അവലംബിക്കുകയും, സത്യംമാത്രം അറിയിക്കുകയും, സമനില പരിരക്ഷിക്കുകയും ചെയ്യുന്ന ത്രാസിന്റെ

വിശിഷ്ടഗുണങ്ങൾ മുഴുവനും അദ്ധ്യാപകനിൽ നിറഞ്ഞു തുളുമ്പണം. പുഷ്പത്തിൻെറ മാർദ്ദവസ്വഭാവവും, കാന്തിയും, പ്രസന്നതയും, ഹൃദയംഗമമായ പ്രകൃതിയും, മംഗളകർമ്മങ്ങൾക്കെല്ലാം സാന്നിദ്ധ്യം കൂടിയേ തീരൂ എന്ന സവിശേഷതയും ആചാര്യന് അനുപേക്ഷണീയമാണ്.

## വിദ്യാഭ്യാസം

"മനുഷ്യജീവിതത്തെ അഭിമുഖീകരിക്കുന്ന കർത്തവ്യങ്ങളെ ശരിയായി നിർവ്വഹിക്കാനുള്ള ഒരുക്കമാണ് വിദ്യാഭ്യാസം" എന്നു വേഡ്സ്വർത്തും, "വിദ്യാഭ്യാസം സ്വഭാവരൂപവത്ക്കരണമാണ്" എന്നു പ്രൊഫസ്സർ ജേയിംസും, "മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നതും, അവനെ വിഷമതകളിൽപ്പെടാതെ സൂക്ഷിക്കുന്നതുമായ സകലതും വിദ്യാഭ്യാസത്തിൻെറ അംശംതന്നെയാണ്" എന്നു ജേയിംസ്മില്ലും അഭിപ്രായപ്പെട്ടിട്ടുണ്ട്. 'വിദ്യാഭ്യാസം വെറും ജ്ഞാനശേഖരമല്ല; അതു് അന്തഃശാന്തിവികസനമാണ്.' 'പരിപുഷ്ടമായ ഒരു ശരീരത്തിൽ പരിപുഷ്ടമായ മനസ്സു നിർമ്മിക്കുകയാണ് വിദ്യാഭ്യാസം.' വിദ്യാഭ്യാസത്തിൻെറ വിശിഷ്ടവും വിശാലവുമായ ലക്ഷ്യം വിശ്വപൗരത്വമാണ്. പക്ഷേ, ഇന്നത്തെ വിദ്യാഭ്യാസം മനുഷ്യൻെറ ചർമ്മത്തിനപ്പുറം കടക്കുന്നുണ്ടോ? അവൻെറ ബാഹ്യമായ വേഷങ്ങളിൽമാത്രം പററിനിൽക്കുന്നതല്ലേയുള്ളു? ഉദ്യോഗത്തിനു പ്രയോജനപ്പെട്ടെന്നും ഇല്ലെന്നും വന്നേയ്ക്കാവുന്ന 'പാസ്പോർട്ടു'മാത്രം നൽകുന്നു, ജീവിതത്തിൻെറ സാംസ്കാരിക-സാന്മാർഗ്ഗികസരണികളിലേക്ക് എത്തിനോക്കുകപോലും ചെയ്യാതെ. ഈ ദയനീയമായ അനുഭവത്തിന് വിദ്യാഭ്യാ

സപദ്ധതിയേയും, അതു നടപ്പിൽവരുത്തുന്ന അധികാരികളേയും കുററപ്പെട്ടത്താം. പക്ഷേ, അദ്ധ്യാപകനും ഒട്ടും ഒഴിഞ്ഞുമാറിക്കളയരുതു്.

## അദ്ധ്യാപകൻെറ ലോകം

ഇന്നത്തെ സേവനചരിത്രമുള്ള പേരെടുത്ത അദ്ധ്യാപകരിൽപ്പോലും അധികംപേരും ടെക്സ്ററബുക്കുകളുടെ ലോകത്തുമാത്രം ജീവിക്കുന്നവരാണു്. അവർ സമുദായത്തിലേക്കു കണ്ണോടിക്കുകപോലും ചെയ്യാറില്ല. ഉയൻ കാളേജുകളിലെ പ്രൊഫസ്സർമാർപോലും, അവരുടെ പരിഷ്കൃതമായ കണ്ണാടിയിൽക്കൂടി സമുദായത്തെ കാണാറില്ല. ഭൂതകാലത്തിൻെറ ശവക്കല്ലറയിൽ ആഴ്ത്തേണ്ട, ചീഞ്ഞളിഞ്ഞ, ദുർഗ്ഗന്ധപൂരിതമായ ആശയങ്ങളുടെ മുകളിൽ മൂക്കും പൊത്തി നിന്നുകൊണ്ടു് ശാസ്ത്രവും കലയും പ്രസംഗിക്കുന്ന പ്രൊഫസ്സർമാരാണധികവും. അദ്ധ്യാപകരെല്ലാംതന്നെ വിദ്യാർത്ഥികളെ ടെക്സ്ററബുക്കുകളുടെ ലോകംമാത്രം കാണിക്കുന്നു. അതിനാണു് ഇന്നു വേതനം ലഭിക്കുന്നതെന്നുള്ളതു ശരിയായിരിക്കാം. അധികാരികൾ നിർദ്ദേശിക്കുന്നതും അതായിരിക്കാം. പക്ഷേ, അദ്ധ്യാപകനു പ്രതിഫലത്തോടുമാത്രമല്ല, വിദ്യാർത്ഥികളോടും രക്ഷാകർത്താക്കളോടും, സർവ്വോപരി സമുദായത്തോടും അഭേദ്യമായ ബന്ധവും കടപ്പാടുമുണ്ടു്. അയാൾ വിശാലമായ ലോകത്തെ കാണുകയും കാണിച്ചുകൊടുക്കുകയും വേണം. മനുഷ്യസമുദായശരീരത്തിലെ രോഗങ്ങളെല്ലാം നല്ലതുപോലെ പഠിക്കണം. അദ്ധ്യാപകൻ ഒരു 'തെർമ്മോമീററർ' ആയാൽമാത്രംപോരാ, ഡാക്ടരുംകൂടി ആയിരിക്കണം. സമു

ദായശരീരം അരോഗദൃഢമാക്കാൻ ചികിത്സനടത്തേണ്ട ഡാക്കർമാരിൽ അദ്വിതീയൻ അദ്ധ്യാപകനാണ്. ആധു നികസമുദായത്തെ ശാന്തിയും സമാധാനവും നിറഞ്ഞ താക്കി പുനർരചിക്കാനുള്ള ആശയും ആവേശവും ശേഷിയും ശേമുഷിയും വളരുന്നതലമുറയ്ക്കു നല്കാൻ അദ്ധ്യാപകനല്ലാതെ മററാക്കും സാദ്ധ്യമല്ല. ഓരോ വഷവും മുമ്പിൽ കിട്ടുന്ന നാല്പതോ നാന്തുറോ വിദ്യാത്ഥി കളെ സ്നേഹത്തിൻേറയും, സേവനത്തിൻേറയും, ത്യാഗ ത്തിൻേറയും സന്ദേശവാഹകരായ നല്ലമനുഷ്യരാക്കി ഉയ ത്താൻ ആദശശാലിയും പ്രഗത്ഭനുമായ അദ്ധ്യാപകനു കഴിയും.

## അദ്ധ്യാപകൻെറ അഭ്യസനം

ശ്രീഹഷൻ "നൈഷധം" ഒന്നാംസഗ്ഗം നാലാംശ്ലോക ത്തിൽ വിദ്യാഭ്യാസത്തെ നാലു ഘട്ടമായി തിരിക്കുന്നുണ്ടു്.

"അധീതിബോധാചരണപ്രചാരണൈ-
ർദ്ദശാശ്ചതസ്രഃ പ്രണയന്നുപാധിഭിഃ
ചതുർദ്ദശത്വം കൃതവാൻ കുതഃ സ്വയം
ന വേദ്മി വിദ്യാസു ചതുർദ്ദശ സ്വയം."

അധീതി, ബോധം, ആചരണം, പ്രചാരണം—ഇങ്ങനെ നാലാണ് വിദ്യാഭ്യാസത്തിൻെറ ഘട്ടങ്ങൾ. ഒന്നാമത്തേതു് അധീതി—ആചായ്യന്മാരിൽനിന്നും ഗ്രന്ഥങ്ങളിൽനിന്നും അറിവുനേടുക. അതു വിദ്യാഭ്യാസത്തിൻെറ ഒന്നാമത്തെ പടിയാകുന്നതേയുള്ളൂ. അതാണ്, അഥവാ അതിൻെറ ഒരംശമാണ് ഇന്നു സമ്പൂണ്ണവിദ്യാഭ്യാസമായി തെററിദ്ധരി

ക്കപ്പെടുന്നതു്. അധീതികൊണ്ടു്, ധാരാളം പച്ചക്കറിസ്സാധനങ്ങൾ ഒരു ക്രമീകരണവുംകൂടാതെ കറിക്കു നുറുക്കിയിട്ടിരിക്കുന്ന ഒരു 'കലവറ'യായി വിദ്യാൎത്ഥിയുടെ മനസ്സു മാറുന്നതേയുള്ളു. കലവറയിൽക്കിടക്കുന്ന പച്ചക്കറിസ്സാമാനങ്ങൾ, എത്ര ചെറുതായി കഷണിച്ചതായാലും, പാകത്തിനു വേവിക്കുകയും മസ്സാലയും മററുംചേൎത്തു എടുക്കുകയും ചെയ്താലല്ലേ അവ ആഹാരാൎഹമാകൂ. അങ്ങനെ പാകപ്പെടുത്തി അകത്താക്കിയാലേ അവ ദഹിച്ചു് പോഷകാംശം രക്തത്തിൽ കലൎന്നു് ജീവിക്കാനുള്ള ശക്തി സംജാതമാവുകയുള്ളു. അതുപോലെതന്നെ നാം നേടുന്ന അറിവുകളും നല്ലതുപോലെ വെന്തു പാകമാകണം. അതിനു വേണ്ട ചേരുവയെല്ലാം ചേരണം. തള്ളേണ്ടതു തള്ളണം. ബാക്കി നമ്മുടെ ജീവിതത്തിൽ പകൎത്തണം. അപ്പോഴേ അതു വിജ്ഞാനമാകൂ. ആ നടപടികളാണു് 'ബോധ'വും 'ആചരണ'വും. ബോധം—നേടുന്ന അറിവുകൾ സ്വന്തം ചിന്തയുടെ ഊഷ്മളതയിൽ നല്ലതുപോലെ പാകപ്പെടുത്തിയെടുക്കുക. അതിനുശേഷം ആചരണം—നാം നേടുകയും, ഊഷ്മളവും നിരന്തരവുമായ ചിന്തകൊണ്ടു പാകപ്പെടുത്തിയെടുക്കുകയുംചെയ്തിട്ടുള്ള അറിവുകൾ നമ്മുടെ ജീവിതത്തിൽ ആചരിക്കുക. ജീവിതംകൊണ്ടു് അവയ്ക്കു വ്യാഖ്യാനം രചിക്കുക. അപ്പോൾ അവ നമ്മുടേതായിത്തീരും.

ഇന്നാകട്ടെ, 'അധീതി'യിൽനിന്നു്, അതും അപൂൎണ്ണമായ അധീതിയിൽനിന്നു്, ബോധവും ആചരണവുമായി ഒട്ടും ബന്ധപ്പെടാതെ, പ്രചരണത്തിലേക്കുള്ള ഒരു കുതിച്ചുചാട്ടംകൊണ്ടാണു്, അദ്ധ്യാപകരുണ്ടാകുന്നതു്. അവൎക്കു

ലഭിക്കുന്ന പരിശീലനംമൂലം 'അധീതി' പൂർണ്ണമാവുകയും, ബോധവും ആചരണവും നടക്കുകയുംവേണം. ഇന്നത്തെ പരിശീലനങ്ങൾ അതിനൊന്നും പര്യാപ്തമല്ല.

## അദ്ധ്യാപകൻെറ നേരേ

ഇങ്ങനെ അധീതി, ബോധം, ആചരണം ഈ മൂന്നു ഘട്ടങ്ങളും തരണംചെയ്തവരേ അദ്ധ്യാപകരാകാവൂ. അവക്കു മററനേകം യോഗ്യതകളും ഉണ്ടായിരിക്കണം. പക്ഷേ ഈ ഗുണങ്ങൾ എല്ലാം സമ്പാദിച്ച അദ്ധ്യാപകർ ആത്മാത്ഥതാപൂർവ്വം പരിശ്രമിക്കണമെങ്കിൽ അവക്കു പ്രോത്സാഹനം കൂടി ലഭിക്കണം. വലിയ കെട്ടിടങ്ങൾ പണിയേണ്ടതല്ല ആവശ്യമെന്നും, അദ്ധ്യാപകരെ സംതൃപ്തരാക്കിക്കഴിഞ്ഞാൽ വൃക്ഷത്തണലുകളിൽവച്ചായാലും അദ്ധ്യാപനം അഭംഗം ആത്മാത്ഥതയോടെ നടത്തിക്കൊള്ളുമെന്നും, അവർ അസംതൃപ്തരാണെങ്കിൽ എത്രമാത്രം അനുകൂലസാഹചര്യങ്ങൾ സൃഷ്ടിച്ചാലും, പ്രയോജനമുണ്ടാകയില്ലെന്നും ശ്രീ: ജവഹർലാൽനെഹ്റു പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ അദ്ധ്യാപകൻെറ നേരേ കുററകരമായ അലസമനോഭാവമാണ് ഇന്നും അധികാരികളും സമുദായവും പ്രദശിപ്പിക്കുന്നതു്.

## നല്ലനാളെ

ഇന്നു നാം വിഭാവനചെയ്യുന്ന 'നല്ലനാളെ' ഒരിടത്തുനിന്നും ഈ ലോകത്തിലേയ്ക്കു അടന്നുവീഴുകയില്ല. അനന്തരതലമുറയുടെ അന്തരംഗത്തിൽ സംഭവിക്കുന്ന ചിന്താവിപ്ലവം അഥവാ സാംസ്കാരികവിപ്ലവംകൊണ്ടേ

ല്ലാതെ സമുദായത്തെ അന്യൂനമായവിധം പുനർരചിക്കാൻ പററുകയില്ല. വളരുന്ന തലമുറയെ പൗരബോധവും, ആദർശശുദ്ധിയുമുള്ള ഒരു ജനസമുദായമാക്കി ഉയർത്താൻ, ആദർശവിശിഷ്ടമായ ഭാവിസമുദായത്തിൻെറ രൂപം ദർശിച്ചു കൊണ്ട് പ്രവർത്തിക്കുന്ന ആത്മാർത്ഥതയുള്ള അദ്ധ്യാപകനു മാത്രമേ കഴിവുണ്ടാകയുള്ളു.

വിദ്യാർത്ഥികളോടും, ജനസമുദായത്തോടും, രാഷ്ട്രത്തിൻെറ ഭാവിയോടും പരിപൂർണ്ണമായ ഉത്തരവാദിത്വമുള്ളവരും, സ്വന്തം തൊഴിലിൻെറ മാഹാത്മ്യത്തിൽ വിശ്വാസമുള്ളവരും, അകളങ്കമായ മനുഷ്യസ്നേഹമുള്ളവരുമായി അദ്ധ്യാപകർ ഉയരണം. അവർക്കു സുലഭമായ പ്രോത്സാഹനവും, ഉണർവും, ഉന്മേഷവും, ലഭിക്കത്തക്കവിധം സമുദായവും രാഷ്ട്രവും അവരെ വീക്ഷിക്കാൻ ഒരുമ്പെടണം. എങ്കിലേ ഐശ്വര്യസമ്പൂർണ്ണമായ സമുദായം ഉയിർക്കൊള്ളുകയുള്ളു!!

# IV

# തിറയാട്ടം

## I

അചലവരൻെറയും അലകടലിൻെറയും അരുമസന്താനമായ കേരളം—അത്ഭുതങ്ങളുടെ നാടായ മലയാളം—ആകർഷകമായ പ്രകൃതിവിഭവങ്ങളാലെന്നപോലെ അത്യന്തികമായ കലാവിഭവങ്ങളാലും പൗരാണികകാലം മുതലേ അനുഗ്രഹിക്കപ്പെട്ടുപോരുന്നു. കലാവിലാസിനിയുടെ കാൽച്ചിലമ്പൊലിയും, പുഞ്ചിരിപ്പൊമ്പാലും, കേരളാന്തരീക്ഷത്തിൽ പുളകപ്രസരവും ആഹ്ലാദപ്രകർഷവും വഴിഞ്ഞുതുടങ്ങിയിട്ട് കാലമെത്രയായെന്നു നിർണ്ണയിക്കുക സാദ്ധ്യമല്ല. സംപൂജ്യകോടിയിൽ പരിഗണിക്കപ്പെടേണ്ട പുരാതനവും പുണ്യസുഭഗവുമായ വിശിഷ്ടസമ്പാദ്യങ്ങൾ, മലയാളികൾക്ക് വിശ്രുദ്ധവും വിശാലവും അസൂയാർഹവുമായ വിഹാരരംഗങ്ങൾ നേടിത്തന്നിരിക്കുന്നു. കേരളീയ—സംസ്കാരത്തിൻെറ സവിശേഷതകളെ അനാവരണം ചെയ്യുന്ന പ്രാക്തനകലകളുടെയും ആരാധനാസമ്പ്രദായങ്ങളുടെയും

കൂട്ടത്തിൽ നാം ഹർഷപൂർവ്വം ആദ്യമായി അനുസ്മരിക്കേണ്ടതു് 'നമ്മുടെ നാടോടിനാടകങ്ങ'ളെയാണ്. പ്രാകൃതമെങ്കിലും ദേവതാപ്രീണനപരമായ പഴയ ദൃശ്യവിനോദങ്ങളുടെ അത്ഭുതസിദ്ധികൾ കേരളീയകലകളുടെ എല്ലാ ധമനികളിലും ഉന്മേഷം ഉളവാക്കിയിട്ടുണ്ടു്. മാത്രമല്ല, ജിജ്ഞാസുക്കളുടേയും പിപഠിഷുക്കളുടേയും സവിശേഷമായ ചിന്തയ്ക്കും പഠനത്തിനും വേണ്ടിടത്തോളംവക ഇന്നും നൽകുകകൂടി ചെയ്യുന്നു.

തിറയാട്ടം, മുടിയേററു്, തീയ്യാട്ടു്, അയ്യപ്പൻപാട്ടു്—എന്നീ അനുഷ്ഠാനനാടകങ്ങൾക്കാണു് (Ritualistic Plays) ഇവയിൽ പ്രാധാന്യവും പ്രാഥമ്യവും. ഈ നാലു വിഭാഗത്തിൽ ഓരോന്നിലും നാടോടിനാടകങ്ങൾ സംഖ്യാധികമായിട്ടുണ്ടു്. ഇവ കേരളസംസ്കാരത്തിന്റെ പഴയ ദശാഘട്ടത്തെ പ്രതിനിധാനംചെയ്യുന്നു. അവ തമസത്തിലാണ്ടുകിടക്കുന്ന കേരളചരിത്രത്തിന്റെ ആദ്യത്തേ ഏടുകളിൽ വെളിച്ചം തെളിക്കുന്നു. മതചരിത്രത്തിന്റെ ഒന്നാമത്തെ അദ്ധ്യായം രചിക്കുന്നു. കഴിഞ്ഞുപോയകാലത്തിന്റെ കളിപ്പൂങ്കാവനത്തിലേക്കു നമ്മെ മാടിവിളിക്കുന്ന ഈ വിഷയത്തെ ആസ്പദമാക്കിയുള്ള ഗവേഷണത്തിൽ സ്തുത്യർഹമായവിധം ബഹുദൂരം മുന്നോട്ടുപോകാൻ, അധുനാതന സാഹിത്യപണ്ഡിതന്മാരുടെ കൂട്ടത്തിൽ, ഡാക്ടർ എസ്സ്. കെ. നായർ അവർകൾക്കും, ശ്രീ: മേക്കുന്നത്തു കുഞ്ഞികൃഷ്ണൻനായർ അവർകൾക്കും മാത്രമേ സാധിച്ചിട്ടുള്ളു.

നമ്മുടെ 'നാടോടിനാടകങ്ങ'ളിൽ അതിപ്രധാനമായ 'തിറയാട്ടം' വണ്ണപ്പകിട്ടേറിയ ദേവതോത്സവമാണു്.

മതോത്സവവും കലോത്സവവുമാണ്. കേരളത്തിൻെറ ഉത്തരപ്രദേശങ്ങളിൽ, ചരിത്രാതീതകാലംമുതൽ പ്രചാരപ്രാചുര്യമുള്ള ഈ ആരാധനോത്സവം, 'തെയ്യാട്ടം', 'തെയ്യം', 'കളിയാട്ടം', 'തിറ' എന്നീ പേരുകളിലും വ്യവഹരിക്കപ്പെടാറുണ്ട്.

'തിറ' എന്ന പ്രാചീനപദത്തിന് "ദൈവദർശനം" എന്നാണ് അർത്ഥം. ദൈവമെന്ന പദത്തിൻെറ രൂപാന്തരമാണ് 'തെയ്യം.' വേഷംകെട്ടിയ ദൈവങ്ങളെ കാണാനൊക്കുന്ന ദൃശ്യവിനോദമാണത്രേ തിറയാട്ടം. ദൈവത്തിൻെറ വേഷമണിഞ്ഞാടുന്നതുകൊണ്ട് "ദൈവാട്ടം" അഥവാ "തെയ്യാട്ടം" എന്ന പേരും സിദ്ധിച്ചു. അതു തന്നെ തറയിൽവച്ചു നടത്തുന്നതുമൂലം 'തറയാട്ട'വും, അതു പിന്നീട് 'തിറയാട്ട'വും ആയതായിരിക്കണം. അതുമല്ലെങ്കിൽ 'ദൈവദർശന'പരമായതുകൊണ്ട് 'തിറയാട്ടം' എന്ന സംജ്ഞ ഉണ്ടായതുമാകാം. 'കളി'യും 'ആട്ട'വും മുഖ്യഘടകങ്ങളിൽപ്പെടുന്നതുനിമിത്തം 'കളിയാട്ടം' എന്ന പേരും അന്വർത്ഥമായിരിക്കുന്നു

ദേവതാപൂജയും, പിതൃപൂജയും, വീരപുരുഷാരാധനയുമാണ് 'തിറയാട്ട'ത്തിലെ കാതലായ കാര്യങ്ങൾ. വിനോദം ആനുഷങ്ഗികമായ നേട്ടങ്ങളിൽ ഒന്നുമാത്രമേ ആകുന്നുള്ളൂ.

'തിറ' കാവുകളിലും വീടുകളിലും നടന്നുവരുന്നുണ്ട്. തിറയാട്ടത്തിലെ ദേവതാപൂജയുടെ അടിസ്ഥാനശക്തി, ഭയാത്മകമായ ഭക്തിയും, അന്ധവിശ്വാസശക്തിയും അല്ലാതെ മററൊന്നുമല്ല. പരദേവതകളുടെ കോലമാ

ണിഞ്ഞും, പിതൃക്കളുടെ വേഷമണിഞ്ഞും നിർവ്വഹിക്കുന്ന ഈ നൃത്താരാധന പാരമ്പര്യമായി ആചരിച്ചുപോരുന്ന ഒരു പ്രാകൃതപൂജയാണ്. 'അമ്മൻപൂജ' തെയ്യാട്ടത്തിലെ ദേവതാരാധനകളിൽ ഒന്നാണെന്നല്ല ഒന്നാമത്തേതാണ്. നമ്മുടെ ആദിമദേവതകളിൽ ഒട്ടുമിക്കവപേക്ഷം തിറ കഴിക്കാറുണ്ട്. മുപ്പത്തിഒൻപതു ദേവതകൾക്കാണു മുൻഗണനയെങ്കിലും ഉപദേവതകളുടെ സംഖ്യ കുറവല്ല.

'തിറ'യാടിക്കപ്പെടുന്ന ആരാധ്യദേവതകളിൽ നമ്മുടെ പ്രതാപശാലികളായ പ്രാചീനവംശനായകന്മാരും, കീർത്തികേട്ട മന്ത്രവാദികളും മററും ഉൾപ്പെടുന്നു. വീരസ്വർഗ്ഗം പ്രാപിച്ച ആയുധാഭ്യാസികളായ യോദ്ധാക്കളും, കർമ്മധീരതയുടെ മണ്ഡലത്തിൽ പ്രശസ്തിയും പ്രസിദ്ധിയും നേടിയ അസാധാരണന്മാരായ പൂർവ്വന്മാരും, ധീരവനിതകളുമാണ് മൂന്നാമത്തെ വിഭാഗം. നാലാമതായി, മാരകശക്തിയുള്ള സാംക്രമികരോഗങ്ങളുടെ അധിദേവതകളാണെന്നു സങ്കല്പിക്കപ്പെട്ടിരിക്കുന്ന ഭഗവതിമാരാണ് തിറയാടിക്കപ്പെടാറുള്ളത്.

## തിറയാട്ടത്തിലെ ചടങ്ങുകൾ

ധനുമുതൽ മേടംവരെയുള്ള കാലഘട്ടത്തിലാണ് മലബാറിൽ 'കളിയാട്ടം' നടക്കുക. അതിൻെറ ചടങ്ങുകൾ അന്യാദൃശവും അത്ഭുതാവഹവുമാണ്. മിക്ക കഴകങ്ങളിലും മൂന്നുദിവസത്തെ നൃത്താരാധനോത്സവമായിരിക്കും. ചില സ്ഥലങ്ങളിൽ ഉത്സവത്തിനുമുൻപ് 'കൊടിയേ' റുന്ന സമ്പ്രദായവുമുണ്ടത്രേ.

സാധാരണയായി ഒന്നാമത്തെ ചടങ്ങ് 'ആലാ കോലം'കെട്ടി പ്രകടിപ്പിക്കുക എന്നതാണ്. ഈ പ്രദ ർശനം ഒന്നാംദിവസം രാത്രി നടക്കും. പിറേറന്നു നട ത്തേണ്ട 'വെള്ളാട്ട'ത്തിൻെറ ഒരു സൂചനാപ്രകടനംകൂടി ഉണ്ടായിരിക്കും; ഇതാണ് 'നട്ടത്തിറ.' രണ്ടാംദിവസം പ്രഭാ തത്തിൽ, 'വേലകളി' എന്ന അതുല്യമായ ആയോധന നൃത്തമാണ് ആദ്യം. അന്നു പകലാകട്ടെ, ഇടയ്ക്കിടയ്ക്കു പൂജാദികർമ്മങ്ങൾ കാണും. വൈകിട്ട് അഞ്ചുമണിക്കാണു 'വെള്ളാട്ടക്കോലം.' വർണ്ണശബളവും, ആകർഷകോജ്ജ്വല വുമായ വേഷവിധാനങ്ങളോടേ ദേവതാവേഷക്കാരൻ രംഗ ത്തെത്തും. തോററംപാട്ടിൻെറയും, ചെണ്ടയുടെയും ഉച്ച നാദം അന്തരീക്ഷത്തിൽ തരംഗപ്രവാഹമുളവാക്കിത്തുടങ്ങും; അയാൾ പ്രാഥമികനൃത്തം ആരംഭിക്കും. വേഷമില്ലാത്ത കുറേ ആളുകൾകൂടി പിന്നീടു തുള്ളിത്തുടങ്ങും; ക്രമേണ കതിനാവെടികൾ മുഴങ്ങും; ദിഗന്തങ്ങൾ നടുങ്ങും; വാദ്യ ഘോഷങ്ങൾ മുഴങ്ങും; വെള്ളാട്ടക്കാർ തിരിഞ്ഞും, പാഞ്ഞും, ഉറഞ്ഞും തുള്ളിത്തുടങ്ങും; കർണ്ണാമൃതമായ കാൽച്ചില മ്പൊലി എങ്ങും പൊങ്ങും. വളരെനേരം ഇങ്ങനെ നൃത്ത മാടിക്കഴിഞ്ഞാൽ, കാവിനുമുന്നിൽ പീഠംവച്ച് ഒരു വെള്ള വസ്ത്രം വിരിക്കുകയായി. ആട്ടക്കാരൻ ഏതാനും നിമിഷം ധ്യാനനിമഗ്നനായി നിൽക്കും. അതിനുശേഷം "ദൈവ ത്തിനു വിളിക്കൽ" എന്ന കർമ്മമാണ്. ദേവതയുടെ വാഴ്ച യ്ക്കു വിജയമുണ്ടാകണമെന്നും, 'തോററം' കേൾക്കാനും അനുഗ്രഹിക്കാനും ദൈവം കന്നിരാശിയിൽ പ്രത്യക്ഷപ്പെട ണമെന്നും അർത്ഥം വരത്തക്കവണ്ണം അതതു ദൈവത്തോട്

അപേക്ഷിക്കും. ‘ഗുളികൻതിറ’യിലെ ‘ദൈവത്തിനുവിളിക്കൽ’ ഇങ്ങനെയാണു്:—

“കോലത്തെക്കാണ്മാനും
തോററത്തെക്കേൾപ്പാനും
പോന്നുവെളിച്ചപ്പെടേണം
വിഷ്ണുവാംഗുളികൻദൈവം.”

അനന്തരം, വീണ്ടും തോററം തുടങ്ങും. തോററംപാട്ടിന്റെയും, ചെണ്ടമേളത്തിന്റെയും മംഗലധ്വനി അത്യുച്ചത്തിൽ ഉയൎന്നു് ദേവതയുടെ നൃത്താടോപത്തെ വീണ്ടും വീണ്ടും കൊഴുപ്പിക്കും. പ്രേക്ഷകർ സപ്രശ്രയം അരിയും പൂവും വെള്ളവിരിച്ചതിൽ എറിയും. ഓരോരോ ആയുധം കൈയിലേന്തിയും, ഇടയ്ക്കിടയ്ക്കു് അട്ടഹാസം മുഴക്കിയും, ‘ദൈവം’ നൃത്തം തുടരും. പിന്നീടു് ‘കാവൂട്ടം വാഴ്ച്ച’യെ അഭിസംബോധനചെയ്തുകൊണ്ടുള്ള അരുളപ്പാടും, പ്രസാദദാനവും കഴിഞ്ഞു് ആ വെള്ളാട്ടക്കാരൻ പ്രണാമപുരസ്സരം പിൻവാങ്ങും. അനന്തരം വേറൊരു ദേവതയുടെ വെള്ളാട്ടം തുടങ്ങും. വെള്ളവിരിച്ചുകൊണ്ടുള്ള ആട്ടം എന്ന അൎത്ഥത്തിൽ ‘വെള്ളാട്ടം’ എന്ന സംജ്ഞ ഈ ചടങ്ങിനു വളരെ യോജിക്കും.

‘വെള്ളാട്ട’ത്തിനുശേഷം, അദ്ധരാത്രിക്കുമുൻപു് ‘തിറയാട്ടം’ സമാരംഭിക്കും. ‘തെയ്യ’ങ്ങളുടെ വേഷങ്ങൾക്കു് അല്പാല്പം അന്തരംകാണും. ‘മുഖത്തെഴുത്തു്’ എല്ലാവൎക്കും വേണം. ചില ‘തിറ’കൾക്കു വിചിത്രമായ ചട്ടയും, ഉടയാടയും, ചിലൎക്കു കുരുത്തോലാലങ്കാരങ്ങളും, കറുപ്പും, ചുവപ്പും, വെളുപ്പുമുള്ള ഉ[illegible]രവും, കുരളാരവും,

MADRAS UNIVERSITY LIBRARY 6 MAR 2003 CHENNAI-600 005
MUL 288082

ചെത്തിപ്പൂമാലയും, തുളസിമാലയും ഉണ്ടായിരിക്കും. വികാരോത്തേജകമായ വിധത്തിലാണു് രംഗപ്രവേശം. തോററം കഴിഞ്ഞു് അപ്രതിരോദ്ധ്യമായ ആവേശത്തോടുകൂടി 'തിറയാട്ട'ത്തിലെ ദൈവങ്ങൾ കാവിൻെറ മുന്നിൽ പാഞ്ഞെത്തുകയാണു്. വായുവേഗത്തിലുള്ള വരവും, ആവേശഭരിതമായ നൃത്തവും, കുത്തുവിളക്കുകാരുടെ ചാട്ടവും, പന്തക്കാരുടെ കേററവും, വാദ്യവാദനങ്ങളുടെ കൂട്ടവും, മഞ്ജീരശിഞ്ജിതത്തിൻെറ പൊന്നലകളും, ദിഗന്തങ്ങൾ നടുങ്ങത്തക്ക വിധമുയരുന്ന ആർപ്പുവിളികളും അട്ടഹാസങ്ങളുമെല്ലാം കൂടി ഭയവും, ഉൽക്കണ്ഠയും, അത്ഭുതവും, ആഹ്ലാദവും, സമീചീനമായി സമ്മേളിക്കുന്ന ഒരന്തരീക്ഷം സൃഷ്ടിക്കും. അനന്തമായ ഒരത്ഭുതലോകത്തിൻെറ കവാടം തുറക്കും. മാദകമായ ആഹ്ലാദാതിരേകത്തിൻെറ ശ്രീകോവിൽ തുറക്കും. ഉദ്വേഗഭരിതരായി നിലകൊള്ളുന്ന പ്രേക്ഷകരുടെ ഹൃദയത്തിൽ ഉൽക്കടവും ഉഛൃംഖലവുമായ വികാരങ്ങളുടെ വേലിയേററം ഉളവാക്കും. നൃത്തം തുടൎന്നുനടക്കും. കാണികൾ സശിരഃകമ്പം രസിക്കും. കുറേനേരംകൊണ്ടേ 'പ്രാരംഭനൃത്ത'വും, 'അരുളപ്പാടും' അവസാനിക്കൂ. അതുകഴിഞ്ഞാലുടൻ 'മുടിവയ്ക്ക'ലും 'കാവുചുററലു'മാണു്. ചില 'തെയ്യ'ങ്ങളുടെ പെരുമുടിയുടെ വലിപ്പവും പൊലിപ്പും ആളുകളെ വിസ്മയസ്തബ്ധരാക്കും. 'ഗുളിക'ൻെറയും 'ഘണ്ടാകൎണ്ണ'ൻെറയും മററും മുടിക്കു് ഒരു പനയുടെയോ തെങ്ങിൻെറയോ ഉയരംകാണും. ഭുവനഭയങ്കരമായ അത്തരം രൂപങ്ങൾ ആരെയും കിടിലംകൊള്ളിക്കും. വളരെനേരത്തെ നൃത്തത്തിനുശേഷം, തിരുമുടിഭാരം അഴിച്ചു് അരുളപ്പാടുകളും അനുഗ്രഹാശിസ്സുകളും പൊഴിക്കും. 'തെയ്യം' ഉറഞ്ഞു

തുള്ളിക്കൊണ്ടുനിന്ന് 'കല്പന' പുറപ്പെടുവിക്കും. ശ്രോതാക്കൾ ഉടൻ തങ്ങളുടെ 'പ്രായശ്ചിത്തം' നിശ്ചയിക്കുകയായി. 'ദൈവം' സാഷ്ടാംഗം നിവേദ്യം കഴിക്കും. അതോടേ 'തിറ' അവസാനിക്കും.

മൂന്നാംദിവസം മദ്ധ്യാഹ്നമാകുമ്പൊഴോ, സായംസന്ധ്യയാകുമ്പൊഴോ എല്ലാ'തെയ്യ'ങ്ങളുടെയും പ്രകടനം സമാപിക്കും. പിന്നീടാകട്ടെ, 'കാവുപ്രദക്ഷിണം' നടത്തിക്കൊണ്ടുള്ള 'വേല'യാണ്. അതോടേ ചടങ്ങുകൾ മുഴുവനും ഉപസംഹരിക്കപ്പെടും.

മൂന്നൂററൻ, അഞ്ഞൂററൻ, മലയൻ എന്നീ പിന്നോക്കസമുദായക്കാരാണ് പ്രധാനതിറയാട്ടക്കാർ. ഇന്നും മലയർ, പെരുവണ്ണാൻ എന്നീസമുദായക്കാരുടെ ഒരു തൊഴിലായിപ്പോലും തിറയാട്ടത്തെ കരുതിപ്പോരുന്നു. ബാഹ്യവും ആന്തരവുമായ പ്രത്യേകതകളുടെ വെളിച്ചത്തിൽ, മററെല്ലാ നാടോടിനാടകങ്ങളേക്കാൾ പഴക്കം 'തിറയാട്ട'ത്തിനാണെന്ന് നിരാക്ഷേപമായി കല്പിക്കാം.

വടക്കേമലയാളത്തിലെ 'തിറയാട്ട'ത്തോട് പലനിലയിലും അഭേദ്യമായ ബന്ധമുള്ള ഒരുതരം 'തിറയാട്ടം' തുളുനാട്ടിൽ നടന്നുവരുന്നു. ഇവതമ്മിലുള്ള സാദൃശ്യാതിരേകവും, ഇവയിൽ പ്രകടിതമാകുന്ന കേരളീയതയും, ഈ നാടുകൾതമ്മിലുള്ള സാംസ്കാരികബന്ധത്തെയും, തുളുനാടും പണ്ടു കേരളത്തിൽ പെട്ടിരുന്നെന്നുള്ള അഭിപ്രായത്തെയും ഉറപ്പിക്കുകയാണ്.

## തിറയാട്ടവും സുകുമാരകലകളും

സുകുമാരകലകളുടെയെല്ലാം അംശങ്ങൾ 'തിറയാട്ട' ത്തിൽ ഏറെക്കുറെ കലർന്നിട്ടുണ്ട്. ചിത്രകലയുടെയും, ശില്പകലയുടെയും അംശങ്ങൾ മുഖമെഴുത്തിലും, പെരുമുടിയുടെ നിർമ്മാണത്തിലും, കിരീടം, നെററിപ്പട്ടം, കണ്ണാവതംസം, കഴുത്താരം, കുരളാരം തുടങ്ങിയ വിമോഹനങ്ങളായ ആഭരണങ്ങളുടെ നിർമ്മാണത്തിലും, ഉത്തരീയം പട്ടുടയാട, മുതലായ വേഷങ്ങളുടെ അണിയലിലും ദൃശ്യമാകുന്നു. മുഖമെഴുത്തിലെയും, ഉത്തരീയങ്ങളിലെയും മററും വൈവിദ്ധ്യമുള്ള വർണ്ണങ്ങളുടെ സമ്മേളനം കലാപരമാണ്. നൃത്തവും, നാട്യവും, തിറയാട്ടത്തിൽനിന്നും വളരെയൊന്നും അകന്നു പോകുന്നില്ല. തുടക്കംമുതൽ ഒടുക്കംവരെ താണ്ഡവം നിർഭരമായി കാണാം. ചില ദേവിമാരുടെ ആട്ടത്തിൽ, വിരളമായിട്ടാണെങ്കിലും ലാസ്യത്തിൻെറ ഛായകാണാം. ഹൃദയാവർജ്ജകമായ കലാംശമാകട്ടെ, തികച്ചും അശാസ്ത്രീയമാണെന്നു പറയാൻ നിർവ്വാഹമില്ല. ശ്രവണമധുരമായ തോററംപാട്ടിലും, വാദ്യഘോഷങ്ങളിലും, സംഗീതത്തിൻെറയും, തോററംപാട്ടിൽ സാഹിത്യത്തിൻെറയും സ്വാധീനവും ശക്തിയും ഗണനീയമായി മേളിച്ചിട്ടുണ്ട്.

## തിറയാട്ടവും കഥകളിയും

എല്ലാ ലാവണ്യകലകളുടെയും സമഗ്രവും, സന്തുലിതവും, സമഞ്ജസവുമായ സംയോഗംകൊണ്ട്, മഹത്തായ കലകളുടെ കലയായി വളർന്ന്, വിശ്വവാത്സല്യത്തിൽ ഊയലാടി, മലയാളത്തിൻെറ മാന്യതനേടി, ലോകത്തിൻെറ ശ്രദ്ധയെയും ഭാവനയെയും ആകർഷിച്ചുപോ

രുന്ന കഥകളിയെ സഹായിച്ചിട്ടുള്ള പ്രാചീനകലകളുടെ കൂട്ടത്തിൽ, യാത്രകളിയും, ചാക്യാർകൂത്തും, കൂടിയാട്ടവും, കൃഷ്ണനാട്ടവും, അഷ്ടപദിയാട്ടവും മാത്രമേ സാധാരണക്കാർ ഉൾപ്പെടുത്താറുള്ളു. പക്ഷേ, അവയ്ക്കും പിന്നിൽ, സുകുമാരകലകളുടെ സംഗ്രഹസ്ഥാനമായ (Reservoir) കഥകളിയുടെ പൂർവ്വകാലചരിത്രത്തിന്റെ ഏടുകളിൽ നമ്മുടെ നാടോടിനാടകങ്ങൾ വിലപ്പെട്ട സംഭാവനകൾ സമർപ്പിച്ചുകൊണ്ട് പരിലസിക്കുന്നുണ്ട്. കഥകളിയിലെ—സമ്പൂതവും സമ്പൂർണ്ണവുമായ ആ കലാരൂപത്തിലെ—അഴകും മിഴിവുമൊത്ത അതിമാനുഷവും അത്യുജ്ജ്വലവുമായ വേഷഭൂഷാദികളുടെ അടിസ്ഥാനവിഭവങ്ങളാണ്, തിറയാട്ടത്തിലെയും, മുടിയേററിലെയും വേഷവിധാനങ്ങളിൽ ഉള്ളത്. അവയിൽ, തിറയാട്ടത്തിലെ തെയ്യങ്ങളുടെ ചൈതന്യവസ്തുക്കളായ രൂപഭങ്ഗികളോടാണ് കഥകളിയിലെ രാജസതാമസവേഷങ്ങൾ അനിഷേദ്ധ്യമായ അധമർണ്ണ്യംപുലർത്തുന്നത്. കളിയാട്ടത്തിൽ കഥകളിയിലെ മിക്ക നൃത്തരീതികളുടെയും പ്രാകൃതരൂപമുണ്ട്. രണ്ടിലെയും വാദ്യഘോഷങ്ങൾ തമ്മിലുള്ള ബന്ധവും അവഗണനാർഹമല്ല. ചെണ്ട, ചേങ്കില, ഇലത്താളം എന്നിവ തിറയാട്ടത്തിന്റെ അനുപേക്ഷ്യഘടകങ്ങളാണ്.

II

**നമ്മുടെ നാടോടിനാടകങ്ങൾ**

നമ്മുടെ നാടോടിനാടകങ്ങളിൽ പുരാതനതമമായ 'തിറയാട്ടം' കേരളത്തിന്റെ കാലടികളിൽ കാണിക്കവെച്ചി

ട്ടുള്ള ചൈതന്യസമുജ്ജ്വലമായ സംഭാവനകൾ കാലപ്രവാഹത്തിൽ മാഞ്ഞുപോകാത്തവയും, കലാകുതുകികളുടെയും, ഭാഷാഭിമാനികളുടെയും കൂട്ടതലായ പഠനത്തിനും ഗവേഷണത്തിനും പാത്രീഭവിക്കേണ്ടവയുമാകുന്നു. "നമ്മുടെ നാടോടിനാടകങ്ങളെല്ലാം ദേവതാപ്രീണനത്തെ ലക്ഷ്യമാക്കിയുള്ള ദൃശ്യവിനോദങ്ങളാണ്." ഇന്നത്തെ കലാരൂപങ്ങളുടെ രസാവഹവും വിജ്ഞേയവുമായ പൂർവ്വകാലചരിത്രം പരിശോധിക്കുമ്പോൾ, നാടകമെന്നല്ല എല്ലാ കലകളും നൃത്തസമ്പ്രദായങ്ങളുടെ പരിണാമമാണെന്നു കാണാം. "Dance is the mother of art." പ്രകൃതിശക്തികളുടെ നവംനവങ്ങളായ വ്യതിയാനങ്ങളും വിക്ഷോഭങ്ങളും പൗരാണികമനുഷ്യരിൽ ഉദ്ഭൂതമാക്കിയ ഭയാത്മകമായ മനോഭാവമാണ് ആദ്യകാലത്തെ ആരാധനാസമ്പ്രദായങ്ങളുടെയും നൃത്തരീതികളുടെയും നിദാനം. ഭയന്നും അന്ധാളിച്ചും അന്നത്തെ മനുഷ്യർ വൈചിത്ര്യവും വൈവിദ്ധ്യവുമുള്ള ദേവതകളെ സങ്കല്പിക്കാനും, അവരെ പ്രീണിപ്പിക്കാൻ നൃത്താദികൾ നടത്താനും തുടങ്ങി. അജ്ഞാതവും, അദൃശ്യവും, അത്ഭുതാവഹവുമായ ശക്തിയെ ഭയന്ന മനുഷ്യരുടെ അന്ധവിശ്വാസങ്ങളിൽനിന്നും ആവിർഭവിച്ച ആരാധനാക്രമങ്ങളും, അതിനുവേണ്ടി ആരംഭിച്ച നൃത്തപ്രദർശനങ്ങളും കേരളത്തിന്റെ മാത്രം പ്രത്യേകതയല്ല. അതിന് പ്രാചീനഗ്രീസിലും റോമിലുമെന്നല്ല, സാർവ്വദേശീയമായ പ്രാധാന്യംതന്നെയുണ്ട്. ഭാരതീയനാടകങ്ങൾ അഥവാ രൂപകങ്ങൾ മാത്രമല്ല മതാനുഷ്ഠാനങ്ങളിൽനിന്നും പൊന്തിവന്നിരിക്കുന്നതു്. യവനനാടകമുണ്ടായതു് 'ഡയനോസ്യസ്' എന്ന ദേവനെ സംതൃപ്തിപ്പെടുത്താനായിരുന്നത്രേ.

കേരളത്തിലെ നാടോടിനാടകങ്ങളുടെ പ്രഥമവും പരമവുമായ ലക്ഷ്യം ദേവതാപ്രീണനമാണ്. അടിസ്ഥാനം അന്ധവിശ്വാസവും. വിനോദം അവയുടെ നേട്ടങ്ങളിൽ ഒന്നാണെന്നേയുള്ളു.

## തിറകൾ

മലയാളികളുടെ ആരാധനാസമ്പ്രദായത്തെയും, ആയോധനപാരമ്പര്യത്തെയും, അഭിരുചികളെയും, കലാവിരുതുകളെയും പ്രഖ്യാപിക്കുന്നവയാണ് ഇവിടുത്തെ നാടോടിനാടകങ്ങൾ, വിശിഷ്യ, തിറകൾ. തിറയാട്ടം വീരാരാധനാപരവും,പ്രേതാരാധനാപരവും,വിനോദാത്മകവുമാണെങ്കിലും ഇതൊരു പ്രാകൃതപൂജയാണെന്നു സമ്മതിച്ചേതീരൂ. ദേവന്മാരുടേയും, ദേവിമാരുടേയും, പിതൃക്കളുടേയും കോലമണിഞ്ഞു് ആരാധനനടത്തുന്ന രീതി പഴയവർഗ്ഗക്കാരുടെയിടയിൽ, ലോകത്തിന്റെ നാനാഭാഗങ്ങളിലും നടപ്പുണ്ടെങ്കിലും ഇവിടത്തെ ആരാധനയുടെ മൗലികലക്ഷണങ്ങളെല്ലാം തനി കേരളീയമാണ്; മലയാളികളുടെ ആരാധനാരീതിക്കും, പ്രീതിക്കും, ആയോധനസമ്പ്രദായത്തിനും, വീരരൗദ്രപ്രതിപത്തിക്കും, ഭയജന്യമായ ഭഗവൽഭക്തിക്കും സ്പഷ്ടദൃഷ്ടാന്തങ്ങളാണ്. സാധാരണക്കാരുടെ തമോഗുണപ്രധാനമായ ഹൃദയത്തിൽ ഭയത്തിനുമാത്രമേ ഭക്തിഭാവം അങ്കുരിപ്പിക്കാനും അഭിവൃദ്ധമാക്കാനും കഴിയൂ. ആയുധവും, അലർച്ചയും, ചോരക്കുരുതിയുമെല്ലാമായി ബന്ധപ്പെടുന്ന 'ദൈവ'ങ്ങൾ 'തിറയാട്ട'ത്തിലൂടെ ഭയവും തദ്വാരാ ഭക്തിയും ജനിപ്പിക്കുന്നു. ഒന്നാമത്തേതു് 'അമ്മൻപൂജ'യായതിലും വിസ്മയത്തിനവകാശമില്ല. പ്രപഞ്ചനിയാമകശക്തിവി

ശേഷത്തെ സ്ത്രീയായി സങ്കല്പിച്ച് പൂജിക്കുന്ന രീതി സാവ്ദേശീയമാകുന്നു. 'തെയ്യാട്ട'ത്തിൽ 'തെയ്യം' കെട്ടുന്നവരെല്ലാം ഒരേ സങ്കല്പമല്ല പുലത്തുന്നതു്. ഓരോരുത്തരും 'അമ്മ'ൻെറ സംഖ്യാധികമായ സങ്കല്പങ്ങളിൽ ഓരോന്നും സ്വീകരിക്കുന്നു. പണ്ടത്തെ ദേവതകളിൽ മിക്കപേരും 'തിറ' ആടിക്കപ്പെടാറുണ്ടു്. കാളി, ഭദ്രകാളി, കരിങ്കാളി, ചാമുണ്ഡി, രക്തചാമുണ്ഡി തുടങ്ങിയ കാളികൾ,—ചാത്തൻ, കുട്ടിച്ചാത്തൻ, പുലിക്കുട്ടിച്ചാത്തൻ തുടങ്ങിയ ചാത്തന്മാർ,—പച്ചമാനഗന്ധർവ്വൻ, പവിഴമാനഗന്ധർവ്വൻ, ആകാശഗന്ധർവ്വൻ തുടങ്ങിയ ഗന്ധർവ്വന്മാർ,—ആകാശഭൈരവൻ, അഗ്നിഭൈരവൻ തുടങ്ങിയ ഭൈരവന്മാർ,—വിഷ്ണു, ശിവൻ തുടങ്ങിയ ദേവന്മാർ,—ഇവരൊക്കെ തെയ്യങ്ങളിൽ പാടുന്നു. പൊട്ടൻ, ഉച്ചിട്ടഭൈരവൻ, പരദേവത, വിഷ്ണുമൂർത്തി (നരസിംഹാവതാരം) എന്നിങ്ങനെ പലവിധവേഷങ്ങളും കെട്ടി ആടിവരുന്നുണ്ടു്.

## ഐതിഹ്യങ്ങൾ

തിറയാട്ടത്തിൻെറ പശ്ചാത്തലമായി, ഓരോ തെയ്യത്തെയുംസംബന്ധിച്ച് പലവിധത്തിലുള്ള ഐതിഹ്യങ്ങളാണു പ്രചരിച്ചിട്ടുള്ളതു്.

ചാമുണ്ഡിയെക്കുറിച്ച് രസാവഹമായ ഒരു ഐതിഹ്യമുണ്ടു്. ചാമുണ്ഡിയായിത്തീന്നതു് വെള്ളത്തിൽവീണു മരിച്ച ഒരു മദ്യപാനിയാണത്രേ. ഒരിക്കൽ ഒരു നമ്പ്യാരും, ഒരു തീയ്യനും, ഒരു മലയനുംകൂടി മദ്യപിച്ചുനടക്കുമ്പോൾ ഒരു തോടു കടക്കേണ്ടിവന്നു. ആഴമേറിയ ആ തോട്ടിൽ ഒരു ചെറിയ പാലമേ ഉണ്ടായിരുന്നുള്ളു. മദോന്മത്തരായ

മൂന്നുപേരും പാലത്തിന്മേൽ കയറി. രണ്ടുപേർമാത്രമേ അക്കരെ എത്തിയുള്ളു. "ചാമൻ എവിടെ?" എന്നു നമ്പ്യാർ ചോദിച്ചതിനു "ചാമൻ ഡീം" എന്നാണത്രേ മലയൻ മറുപടി പറഞ്ഞതു്. ആ തീയ്യൻ വെള്ളത്തിൽ വീണുപോയതായിരുന്നു. 'ചാമൻഡീം' പിന്നീടു് 'ചാമുണ്ഡി'യായതാണുപോലും.

'ഗുളി'കനെപ്പററിയുള്ള ഒരൈതിഹ്യം ഗുളികൻ കള്ളനാണെന്നു സ്ഥാപിക്കുന്നതാണു്. അവൻ നാളികേരം മോഷ്ടിക്കുവാൻ തെങ്ങിൽകയറിയപ്പോൾ വീണുപോയത്രേ അങ്ങനെ ദുർമ്മരണം പ്രാപിച്ച ഗുളികന്റെ കോലംകെട്ടി പില്ക്കാലത്തു് ആടിത്തുടങ്ങിയതാണുപോലും. ഗുളികൻ വേഷക്കാരൻ വലിയ മുടിവച്ചുകെട്ടി നിലത്തുകിടന്നു വളരെ നേരം ഉരുളുക പതിവാണു്. അതു് തെങ്ങിൽനിന്നുവീണു് മരണവേദനയോടുകൂടി ഉരുളുകയും പെരളുകയുംചെയ്തതിന്റെ സ്മരണയ്ക്കാണെന്നാണു് ഈ ഐതിഹ്യം ഉൽഘോഷിക്കുന്നതു്.

'തിറയാട്ട'ത്തെ ഒരു വീരാരാധനയായിമാത്രം കരുതുന്നവരുമുണ്ടു്. തിറയാടിക്കപ്പെടുന്ന ഒരു നല്ലവിഭാഗം ദൈവങ്ങൾ നമ്മുടെ നാട്ടുകാരാണു്; ഈ മണ്ണിൽ ജനിച്ചു ജീവിച്ചു വളൎന്നവരാണു്. വീരസ്വൎഗ്ഗംപ്രാപിച്ച ആയുധാഭ്യാസികളായ യോദ്ധാക്കൾക്കാണു് ഇക്കൂട്ടത്തിൽ മുൻഗണന. അവരെ ദൈവങ്ങളായി സങ്കല്പിച്ചു് അവരുടെ വേഷംകെട്ടി ആട്ടംനടത്തുന്നു. തച്ചോളിഒതേനൻ, കണ്ടനാർകേളൻ, പയ്യൻപള്ളിച്ചന്തു, തണ്ടാച്ചേരിചാപ്പൻ തുടങ്ങി പ്രാചീനകേരളത്തിലെ പൌരുഷമൂൎത്തികളിൽ,

പോരാളിവീരന്മാരിൽ, പ്രമാണികളെമാത്രമല്ല ഇങ്ങനെ തിറയാടിച്ചുവരുന്നതു്. പരമസാധ്വികളായി ജീവിച്ച വീരവനിതകൾക്കും 'തിറ' കഴിക്കാറുണ്ടു്. 'കടാങ്കോട്ടു മാക്കം', ഈവിധം വേഷംകെട്ടി തിറയാടിക്കപ്പെടുന്ന 'ഭഗവതി'മാരിൽ പ്രാധാന്യം നേടിയിരിക്കുന്നു. "മാക്കം ഭഗവതി" ക്രമേണ "മാക്കപ്പോതി"യായി മാറി.

'കടാങ്കോട്ടുമാക്ക'ത്തെപ്പററിയും ഒരൈതിഹ്യമുണ്ടു്. 'മാക്കം' വാസ്തവത്തിൽ പതിവ്രതയായിരുന്നു. പക്ഷേ അവളുടെ ചാരിത്രത്തിൽ 'ആങ്ങള'മാർക്കു് സംശയംതോന്നി. അവർ 'മാക്ക'ത്തെയും കുട്ടികളേയും വെട്ടിക്കൊന്നു കിണററിലെറിയുകയുണ്ടായി. പിന്നീടു പരമാർത്ഥം തെളിഞ്ഞപ്പോൾ അവർ അത്യധികമായി വ്യസനിക്കുകയും പശ്ചാത്തപിക്കുകയുംചെയ്തു. അതിന്റെ സ്മരണയ്ക്കും, 'മാക്ക'ത്തെപ്പററിയുള്ള മതിപ്പു നിലനിത്താനും, അവളുടെ പരിശുദ്ധിയിലേക്കു മററുള്ളവരുടെ ശ്രദ്ധയെ ആനയിക്കാൻ തക്ക പ്രചോദനം നല്കാനും, പില്ക്കാലത്തു 'മാക്ക'ത്തിന്റെ തിറയാട്ടം നടപ്പിലാക്കിയതാണെന്നു് വിശ്വസിക്കപ്പെട്ടു പോരുന്നു. ഇന്നും സന്താനമില്ലാത്ത വ്യക്തികൾ സന്താനലബ്ധിക്കുവേണ്ടി കടാങ്കോട്ടു മാക്കത്തിന്റെ തിറ നടത്താറുണ്ടു്. പെരുവണ്ണാൻസമുദായക്കാരാണു് ഈ തിറകെട്ടുന്നതു്.

'വയനാട്ടുകുലവൻ' എന്നു പറയുന്നതു് വയനാട്ടിലെ ഒരു വലിയ അഭ്യാസിക്കാണത്രേ. ഈ കോലംകെട്ടുന്നവൻ പല അഭ്യാസങ്ങളും പ്രകടിപ്പിക്കുന്നു.

പഴയ മന്ത്രവാദികൾക്കും, കാർണവന്മാർക്കും തിറയാട്ടത്തിൽ സ്ഥാനം കല്പിക്കാറുണ്ടു്. പരമശിവന്റെയും

പാർവ്വതിയുടെയും വനജീവിതത്തെ കുറിക്കുന്ന വേടൻ, കുറത്തി, ആട്ടങ്ങളുമുണ്ട്. ഓരോവീട്ടിലേയും പരദൈവങ്ങളായി ചില പൂർവ്വന്മാരെ കെട്ടി ആടിക്കുന്നു. 'കാർണവ'ന്മാരുടെയും 'ഗുരുക്ക'ന്മാരുടെയും തിറകളിൽക്കൂടി പിതൃക്കളെ പ്രീണിപ്പിക്കാനുള്ള ശ്രമമാണു പ്രകടിതമാകുന്നതു്.

അഗ്നിമണ്ഡലം, ജലമണ്ഡലം, പാതാളമണ്ഡലം തുടങ്ങി വിവിധമണ്ഡലങ്ങളാണു് ദേവതകൾക്കു കല്പിക്കപ്പെട്ടിരിക്കുന്നതു്. ഓരോദേവതയുടെയും ഉത്ഭവത്തെയും, ആഗമനത്തെയും, ദിക്കിനെയുമെല്ലാം സംബന്ധിച്ച് പ്രത്യേകം സങ്കല്പങ്ങളുണ്ടു്. മണ്ഡലങ്ങളുടെ വ്യത്യാസമനുസരിച്ച് വേഷരീതിയിലും അരം വരും.

വേഷം കെട്ടി ആടാറുള്ള ദൈവങ്ങളിൽ ഒരു വിഭാഗംമൂർത്തികൾകൂടി ഉൾപ്പെടുന്നു. സാംക്രമികരോഗങ്ങളുടെ ആധിപത്യം വഹിക്കുന്ന ദേവതകൾ. ഇവർ മിക്കവാറും ഭഗവതിമാരാണു്. മാരകരോഗങ്ങളും, യാതനകളും, വേദനകളുമെല്ലാം ഇവരുടെ അപ്രിയംമൂലമാണെന്നാണു വിശ്വാസം. ശ്രീ'കുരുംബ' 'വസൂരിമാല' എന്നീ ഭഗവതിമാരെയാണു് വസൂരിരോഗത്തിന്റെ അധിഷ്ഠാനദേവതകളായി ആരാധിച്ചുപോരുന്നതു്. ഇവരുടെ 'തിറ' ആഘോഷിക്കുന്നതിന്റെ ഉദ്ദേശം രോഗങ്ങളിൽനിന്നും, ദുരന്തദുരിതങ്ങളിൽനിന്നും, ആ ഭഗവതിമാരുടെ പ്രീതികൊണ്ടു് മോചനം നേടുകയെന്നുള്ളതാണു്.

എല്ലാ 'തിറ'യും ആടിക്കഴിയാറാകുമ്പോൾ, 'കാവൂട്ടുംവാഴ്ച'യെ അഭിസംബോധനചെയ്തുകൊണ്ടുള്ള 'അരുളപ്പാ'ടാണു്. തനിക്കു സന്തോഷമായെന്നും, ആ സന്തോ

ഷത്തിന്നകദോഷംകൂടാതെതക്കവണ്ണം മഹാമാരിയൊഴി ച്ചും, ആപത്തുകളകററിയും, 'മലപോലെവന്നതു മഞ്ഞു പോലെ'യാക്കി കാത്തുരക്ഷിച്ചുകൊള്ളാമെന്നുമുള്ളതാണ് 'ദൈവ'ത്തിൻെറ അപ്പോഴത്തെ 'അരുളപ്പാ'ടിൻെറ സാരം. 'തെയ്യാട്ട'ത്തിൻെറ ഉത്ഭവത്തിനും നിലനില്പിനും മനഃ ശാസ്ത്രപരമായി എന്തുമൂല്യമുണ്ടെന്ന് ഈ അരുളപ്പാടു വെളിവാക്കുന്നു. ഭയവൈവിധ്യങ്ങളിൽനിന്നുള്ള മോച നവും, മനഃസ്ഥൈര്യവും, ആശ്വാസവും, ഭാവിയെക്കുറി ച്ചുള്ള പ്രതീക്ഷയും വിശ്വാസത്തിൽനിന്നും നേടുക— സാധാരണക്കാരെ സംബന്ധിച്ചിടത്തോളം തിറയാട്ടത്തി ൻെറ പ്രയോജനം അതായിരുന്നിരിക്കണം.

നടപടികളും, ചടങ്ങുകളും സാമാന്യമായി പറയു മ്പോൾ ഒരേരീതിയിലാണെങ്കിലും, വേഷത്തിലും രീതി യിലും ക്രമത്തിലും നേരിയ അന്തരം ചിലയിടത്തെ 'തിറ' കളിൽ കണ്ടെന്നുവരാം. ഇതിലെ 'തെയ്യ'ങ്ങൾക്ക് അതാ യതു 'ദൈവ'ങ്ങൾക്ക് ജാതിവ്യത്യാസം കല്പിച്ചിട്ടുണ്ടെന്നു ള്ളതു് വിചിത്രമായ ഒരു പരമാർത്ഥമാണ്. 'ചില ദൈവ ങ്ങൾ,' 'വാണിയർ' 'തീയ്യർ' മുതലായ ജാതിക്കാർക്ക് അവ കാശപ്പെട്ടവരാണുപോലും. ഓരോ 'തെയ്യ'ത്തിനും പ്രധാ നസ്ഥാനങ്ങളും രീതികളും പ്രത്യേകം പ്രത്യേകമാണ്.

ആട്ടക്കാരേ സംബന്ധിച്ചും സുവ്യക്തമായ വ്യവസ്ഥ കൾ ഉണ്ട്. ഓരോ ദേവതയുടേയും 'തിറ'യണിയേണ്ടതു് പ്രസ്തുത വ്യവസ്ഥ അനുശാസിക്കുന്ന സമുദായക്കാരാണ്. മലയൻ, മുന്നൂററൻ, അഞ്ഞൂററൻ എന്നീ സമുദായക്കാ ർക്കാണ് മിക്ക തിറകൾക്കും അവകാശം.

## തിറയാട്ടത്തിൻെറ കാലം

നമ്മുടെ നാടോടിനാടകങ്ങളുടെ വിശേഷിച്ചും തിറയാട്ടത്തിൻെറ കാലമേതാണെന്നു പ്രാമാണികമായി പറയാൻ ഗവേഷകന്മാരെ അധികാരപ്പെടുത്തുന്ന യാതൊരു തെളിവും ഇന്നുവരെ ലഭിച്ചിട്ടില്ല. 'കഴക്കോലിനു നിലയില്ലാത്തിടത്തു കുട്ടതടഞ്ഞിട്ടു നടക്കാൻമേലാ' എന്നു പറഞ്ഞതുപോലെയായിരിക്കും, കേരളചരിത്രത്തിൻെറ പൂർവ്വഭാഗംപോലും അന്ധകാരാവൃതമായിരിക്കെ ചരിത്രാതീതകാലംമുതൽ നടന്നുവന്ന പ്രാകൃതപൂജയായ ഒരാരാധനോത്സവത്തിൻെറ ആരംഭമെന്നാണെന്നു കണ്ടുപിടിക്കാനുള്ള ശ്രമം. തിറയാട്ടത്തിൻെറ പ്രതിഷ്ഠാപകൻ കോലത്തിരിയാണെന്നു സൂചിപ്പിക്കുന്ന ഐതിഹ്യത്തിനു് ഉത്തരകേരളത്തിൽ പ്രചാരമുണ്ടു്. മററു അനേകം ഐതിഹ്യങ്ങൾക്കെന്നപോലെ അപഹാസ്യമായ അസ്വാഭാവികതമാത്രമേ കോലത്തിരിയെയും തിറയാട്ടത്തെയും ബന്ധിപ്പിക്കുന്ന ഐതിഹ്യത്തിനുമുള്ളു. ഒരുവേള, കോലസ്വരൂപത്തിൽപെട്ട വല്ലവരും 'തെയ്യാട്ട'ത്തിനു് പ്രോത്സാഹനം നല്കുകയോ പരിഷ്കാരംവരുത്തുകയോ ചെയ്തിരിക്കാം. കാലനിർണ്ണയവിഷയത്തിൽ 'തിറയാട്ട'ത്തിനു് 'തീയ്യാട്ടി'നേക്കാൾ പഴക്കമുണ്ടെന്നു് ന്യായമായി ഊഹിക്കാം. 'ആട്ടക്കാ'രെപ്പററിയുള്ള അലിഖിതമായ വ്യവസ്ഥകളിൽനിന്നും 'മുടിയേററി'ൽ ആരാദ്ധ്യദേവത 'കാളി'മാത്രമാകകൊണ്ടും, 'തിറ'യിൽ അമ്മൻപൂജയ്ക്കും പ്രാകൃതമായ മററുചില ചടങ്ങുകൾക്കും സ്ഥാനമുള്ളതുകൊണ്ടും, 'മുടിയേററി'ലും പഴക്കം 'തിറയാട്ട'ത്തിനു് ആയിരിക്കാനേ ന്യായമുള്ളു. ഡാക്ടർ എസ്സ്. കെ. നായർ അവർകൾ അഭിപ്രായപ്പെട്ടുംപോലെ,

"ഏതുകാലത്താണോ കേരളത്തിൽ അഞ്ഞൂററാൻ, മുന്നൂററാൻ, മലയൻ മുതലായ ജാതികൾ ഉണ്ടായതു് അക്കാലം മുതലേ തിറയാട്ടവും അതിൻെറ പ്രാകൃതരൂപത്തിൽ നിലവിലുണ്ടായിരുന്നു എന്നു പറയാം." അഗ്നിയേയും വെള്ളത്തേയും അരിയായി ഭയന്നു് പ്രാചീനമനുഷ്യർ ഈശ്വരത്വമേകി പൂജിച്ചുകാണുമെന്നുള്ളതുകൊണ്ടു് അഗ്നിമണ്ഡലത്തിലും ജലമണ്ഡലത്തിലും പെട്ട 'തിറ'കൾക്കായിരിക്കും കൂടുതൽ പഴക്കം.

## തുളുനാട്ടിൽ

തുളുനാട്ടിൽ നടന്നുവരുന്ന ഒരുജാതി തിറയാട്ടവും, ഉത്തരകേരളത്തിലെ ഈ തിറയാട്ടവും തമ്മിൽ പറയത്തക്ക വ്യത്യാസമൊന്നും ഉദ്ദേശലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം ഇല്ല. മലബാറിലെ 'തെയ്യ'ങ്ങൾക്കുപകരം തുളുനാട്ടിൽ 'ഭൂത'ങ്ങളും, 'കാവു'കൾക്കുപകരം 'ഭൂതസ്ഥാന'ങ്ങളും ആണു്. ആന്തരമായകാര്യങ്ങളിൽ അനല്പമായ അകൽച്ചയൊന്നുമില്ല. ധീരന്മാരും, അസാധാരണന്മാരുമായ 'പൂർവ്വി'ന്മാരെ 'കെട്ടിപ്പേരിട്ടു' തിറയാടിക്കുന്ന പതിവു് അവിടെയുമുണ്ടു്. ഗ്രാമസംരക്ഷകരെന്നും, വനവാസികളെന്നും, മാരകശക്തിയുള്ള രോഗങ്ങളുടെ അധിദേവതകളെന്നും പ്രധാനഭൂതങ്ങളെ അവിടെ മൂന്നായി തരംതിരിച്ചിട്ടുണ്ടു്. അങ്ങനെ, സത്തുക്കളും അസത്തുക്കളുമായ ദേവതകളോടുള്ള ഭയാശ്രയഭക്തിയാണു് അവിടത്തെ ചടങ്ങിൻെറയും മൗലികതത്ത്വം. 'തെയ്യം'കെട്ടുന്നതാകട്ടെ അവിടെയും പിന്നോക്കവൎഗ്ഗക്കാർതന്നെ. ഓരോ 'തെയ്യം' അണിയാനും ഓരോ സമുദായക്കാൎക്കു് അവകാശം കൊടുക്കുന്ന

അലിഖിതമായ വ്യവസ്ഥ അവിടെയുമുണ്ട്. അകൃത്രിമമായ സാദൃശ്യാതിരേകത്തിൻെറ വെളിച്ചത്തിൽ തുളുനാട്ടിലെ ഈ ദേവതാരാധനോത്സവം മലബാറിലെ 'തിറയാട്ട' ത്തിൻെറ അപൂർണ്ണമായ പകപ്പുമാത്രമാണ്.

## തിറയാട്ടവും
## ഭാഷാപരവും ചരിത്രപരവുമായ സംഭാവനയും

തിറയാട്ടം പ്രത്യക്ഷമായിട്ടല്ലെങ്കിലും, പരോക്ഷമായി സാഹിത്യവികാസത്തിനേകിയിട്ടുള്ള സഹായം ഭാഷാമർമ്മജ്ഞന്മാരുടെ സശ്രദ്ധമായ അനുസ്മരണവും, ഗവേഷണവും അർഹിക്കുന്നു. തിറയാട്ടത്തിലെയും, മുടിയേററിലെയും 'തോററംപാട്ടുകൾ', വാസ്തവത്തിൽ, കൈരളിയുടെ ആദ്യത്തെ കണ്ഠാഭരണങ്ങളാണ്. പരശ്ശതം വർഷപരമ്പരയോടു പരിഭവിച്ചും, അവയെ അതിജീവിച്ചും ഇന്നും നിലനില്ക്കുന്ന തോററംപാട്ടുകളിൽ, സാഹിത്യഗുണങ്ങൾ നിറഞ്ഞുതുളുമ്പുന്നില്ലെങ്കിലും, അവയ്ക്കു നല്ല ഒഴുക്കും ഓമനത്തവുമുണ്ട്. സാഹിത്യരീത്യാ കനവും കാമ്പൂററവും കുറവുണ്ടെങ്കിലും, പലപ്പോഴും കനത്ത അർത്ഥംതാങ്ങുന്ന പദങ്ങളുടെ പരുപരുപ്പും കിരുകിരുപ്പുമില്ല.

ഗുളികൻ—തോററം തുടങ്ങുന്നതിങ്ങനെയാണ്:—

"കററച്ചെഞ്ചിട മുടിയോൻ
കക്കൻ തൻ മകൻപിള്ളയോൻ
ഒററക്കൊമ്പുടയവനോ
ഓമനഗണപതിയേ—"

കഴിഞ്ഞകാലം നമ്മെ രോമാഞ്ചകഞ്ചുകിതരാക്കുന്ന മറെറാരു തോററം ആരംഭിക്കുകയാണ്:—

"കേരളമെങ്ങും കേളിമികച്ചൊരു
കോമളമൂർത്തി ചാമുണ്ഡേശ്വരി
കേവലമിന്നൊരു സ്വരൂപമെനിക്കു
വഴക്കംവേണമതെന്നുനിനച്ചു.
പട്ടുബലമാം മുക്കാതം നാട്ടിനു
മകുടമതാകും തൃക്കണ്ണപ്യാവിൽ
പുക്കുനമിച്ചഥ മുക്കണ്ണരെയും
മൈക്കണ്ണീശ്വരിയാമവർതന്നെ
ആവാഹിച്ചൊരു ചെമ്പുകുടത്തിൽ
സന്തോഷിപ്പിച്ചുഴകൊട്ടതൻെറ
ഭൃത്യജനത്തിൻ കയ്യതിൽ നൽകി—"

'തോററം' എന്ന പദത്തിന് 'അവതാര'മെന്നും 'സ്തുതി'യെന്നും, 'തോന്നുക'യെന്നും അർത്ഥമുണ്ട്. ഈശ്വരാവതാരത്തെ കുറിക്കുന്നതെന്നോ, സ്തോത്രമെന്നോ, ഭക്തന്മാക്ക് അനായാസമായി ഉള്ളിൽ തോന്നിയതെന്നോ ഉള്ളതാകാം ഈദൃശഗാനങ്ങളെക്കുറിക്കുന്ന സങ്കല്പം. അവയിലടങ്ങിയിരിക്കുന്ന വൃഥാസ്ഥൂലമായ കഥാഗാത്രത്തിലെ അവിശ്വസനീയങ്ങളായ അസ്വാഭാവികതകളൊഴിച്ചാൽ, ഈ ഗാനതല്ലജങ്ങൾക്ക് ഭാഷാപരമായും ചരിത്രപരമായും വളരെയധികം പ്രാധാന്യമുണ്ട്. ചിരന്തനകേരളത്തിൻെറ രാഷ്ട്രീയസാമുദായികചിത്രം, അന്നത്തെ രാജനീതിയും ആചാരങ്ങളുംവരെ സുസ്പഷ്ടമാകത്തക്കവിധം, ചില തോറ്റങ്ങളിൽ പ്രദശിപ്പിച്ചിരിക്കുന്നു.

ഇങ്ങനെ, പലതുകൊണ്ടും കേരളത്തിലെ നാടോടി നാടകങ്ങളിൽ ഏററവും കൂടുതൽ പഴക്കവും പ്രാധാന്യവും 'തിറയാട്ട'ത്തിനാണ്. പ്രാകൃതമെങ്കിലും ഈ ആരാധനോത്സവം പ്രാചീനകേരളത്തിൻെറയും കേരളീയരുടെയും നിരവധി സവിശേഷതകൾക്ക നിരാവൃതനിദൎശനമാണ്. വൎണ്ണോജ്ജ്വലമായ ഈ ഉത്സവം നമ്മുടെ കലാപ്രസ്ഥാനങ്ങൾക്ക നൽകിയിട്ടുള്ള അടിസ്ഥാനവിഭവങ്ങളെ വിസ്മരിക്കുക സാദ്ധ്യമല്ല.

# V

# മറവി

## I

മറവി! എത്ര ദാരുണമായ ഒരു ശാപമാണതു്! ജീവിതത്തിലെ മൗലികമായ ഒരു ബലഹീനത! ആദിമമനുഷ്യന്റെ അഹങ്കാരംകണ്ടു് സൃഷ്ടികർത്താവുനൽകിയ അതികഠിനമായ ശാപമായിരിക്കണം മറവി. മനുഷ്യനിൽ, മററനേകം ദൗർബ്ബല്യങ്ങളേക്കാൾ കവിഞ്ഞു്, ഈ ശപ്തമായ മാനസികദൗർബ്ബല്യവും ആദികാലംമുതൽ അവനിൽ കടന്നുകൂടിയിരിക്കാനാണു് ന്യായം. ഏതായാലും മറവി കൊണ്ടു മനംമട്ടപ്പുണ്ടാകാത്തവരും, മറവിയെ പഴിക്കാത്തവരും, അതുകൊണ്ടു് ചില ചില്ലറ പരാജയങ്ങളും നിരാശതകളുമെങ്കിലും അനുഭവിക്കാത്തവരും ലോകത്തിലില്ല.

മറവി ആരുടെയും വിജയത്തിനും പുരോഗതിക്കും വിലങ്ങുതടിയാണു്. തോൽവിയുടെ തോളിൽ കയറിവന്നല്ലേ അതു മനുഷ്യനിൽ ആക്രമണം നടത്തുന്നതു്? മറവി

ഏതൊരു വ്യക്തിയേയും പരാജയത്തിൽനിന്നു പരാജയത്തിലേക്കു നയിക്കുമെന്നുള്ളതിൽ പക്ഷാന്തരമില്ല.

ലോകത്തു് പ്രശംസാർഹമായ ജീവിതവിജയംനേടി പ്രശോഭിച്ചിട്ടുള്ള വ്യക്തികളെ നോക്കുക. അവരെല്ലാം നല്ല ഗ്രഹണശക്തിയും സ്മരണശക്തിയുമുള്ളവരായിരിക്കും. മറവിക്കാർക്കു് ഉയർച്ച നിഷേധിക്കപ്പെടുന്നു. അവർ ജീവിതത്തിൻെറ നിതാന്തസുന്ദരമായ ഉന്നതമേഖലകളിലേയ്ക്കു ക്ഷണിക്കപ്പെടുകയില്ല. ഏതു തുറയിൽ പ്രവർത്തിക്കുന്നവനുമായിക്കൊള്ളട്ടെ! ഓർമ്മശക്തിയില്ലെങ്കിൽ അധഃപതിക്കുകയേയുള്ളു. ഒരു വിദ്യാർത്ഥി—അവൻ എല്ലാം മറക്കുന്നവനാണെങ്കിൽ ഒരു പരീക്ഷയ്ക്കും ജയിക്കുകയില്ല. യാതൊരറിവും നേടുകയില്ല ജീവിതപുരോഗതിക്കു് അടിത്തറകെട്ടുന്ന വിദ്യാർത്ഥിജീവിതത്തിലെ വിജയത്തിൻെറ അസ്ഥിപഞ്ജരം ഓർമ്മശക്തിയാണു്. ഒരു അദ്ധ്യാപകൻ, സ്മരണശക്തിയില്ലെങ്കിൽ ഏററവും ശപിക്കപ്പെട്ടവനായിത്തീരുന്നു. സമർത്ഥന്മാരായ അദ്ധ്യാപകന്മാരുടെ വിജയത്തിനു പ്രധാനനിദാനം ഓർമ്മശക്തിയാണു്. ഒരു കച്ചവടക്കാരനോ, വ്യവസായിയോ, മറവി ബാധിച്ചാൽ വളരെവേഗം പാപ്പരാകും. ഉയർച്ച നേടിയിട്ടുള്ള സകല വ്യാപാരികളും, ബിസിനസ്സുകാരും മറവിയെ ബഹുദൂരം അകററിനിർത്താൻ കഴിവുള്ളവരാണെന്നു കാണാൻ വിഷമമില്ല. ഒരു കലാകാരൻ, മറവിയുടെ ആക്രമണത്തെ ചെറുത്തുനില്ക്കാൻ കഴിയാത്തവനാണെങ്കിൽ, അവൻെറ അനുഭവം എത്ര കൈയ്പുനിറഞ്ഞതായിരിക്കും! ഒരു ഗായകൻ—മറവി വളരെയുള്ളവനാണെങ്കിൽ അവനു് ഗാനകലയിൽക്കൂടി

സഹൃദയഹൃദയത്തിൽ അമൃതാഭിഷേകം നടത്താൻ സാദ്ധ്യമല്ല; സദസ്സിനെ അഭിമുഖീകരിക്കാനേ കഴിയുകയില്ല. ഒരു ചിത്രകാരൻെറയും, സാഹിത്യകാരൻെറയും, അഭിനേതാവിൻെറയും, നത്തകൻെറയും, ശില്പിയുടെയുമെല്ലാം വിജയം സ്മരണശക്തിയെ ആശ്രയിച്ചിരിക്കും. ഏതൊരു വാഗ്മിക്കും ഓമ്മശക്തിയില്ലെങ്കിൽ വിജയമുണ്ടാകയില്ല. അതുപോലെതന്നെയാണ് തൊഴിലാളിയുടെയും, കഷ്കൻെറയും, അഭിഭാഷകൻെറയും, രാഷ്ട്രീയപ്രവത്തകൻെറയും, നേതാവിൻെറയും, മന്ത്രിയുടെയും കായ്യം. നല്ല ഓമ്മശക്തിയും തദ്ധാരാ കത്തവ്യബോധവുമുള്ള തൊഴിലാളി ആരുടെയും അഭിനന്ദനത്തിനു പാത്രമാകും. വിസ്മൃതി ബാധിക്കുന്ന കഷ്കനെ വിഭവസമൃദ്ധി കൈവെടിയും. ഒരു അഭിഭാഷകൻെറ മറവി അയാളുടെ മേശപ്പുറത്തുനിന്നു കേസുകെട്ടുകളെയും സമീപത്തുനിന്നു കക്ഷികളെയും അകററും. ഒരുവനു് നല്ല ഒരു രാഷ്ട്രീയപ്രവത്തകനാകണമെങ്കിൽ അയാൾ മറവി കുറവുള്ളവൻതന്നെയായിരിക്കണം. ചുററുപാടും നടക്കുന്ന സംഭവങ്ങളെയും, കണ്ടിട്ടുള്ള ആളുകളെയും, കണ്ടുകൊണ്ടിരിക്കുന്ന ആളുകളെയും, അവരുടെ ചെയ്തികളെയും, സ്വഭാവരീതികളെയും, തനിക്കു് മററുള്ളവർ ചെയ്തിട്ടുള്ള ഉപകാരങ്ങളെയും മറക്കുന്ന ഒരു വ്യക്തിക്കു് രാഷ്ട്രീയപ്രവത്തനം തുടരാൻ കഴിയുകയില്ല. മറവി വളരെയുള്ള ആളുകൾ എങ്ങനെയെങ്കിലും നേതൃത്വം നേടിയാൽത്തന്നെ, അതു് അവരോടു ദ്രുതഗതിയിൽ യാത്രപറയും. മറവി കുറവല്ലെങ്കിൽ, ഏതു് ഉദ്യോഗസ്ഥനും, മന്ത്രിയും, നേതാവും, അദ്ധ്യാപകനും, വിദ്യാത്ഥിയും സ്ത്രീത്വമി

ല്ലാത്ത സ്ത്രീകളെപ്പോലെ വേഗത്തിൽ വെറുക്കപ്പെട്ടുകയും ശപിക്കപ്പെട്ടുകയും ചെയ്യും.

ഒരു മനുഷ്യൻ ഏററവും കൂടുതൽ ഇളിഭ്യനും, നിരാശനും, ദുഃഖിതനുമായിത്തീരുന്ന സന്ദർഭം ഏതാണു്? അവൻ പണത്തിനു ബുദ്ധിമുട്ടുമ്പോഴോ, പരീക്ഷയിൽ തോല്ക്കുമ്പോഴോ, ഭാര്യയുടേയും കുഞ്ഞുങ്ങളുടേയും രോഗംനിമിത്തം വിഷമിക്കുമ്പോഴോ, കടക്കാരൻെറ ദർശനംകൊണ്ടു കരിവേപ്പിലപോലും ദഹിക്കുമ്പോഴോ, ക്രിമിനൽക്കേസ്സിൽ ശിക്ഷയനുഭവിക്കുമ്പോഴോ, സഹധർമ്മിണിയുടെ ശകാരവർഷമേൽക്കുമ്പോഴോ ഒന്നുമല്ല. അത്തരം വൈഷമ്യങ്ങളിൽ വീഴ്പ്പെട്ടുമ്പോഴത്തേക്കാൾ അവൻ ദുഃഖിതനും, നിരാശനും, അവഹേളിതനും, തന്നെത്താൻ പഴിക്കുന്നവനും, പശ്ചാത്തപിക്കുന്നവനുമായിത്തീരുന്നതു് മറവി അവനെ കീഴ്പ്പെടുത്തുമ്പോഴാണു്; വിസ്മൃതി ശ്വാസംമുട്ടിക്കുമ്പോഴാണു്. ഒരു സദസ്സിനെ അഭിമുഖീകരിച്ചു് എന്തെങ്കിലും പറയുവാനൊരുങ്ങുന്നവൻ, പറയാൻ ഭാവിക്കുന്ന കാര്യം മറക്കുന്ന അതിദയനീയമായ രംഗം!—അവൻെറ മുഖം മറെറാരവസരത്തിലും അത്രമാത്രം വിവർണ്ണമാവുകയില്ല; അവൻെറ കൈകാലുകൾ വേറൊരു സന്ദർഭത്തിലും അതുപോലെ വിറയ്ക്കുകയില്ല; ശരീരം മറെറാരു മുഹൂർത്തത്തിലും അതുപോലെ വിയർക്കുകയില്ല.

ഒരാളെ നല്ല വിദ്യാർത്ഥിയോ, വിദഗ്ദ്ധനായ അദ്ധ്യാപകനോ, അനുഗൃഹീതനായ കലാകാരനോ, ഉയൎന്ന ചിന്തകനോ, സ്വാധീനമുള്ള നേതാവോ, കർത്തവ്യനിഷ്ഠയുള്ള ഉദ്യോഗസ്ഥനോ, പ്രശസ്തനായ വ്യാപാരിയോ ആക്കിത്തീ

ക്കുന്നതു് അയാളുടെ സ്മരണശക്തിയുടെ കെട്ടുറപ്പാണു്. മനുഷ്യന്റെ ബുദ്ധിസാമർത്ഥ്യമെന്നും, പ്രതിഭാവിലാസമെന്നും, പ്രവർത്തനകുശലതയെന്നുമൊക്കെ പറയുന്നതു് പ്രധാനമായും ഓർമ്മശക്തിയാണു്. വിസ്മൃതിയുടെ ആക്രമണത്തിനു അടിക്കടി വിധേയരാകുന്നവർക്കു ജീവതത്തിൽ ഒരു തുറയിലും സ്ഥാനം ലഭിക്കുന്നില്ല. മനുഷ്യന്റെ ക്ഷീണവശങ്ങളിൽ ഏററവും വലുതു് മറവിയാണെന്നു തന്നെ തോന്നും.

ചുരുക്കത്തിൽ, ഓർമ്മിക്കാനുള്ള കഴിവു് ഒരുവനെ വാനോളം ഉയർത്തുന്നു. മറവി പാതാളത്തോളം താഴ്ത്തുന്നു.

II

എന്നാൽ, മറവി എന്നൊന്നില്ലെങ്കിൽ മനുഷ്യരാശിയുടെ സ്ഥിതിയും, ജീവിതത്തിന്റെ ഗതിയും എന്തായിരിക്കും?

മറവി അതിഭയങ്കരമായ ശാപമാണു്. സമ്മതിക്കാം. പക്ഷേ, അതൊരു വിലതീരാത്ത അനുഗ്രഹംകൂടിയല്ലേ?

ഒരു മനുഷ്യനു് ഒന്നും മറക്കാൻ സാധിക്കുന്നില്ലെങ്കിൽ, അവനു ജീവിക്കാൻ വിഷമമായിരിക്കും. ഒരാൾക്കും ഒന്നും വിസ്മരിക്കാൻ കഴിയുന്നില്ലെങ്കിൽ, ലോകത്തിന്റെ, സമുദായത്തിന്റെ, വീടിന്റെ, വ്യക്തിയുടെ സ്ഥിതി വളരെ ശോചനീയവും അസഹനീയവുമായിരിക്കുകയില്ലേ? ഇന്നു നമ്മുടെ ജീവിതം മുന്നോട്ടു നീങ്ങുന്നതും, ഇത്രയുമെങ്കിലും ശാന്തിയും സമാധാനവും സ്വച്ഛതയും കുടുംബജീവിത

ത്തിലും സമുദായജീവിതത്തിലും നിലനിൽക്കുന്നതും പലതും മറക്കാൻ നമുക്കു കഴിയുന്നതുകൊണ്ടല്ലേ?

ഒന്നും ആരും മറക്കുന്നില്ലെന്നിരിക്കട്ടെ. ഒരു വ്യക്തി മരിക്കുന്നു. അതാ, ആ മൃതദേഹം ശ്മശാനത്തിലേയ്ക്കു് എടുക്കുകയാണു്. അയാളുടെ മാതാപിതാക്കന്മാർ അസഹ്യമായ വേദനയിൽ വെന്തുനീറി, പിച്ചും പേയും പറഞ്ഞു നെഞ്ചത്തടിച്ചു വിലപിക്കുന്നു. ഗർഭിണിയായ ഭാര്യ, ഒരു നിമിഷംകൂടി ജീവിച്ചിരിപ്പാൻ ആഗ്രഹവും കെല്പുമില്ലാതെ, ഹൃദയംപൊട്ടി അത്യുച്ചത്തിൽ കരയുന്നു. കുഞ്ഞുങ്ങൾ കൈയും കാലും നിലത്തടിച്ചു വിലപിക്കുന്നു. അയൽവാസികളെല്ലാം കണ്ണുനീർ പൊഴിക്കുന്നു. വന്നുകൂടിയ സ്നേഹിതന്മാരുടെയെല്ലാം കണ്ഠം ഗദ്ഗദപൂർണ്ണമാകുന്നു...! അവരുടെ ആ ഉല്ക്കടമായ ദുഃഖം അതേ തീവ്രതയിൽ നിലനിൽക്കുയാണെന്നിരിക്കട്ടെ. ആ മൃതശരീരം വെളിയിലേയ്ക്കെടുത്തപ്പോൾ കണ്ണീരൊഴുക്കി കരഞ്ഞതുപോലെ അവരെല്ലാം തുടൎന്നു് എല്ലാദിവസവും കരഞ്ഞുകൊണ്ടു കിടക്കുകയാണെന്നു വിചാരിക്കുക. അവർ എങ്ങനെ ജീവിക്കും? മരിച്ചദിവസം അയാളുടെ മാതാപിതാക്കന്മാർ, അത്യുല്ക്കടമായ ദുഃഖത്തിൽ, ഇനിയും തങ്ങൾ ജീവിക്കുകയേയില്ലെന്നു പറഞ്ഞുകാണും. ഏങ്ങലടിച്ചേങ്ങലടിച്ചു് അയാളുടെ ഭാര്യ, എങ്ങനെയെങ്കിലും ജീവൻ കളയുമെന്നു് ആത്മാർത്ഥമായി വിളിച്ചുപറഞ്ഞുകാണും. സ്നേഹിതന്മാൎക്കു് അയാളുടെ സാന്നിദ്ധ്യമില്ലാതെ ജീവിക്കാൻ സാദ്ധ്യമേയല്ലെന്നു തോന്നിക്കാണും. എന്നാലും അവരൊക്കെ ജീവിക്കും. രണ്ടോ, നാലോ, പത്തോ, ഇരുപതോ മാസംകഴിഞ്ഞു നോക്കണം.

ആ മാതാപിതാക്കന്മാർ പഴയതുപോലെ ചിരിച്ചും രസിച്ചും ജീവിതം നയിക്കുന്നതുകാണാം. വിഷംകുടിച്ചോ ആററിൽ ചാടിയോ ചാകുമെന്നുപറഞ്ഞ മദ്ധ്യവയസ്കയായ ഭാര്യ, ഒരു കൊല്ലംകഴിഞ്ഞു നോക്കുമ്പോൾ, പുതിയ ഭർത്താവിനോടൊന്നിച്ച് ചിരിച്ചും രസിച്ചും കഴിഞ്ഞുകൂട്ടുന്നതു ദർശിക്കാം. മരണദിവസം ആ വീട്ടിലെ ശോകാത്മകമായ രംഗം ദർശിച്ച—കണ്ണുനീർപ്രവാഹംകണ്ട—ഒരൊററ വ്യക്തിക്കും ഇങ്ങനെ ഒരു ഭാവി അന്നു സങ്കല്പിക്കാൻപോലുംകഴിഞ്ഞിരിക്കയില്ല. അവരുടെയെല്ലാം ജീവിതം ഒന്നുമറിയാത്ത മട്ടിൽ വീണ്ടും അങ്ങനെ ഒഴുകിപ്പോകുന്നതു്, മറവി, അവരറിയാതെ, ഓരോദിവസവും അവരിൽ മഹത്തായ സേവനംമൂലം മാററങ്ങൾ വരുത്തുന്നതുകൊണ്ടാണു്; അവരുടെ ശോകാത്മകവും തീവ്രവുമായ ചിന്തയിൽ സുഖശീതളിമ പകരുന്നതുകൊണ്ടാണു്. അന്നാത്തെ ദുഃഖത്തിന്റെ തീക്ഷ്ണതയും മറവി ക്രമേണ കടിഞ്ഞാണിടുന്നു. അയാളുടെ മരണദിവസം, അവൎക്കു്, ഓരോ നിമിഷം ഓരോ യുഗമായ തോന്നിക്കാണും. അന്നു് ഒട്ടും സഹിക്കാൻ പാടില്ലാതിരുന്ന ആ ദുഃഖത്തിന്റെ ആഴം പിറേറദിവസത്തേയ്ക്കു കുറേ കുറയും. ഒരു മാസംകഴിയുമ്പോൾ അതിനേക്കാൾ കുറയും. ഒരുകൊല്ലംകഴിഞ്ഞാൽ പിന്നെ വല്ലപ്പോഴും സ്മൃതിപഥത്തിൽ കടന്നെത്തുന്ന വിഷാദാത്മകമായ ഒരു നിഴൽമാത്രമായിത്തീരും ആ ദാരുണസംഭവം! കുറേക്കൂടി കഴിയുമ്പോൾ എന്നോകണ്ട ഒരു ദുഃസ്വപ്നംപോലെമാത്രം അവശേഷിക്കും. മറവിയുടെ മാന്ത്രികഹസ്തം എല്ലാം മാച്ചുകളയും; അന്തരാത്മാവിനു കുളിർമ്മനൽകും; മററുള്ളവരുടെ ജീവിതവാഹിനി തടസ്സമൊന്നുംകൂടാതെ മുന്നോട്ടൊഴുകും, ഒന്നു

മൊന്നും സംഭവിക്കാത്തമട്ടിൽ. എന്തുകൊണ്ടാണതു്? മറവിയുടെ മാസ്മരമായ ശക്തിവിശേഷംകൊണ്ടു്!!

മറവിയില്ലെങ്കിൽ ഭാര്യാഭർത്തൃബന്ധംതന്നെ തകരാറിലാവുകയില്ലേ? എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങളും, വാക്സമരങ്ങളും ഉണ്ടായാലും, ചില ശീതളസമരങ്ങൾ പലദിവസങ്ങളിലേയ്ക്കു നീണ്ടാലും, ചിലപ്പോഴത്തെ സൗന്ദര്യപ്പിണക്കം മൗനവ്രതനിരാഹാരസത്യഗ്രഹംവരെച്ചെന്നെത്തിയാലും, വീണ്ടും അവരുടെ ജീവിതം മുന്തിരിച്ചാറുപുരട്ടി മധുരോന്മാദമാക്കുന്നതു് മറവിയാണു്. വിസ്മൃതി, വീണ്ടും അവർക്ക് മനോജ്ഞമായ മലർമെത്ത വിരിക്കും; ആ അധരങ്ങളിൽ കവിതവിടർത്തും. ഇല്ലെങ്കിൽ ഭാര്യയ്ക്കു ഭർത്താവിൻെറയും, ഭർത്താവിനു ഭാര്യയുടെയും മുഖത്തു നോക്കാനോ അവർക്ക് സംസാരിക്കാനോ കഴിയാതെപോകും.

മനുഷ്യരാശിക്കു് പരശ്ശതം ദുഃഖങ്ങളുടെയും, നിരാശകളുടെയും, പരിരംഭണത്തിൽനിന്നു് വിമുക്തിയേകുന്നതു വിസ്മൃതിയാണു്. അതു നിരവധി അപകടമേഖലകളിൽനിന്നു നമ്മെ രക്ഷിക്കും! മറവി എന്നൊന്നില്ലെങ്കിൽ പ്രേമമെന്നൊന്നു് ലോകത്തിൽ കാണുകയില്ല. പ്രണയത്തിൻെറ ചിതാഭസ്മത്തിൽനിന്നു് വീണ്ടും പ്രണയത്തിൻെറ നിർമ്മലമായ നീരുറവയൊഴുക്കാൻ മറവിയുടെ മഞ്ഞുകട്ടകൾക്കേ പററൂ!

ബാല്യത്തിലോ, കൗമാരത്തിലോ, യൗവനകാലത്തു് കുടുംബസ്വത്തു് ഭാഗംചെയ്യുമ്പൊഴോ സഹോദരന്മാർ തമ്മിൽ എന്തെല്ലാം അഭിപ്രായസമരങ്ങൾ ഉണ്ടാകും? അച്ഛനും മക്കളുംതമ്മിൽ എന്തൊക്കെ അഭിപ്രായസമരം

നടക്കും? അവയെല്ലാം "സൗഹൃദത്തിൻെറ കലങ്ങിമറിയ" ലായിത്തീരുന്നതും, അവരുടെയെല്ലാം ബന്ധം ശിഥിലീകൃതമാകാതെ വീണ്ടും നിലനിൽക്കുന്നതും, മറവിയുടെ സനിഷ്കൃഷ്ടമായ പരിചരണം അവരുടെ മനസ്സിലെല്ലാം നടക്കുന്നതുകൊണ്ടാണ്.

മറവിയില്ലെങ്കിൽ ആർക്കും സ്നേഹിതന്മാരും, ബന്ധുക്കളും, അഭ്യുദയകാംക്ഷികളും കാണുകയില്ല. മനുഷ്യനിൽ ക്ഷമയും, സഹനശീലവും, അഹിംസാപ്രവണതയും സഞ്ജനിപ്പിക്കുന്നതും മിക്കവാറും മറവിയാണ്.

ഒരാളെ മറെറാരാൾ കുത്തിക്കൊല്ലുന്നു. കൊലപാതകം നടക്കുന്ന ദിവസം, ആ പാതകിയെ മേലാൽ ലോകത്തുവച്ചുകൊണ്ടിരിക്കുകയേയില്ലെന്ന്, മരിച്ച ആളിൻെറ ബന്ധുക്കൾ ശോകാവേശത്തിൽ, പ്രതിജ്ഞ ചെയ്തേക്കാം. അയാളെ അന്നുകണ്ടാൽ അവർ കൊന്നെന്നും വരാം. പക്ഷേ, രണ്ടുമാസം കേസ്സുനടത്തിക്കഴിഞ്ഞു്, ഒത്തുതീർപ്പിനോ അഥവാ കേസ്സു പിൻവലിക്കാൻതന്നെയോ ആ ബന്ധുക്കൾ തയ്യാറാകും. അവർ വീണ്ടും ആ പാതകിയെ കാണും. ആയിരംവട്ടം കാണും. പ്രതിജ്ഞപോലെയോ പ്രതീക്ഷപോലെയോ യാതൊരു അനിഷ്ടസംഭവവും നടക്കുകയില്ല. കാരണം, മനുഷ്യൻെറ ചേതോവികാരങ്ങളെ തണുപ്പിക്കുന്ന, വൈരാഗ്യത്തെ നശിപ്പിക്കുന്ന, പ്രതികാരേച്ഛയെ മരവിപ്പിക്കുന്ന, മറവിയുടെ മഞ്ഞുകട്ടകളല്ലാതെ മറെറാന്നുമല്ല.

മറവി എന്നൊന്നില്ലെങ്കിൽ, രാഷ്ട്രീയസാമുദായികമണ്ഡലങ്ങളിലെ നേതാക്കന്മാരിൽ അധികംപേർക്കും

എന്നേ പൊതുജനങ്ങളുടെമുമ്പിൽനിന്നു് എന്നെന്നേക്കു മായി തിരോധാനം ചെയ്യേണ്ടിവരുമായിരുന്നു. പൊതുജനങ്ങളുടെ മറവിയിൽക്കൂടിയാണു് ഒരു നല്ലവിഭാഗം നേതാക്കന്മാർ ജീവിച്ചുപോകുന്നതു്.

മനുഷ്യന്റെ പരിശ്രമത്തിനു മുന്നിലും വിസ്മൃതി വില യേറിയ ഉപഹാരങ്ങൾ സമർപ്പിക്കാറുണ്ടു്. ഇടയ്ക്കിടയ്ക്കു് സംഭവിക്കുന്ന തോൽവികളെ സ്വയം മറക്കാൻ കഴിഞ്ഞി ല്ലെങ്കിൽ ആരും പരിശ്രമധനികളാവുകയില്ല; പ്രവൃത്തി മാർഗ്ഗേകനിരതരാവുകയില്ല.

നേരത്തെ ശരിയാണെന്നു ധരിച്ചിരുന്ന പല തെറ്റു കളും പിന്നീടു മറക്കാൻ സാധിക്കുന്നതുകൊണ്ടാണു് ഗവേ ഷകന്മാരും, പണ്ഡിതന്മാരും, ചിന്തകന്മാരും ഉയർന്നുപോ കുന്നതു്. അങ്ങനെ, കർമ്മോന്മുഖമായ ജീവിതത്തിന്റെ മൂല്യങ്ങളിലും മറവിക്കു സ്ഥാനം ലഭിക്കാതിരിക്കയില്ല.

മറവി, ഒരു വലിയ ദൗർബല്യമാണു്. അതിലും കവിഞ്ഞു് ജീവിതത്തിലെ ഒരു ശക്തിയാണു്. അതു് ഒരു ശക്തിയായിത്തീരുമ്പോൾ ജീവിതത്തെ ധന്യമാക്കും. മറി ച്ചാകുമ്പോൾ ജീവിതത്തിന്റെ നിലനില്പിനെത്തന്നെ അപ കടത്തിലാക്കും. അങ്ങനെ, മറവി, മനുഷ്യനു ലഭിച്ച ദാരു ണമായ ഒരു ശാപവും, അമൂല്യമായ ഒരനുഗ്രഹവുമാണു്!

VI

# മൂത്തിരിങ്ങോട്ട്

കൈരളിയുടെ കളിപ്പൂങ്കാവനത്തിൽ ആനുകാലിക പ്രശ്നങ്ങളെക്കൊണ്ടു് സാഹിത്യയജ്ഞം നടത്തി, തമോവലയിതമായ സാമൂഹ്യാന്തരിക്ഷത്തെ അമലീകരിച്ചു്, സ്വസമുദായത്തെ പരിഷ്കരിക്കാനും സമുദ്ധരിക്കാനും ശ്രമിച്ച ഒരു സമുന്നതസാഹിത്യകാരനായിരുന്നു മൂത്തിരിങ്ങോട്ടു് ഭവത്രാതൻനമ്പൂതിരിപ്പാട്ടു് അവർകൾ. വിപുലവും വിശുദ്ധവും വിപ്ലവാത്മകവുമായ സാഹിത്യസപര്യയിൽക്കൂടി ആ സാഹിതീഭക്തൻ കേരളീയരെ ഹൃദയപൂർവ്വം അനുഗ്രഹിച്ചു. കൃതഹസ്തനായ ആ കലാമർമ്മജ്ഞൻ നിർവ്വഹിച്ച അത്ഭുതാവഹമായ കൈരളീകൈങ്കര്യത്തിന്റെ കഥ സമുദായസേവനത്തിന്റെ ചരിത്രംകൂടിയാണു്.

## ജനനവും വിദ്യാഭ്യാസവും

അനുഗൃഹീതനായ കഥാകൃത്തു്, അസദൃശനായ ഗദ്യകാരൻ, അജയ്യനായ വിപ്ലവകാരി, ഉല്പതിഷ്ണുവായ നോവലിസ്റ്റ്, ഊർജ്ജിതാശയനായ ഉപന്യാസകൻ എന്നിങ്ങനെ

വിവിധനിലകളിൽ ആ ധന്യചരിതൻ പ്രശസ്തനും പ്രസിദ്ധനുമായി. തെക്കൻവള്ളുവനാട്ടിലെ ഒരു പ്രബ്ലകുടുംബമായ മൂത്തിരിങ്ങോട്ടുമനയ്ക്കൽ 1077-ാമാണ്ട കുംഭമാസം 1-ാംതിയതി അദ്ദേഹം ഭൂജാതനായി. മാതൃഗൃഹം ധനാഢ്യമായ ഒളപ്പമണ്ണമനയായിരുന്നു മൂത്തിരിങ്ങോട്ടുമനയും ഒളപ്പമണ്ണമനയും പുരാതനകാലംമുതൽതന്നെ വൈദുഷ്യത്തിന്റെ കീത്തിധാവള്യം പ്രസരിപ്പിച്ചുപോന്നു. നമ്മുടെ കഥാപുരുഷൻ ചെറുപ്പത്തിൽ 'പാഞ്ഞാറം' എന്ന ദേശത്തുതാമസിച്ച് സാമവേദവും മററും അഭ്യസിക്കുകയുണ്ടായി. അതിൽ അസാമാന്യമായ പ്രാവീണ്യവും സമ്പാദിച്ചു. അനന്തരം അച്ഛന്റെയും അപ്ഫന്റെയും അടുക്കൽ തക്കം പഠിച്ചു. ആദ്യകാലത്ത് 'എടക്കുന്നി' നമ്പൂരിവിദ്യാലയത്തിലും, പിന്നീട് ഒരു ഗാർഹികാദ്ധ്യാപകന്റെ കീഴിലും ഇംഗ്ലീഷുപഠിച്ചു. വേദാന്തത്തിലും സാമാന്യമായ അറിവു നേടുകയുണ്ടായി. സാഹിത്യപരിശ്രമങ്ങൾക്കുള്ള ആവേശഭരിതമായ അഭിലാഷം യൗവ്വനാരംഭത്തിൽത്തന്നെ അദ്ദേഹത്തിൽ അല്ലി വിടത്തിത്തുടങ്ങി. 19-ാമത്തെവയസ്സിൽ മന്ത്രേടത്തുമനയ്ക്കൽനിന്നും വേളികഴിച്ചു. 'നമ്പൂതിരിയോഗക്ഷേമസഭ'യുടെ പ്രവത്തനങ്ങൾക്കു നേതൃത്വം നൽകിക്കൊണ്ടിരുന്ന കുറൂർ ഉണ്ണിനമ്പൂതിരിപ്പാട്ടും, ഒളപ്പമണ്ണനമ്പൂതിരിപ്പാട്ടുമായുള്ള നിത്യസമ്പക്കം അദ്ദേഹത്തിൽ സമുദായസേവനൗത്സുക്യം ജനിപ്പിച്ചു. ക്രമേണ, 'യോഗക്ഷേമം' 'ഉണ്ണിനമ്പൂരി' 'സാഹിതി'—എന്നീ മാസികകളിൽ ലേഖനങ്ങളെഴുതി, ജന്മസിദ്ധമായ അഭിരുചിയെയും കമ്മസിദ്ധമായ കഴിവിനെയും പട്ടുത്തുയത്തി പരിപോഷിപ്പിച്ചുതുടങ്ങി. 'നമ്പൂരിയുവജനസമാജ'ത്തിന്റെ

ജനയിതാക്കളിൽ ഒരാളായിരുന്ന അദ്ദേഹം 1107-ൽ 'മംഗളോദയം' പുനരുദ്ധരിച്ചു നടത്തിത്തുടങ്ങി. പക്ഷേ, അതിൻെറ പ്രചാരം നീണ്ടുനിന്നില്ല. സമുദായോദ്ധാരണവും സാഹിത്യസേവനവും ജീവിതത്തിൻെറ ലക്ഷ്യവും മാർഗ്ഗവുമായി അംഗീകരിച്ച ആ അസാമാന്യപ്രഭാവനായ പ്രതിഭാശാലി പരമമായ ലക്ഷ്യത്തിലേയ്ക്കുള്ള പവിത്രമായ യാത്ര അതിവേഗത്തിൽ തുടൎന്നു. അടിയോളം ദൂഷിപ്പിച്ച അഭിശപ്തവും അധിക്ഷേപാർഹവുമായ ആചാരങ്ങളിലും വിശ്വാസങ്ങളിലുംനിന്നു് നമ്പൂരിസമുദായത്തെ വിമോചിപ്പിക്കാനുള്ള അതിമഹത്തായ സാമൂഹ്യ സാംസ്കാരികവിപ്ലവം—അതായിരുന്നു അദ്ദേഹത്തിൻെറ തൂലികാചലനത്തിനുള്ള പശ്ചാത്തലം

**സൗന്ദര്യനിരീക്ഷണം**

ശ്രീ. മുത്തിരിങ്ങോടൻെറ സൗന്ദര്യനിരീക്ഷണം സമഗ്രവും സമർത്ഥവുമായിരുന്നു. പഴമയുടെയും മാമൂലിൻെറയും ദാസ്യത്തിൽക്കിടന്ന സമുദായത്തിൻെറ അസൗന്ദര്യങ്ങൾ സമുദായസ്നേഹിയായ ആ കലാകാരനു് മനോവേദനയും അസുഖവും ഉളവാക്കി. സമുദായത്തിലെ അനീതികൾക്കും അക്രമങ്ങൾക്കും നീചതയ്ക്കും നിസ്സാരതയ്ക്കും എതിരായി അദ്ദേഹം ശബ്ദമുയർത്തി.

**നമ്പൂതിരിസമുദായം**

അന്നു് ദുർഗ്ഗന്ധപൂരിതമായ അനാചാരങ്ങളെ സമുദായം പാലൂട്ടിത്താരാട്ടിപ്പരിരക്ഷിച്ചുപോരികയായിരുന്നു. അവയോ? പിശാചുക്കളെപ്പോലെ സമുദായത്തിൻെറ

ഹൃദ്രക്തം കുടിക്കുകയും. ജീവിതം ആചാരങ്ങളും വിശ്വാസങ്ങളും അസമത്വങ്ങളും നിലനിത്താനുള്ള ഉപാധിമാത്രമായിത്തീരുകയുംചെയ്തു. അതുകൊണ്ടു വ്യക്തിജീവിതം മിക്കവാറും കഴിവററ് അലസതാലിംഗിതവും അമംഗളപൂർണ്ണവുമാവുകയായിരുന്നു പതിവ്. അന്നത്തെ സാമുദായികവ്യവസ്ഥിതികൾ സ്ത്രീകളെ ജീവനുള്ള വസ്തുക്കളായി പരിഗണിക്കുന്നതിനുപോലും അനുകൂലമായിരുന്നില്ല. അനന്തമായ യാതനകൾ പകരുന്ന ഊഷരതയുടെ സഹാറാമരുഭൂമിയിലായിരുന്നു അന്തർജ്ജനങ്ങളുടെ നില. അവക്ക് ഈറനണിഞ്ഞ നയനങ്ങളോടുകൂടിയല്ലാതെ ജീവിക്കാൻ കഴിയുമായിരുന്നില്ല. സകല അവകാശങ്ങളും, സുഖാനുഭൂതികളും അവക്ക് നിഷേധിക്കപ്പെട്ടിരുന്നു. ആയസനിയമംപോലെ നിലനിന്ന് വിപല്ക്കരമായ വിശ്വസ്തങ്ങളായിത്തീന്ന ആചാരങ്ങൾ; ആക്ഷേപാഹങ്ങളായ വിശ്വാസങ്ങളെ ആവേശപുരസ്സരം താലോലിക്കുന്ന 'അസമീക്ഷ്യകാരികളും യാഥാസ്ഥിതികരുമായ ഭൂരിപക്ഷത്തിൻെറ അനഭിലഷണീയമായ പ്രവൃത്തികൾ; അതുകൊണ്ട് വ്യക്തികളെല്ലാം, വിശിഷ്യ അന്തർജ്ജനങ്ങൾ അനുഭവിക്കേണ്ടിവന്ന നാരകീയമായ യാതനകൾ; വ്യക്തികളും കുടുംബങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ സംഭവിച്ചുവന്ന ശൈഥില്യങ്ങൾ; വ്യക്തികളുടെ അസംതൃപ്തിയും കുടുംബങ്ങളുടെ അധഃപതനവുംകാരണം സാമുദായികപുരോഗതിക്കുണ്ടായിക്കൊണ്ടിരുന്ന പ്രതിബന്ധങ്ങൾ—ഇവയെല്ലാം സത്യസന്ധതയോടും ധമ്മധീരതയോടുംകൂടി തന്മയത്വമായി വെളിച്ചത്തു കൊണ്ടുവരുവാൻ ശ്രീ: മൂത്തിരിങ്ങോട്ടു ഭവത്രാതൻ നമ്പൂതിരിപ്പാടിൻെറ തൂലികയ്ക്കു കഴിഞ്ഞിട്ടുണ്ട്. അതിൽ

നിന്നും, അഭദ്രമായ സമുദായത്തെ സർവ്വതോഭദ്രമാക്കാനും, ദുർഭരമായ ജീവിതത്തെ സുഭരമാക്കാനുമുള്ള കാവ്യഗംഭീരമായ ഉൽബോധനങ്ങൾ ഉതിർന്നു. ഉല്പതിഷ്ണുവായ ആ പ്രസന്നാധിഷണൻ തൊട്ടതെല്ലാം 'നട്ടതിലധികം കായ്ക്കുക' തന്നെചെയ്തു.

## കൃതികളെപ്പററി

കവനകലാമാധുരി സമൃദ്ധമായി ഓളംതല്ലുന്ന പുളകോദ്ഗമകാരിയായ ഗദ്യമാണു്, മധുരപ്രസന്നോദാരവും നമ്മഃബാധസമുജ്ജ്വലവുമായ ശൈലിയാണു് നമ്പൂതിരിപ്പാടിന്റെ കൃതികളുടെ സവിശേഷമായ ആസ്വാദ്യതയ്ക്കു നിദാനം. സംഗീതമകരന്ദം വഴിയുന്ന ആ സരസ്വതീനിഷ്യന്ദം സന്ദർഭാനുഗുണമായ അർത്ഥാലങ്കാരവും ശബ്ദാലങ്കാരവും കലർന്നതാണെങ്കിലും പ്രായേണ നിരലങ്കാരസൗന്ദര്യം നിറഞ്ഞതാണു്; ഭാവസ്ഫൂർത്തിക്കു മുറുക്കവും ശക്തിയും വർദ്ധിപ്പിക്കുന്നതാണു്; കവിത്വശക്തിയും, ചിന്താഗൗരവവും, പ്രതിഭാവിലാസവും വളർന്നതാണു്. അയത്നലളിതമായ ആ ഗദ്യത്തിനു് ഗാനാത്മകതകൊണ്ടു് ആരേയും ആകർഷിക്കാൻകഴിയും. "ഉടഞ്ഞ വജ്രക്കഷണങ്ങൾപോലുള്ള ചെറുവാചകങ്ങൾ, തകർന്നിരുന്ന കല്ക്കണ്ടപ്പൊടിപോലുള്ള ആശയങ്ങൾ—പറയേണ്ടതെല്ലാം പരുഷമായ കാര്യങ്ങൾ; വിമർശിക്കേണ്ടതെല്ലാം ബീഭത്സാചാരങ്ങൾ; സാധിക്കേണ്ടതു് ക്രൂലങ്കഷമായ പരിഷ്കാരവും. ഇതിനിടയിലാണു്, ഇതിലൊക്കെക്കൂടിയാണു്, അവിടുത്തെ സാഹിത്യാമൃതവാഹിനി ഒഴുകുന്നതു്." (ഇ. വി. കൃഷ്ണപിള്ള).

"അപ്ഫന്റെ മകൾ" എന്ന സാമുദായികനോവലും, "പൂങ്കുല," "ആത്മാഹുതി" എന്നീ ചെറുകഥാസമാഹാരങ്ങളും "മറുപുറം" എന്ന ഉപന്യാസസമാഹാരവുമാണ് ശ്രീ: മൂത്തിരിങ്ങോടന്റെ കൃതികൾ. ജീവനും, ചൈതന്യവും, സ്വാഭാവികതയുമുള്ള പാത്രങ്ങളുടെ ആവിഷ്കരണത്തിലും, ജീർണ്ണസാമുദായികപരിതഃസ്ഥിതികളുടെ വികാരോത്തേജകവും വിചാരരമണീയവുമായ ചിത്രീകരണത്തിലും അദ്ദേഹത്തെപ്പോലെ വിജയത്തിന്റെ കൊടിക്കൂറ പറപ്പിക്കാൻ സാധിച്ചിട്ടുള്ളവർ ചുരുങ്ങും. വൈചിത്ര്യവും വൈവിദ്ധ്യവുമുള്ള രംഗങ്ങളും, ശോകമധുരങ്ങളായ സംഭവങ്ങളും ഭാവോജ്ജ്വലതയുടെ വർണ്ണപ്പകിട്ടിൽ, അസുലഭമായ നാടകീയഭങ്ഗിയിൽ അദൃഷ്ടപൂർവ്വമായവിധം അനായാസേന അവതരിപ്പിക്കാൻ ആ തൂലികാചലനത്തിനു കഴിഞ്ഞിട്ടുണ്ട്.

## അപ്ഫന്റെ മകൾ

ചന്തുമേനോന്റെകാലത്തിനുശേഷം മലയാളത്തിലെ സാമുദായികനോവൽപ്രസ്ഥാനത്തിൽ ശാശ്വതപ്രതിഷ്ഠ ലഭിച്ച ഒരു സാമൂഹ്യനോവലാണ് 'അപ്ഫന്റെ മകൾ.' ഈ നോവലിൽക്കൂടി കാല്പനികതയുടെ നറുനെയ്യും പകന്ന്, യാഥാതഥ്യത്തിന്റെ തിരികൊളുത്തി, സമുദായത്തിന്റെ ഇരുളടഞ്ഞ വശങ്ങളിലെല്ലാം പ്രകാശം ചൊരിഞ്ഞിരിക്കുന്നു. ആദ്യവസാനം സകലവാക്കുകളും കാവ്യാത്മകങ്ങളാണ്; സകല ആശയങ്ങളും ചിന്തോദ്ദീപകങ്ങളാണ്. ഹൃദയത്തിന്റെ അഗാധതന്ത്രികളെ സ്പർശിക്കുന്ന സംഭവങ്ങൾ യഥാർത്ഥമായ കാവ്യരസാനുഭൂതി വഴിയുന്ന സരളപ

ദകല്പനംകൊണ്ടു് ആവിഷ്കരിക്കുമ്പോൾ ഉണ്ടാകുന്ന സാമാന്യാധികമായ രസികത്വത്തിനു് ഈ കൃതി ഒരു സ്പഷ്ടദൃഷ്ടാന്തമാണു്. നമ്പൂരിമാരുടെ ഇടയിലെ വൈവാഹികസമ്പ്രദായങ്ങളുടെ വൈകല്യങ്ങൾ കലാഭാസുരമായി വിശദീകരിച്ചിരിക്കുന്നു. മാമൂൽപ്രിയരായ നമ്പൂരിമാരുടെ ദൂഷിച്ച മാനസികപാരമ്പര്യത്തെയും, സമുദായാചാരങ്ങൾ സംരക്ഷിച്ചു് ആഭിജാത്യം പാലിക്കാനുള്ള അവരുടെ അഭിനിവേശത്തെയും, തജ്ജന്യമായ കെടുതികളെയും, ഉല്പതിഷ്ണുത്വത്തോടുകൂടിയാണെങ്കിലും സാനുകമ്പമായ രീതിയിൽ വിമർശിക്കുന്നു. ഇതിൽ ഉപഗൂഹനംചെയ്തിട്ടുള്ള വിപ്ലവത്തിന്റെ അഗ്നിസ്ഫുലിംഗങ്ങൾ മനുഷ്യമഹിമയെ കെടുത്തുന്ന അനേകം ആചാരവിശ്വാസങ്ങളെ പുഴക്കിവീഴ്ത്തി ഭസ്മീകരിക്കാൻ തികച്ചും പര്യാപ്തങ്ങളാണു്.

'പാലപ്പുള്ളിപ്പുഴയുടെ സിതാഭമായ സികതാഭൂവി'ലും, 'വെയിലിന്റെ ചൂടോ പ്രകൃതിയുടെ വൈചിത്ര്യങ്ങളോ' അറിയാതെ അവിടെ കളിച്ചുകൊണ്ടു വിഹരിച്ച "കുതൂഹലാകുലരായ അഞ്ചാറു കുമാര"ന്മാരിലും, നമ്മുടെ ഓർമ്മയുടെ ഓളങ്ങൾ ഇടയ്ക്കിടയ്ക്കെങ്കിലും തങ്ങിനില്ക്കാതിരിക്കയില്ല. പാലപ്പുള്ളിപ്പുഴയുടെ 'മുകുന്ദപുരം തോണിക്കട'വും, അതിനു തെക്കുഭാഗത്തുണ്ടായിരുന്ന 'കല്ലത്താണി'യും, 'തണ്ണീർപ്പന്ത'ലും, മധുരതരമായ വദാന്യതയെ തേനൊലിപ്പഴങ്ങൾകൊണ്ടു് അതിഥികൾക്കു അനുഭവപ്പെടുത്തിക്കൊടുത്ത ആ തേന്മാവും, അവിടെനിന്നുനോക്കിയാൽ കാണത്തക്കവണ്ണം 'അന്തസ്സിൽ ഉയർന്നുനിന്ന' എടക്കാട്ടുമനയുടെ 'മട്ടും മാതിരി'യും 'ജനസഞ്ചയവും ഗൃഹസഞ്ചയവും അടുത്തുണ്ടെന്ന നാട്യം കൂടാതെ'യും 'കോളുകൊണ്ടു കിടന്നുമറിയുന്ന സമുദ്രത്തിന്റെ

ഒരുവശത്തുകിടക്കുന്ന ഒരു നിർജ്ജീവദീപുപോലെ'യും സദാ നിഃശബ്ദവും ഏകാന്തവുമായിരുന്ന ആ 'ശാസ്ത്രാങ്കാവും'—മലയാളികളുടെ സ്മരണമണ്ഡലത്തിൽനിന്നും ഒരിക്കലും മാഞ്ഞുപോവുകയില്ല.

അനിതരവനിതാസാധാരണമായ മനഃശക്തിയുടെയും അച്ചടക്കത്തിന്റെയും അഭിപ്രായധീരതയുടെയും മൂർത്തിമൽഭാവമായി, പരിപാവനസ്നേഹത്തിന്റേയും പരമോൽകൃഷ്ടസേവനത്തിന്റെയും പാഠം ലോകത്തിനു നൽകി, സ്ത്രീത്വത്തിന്റെ മഹനീയമാതൃകയായി പരിലസിച്ച ആ 'സുലോചന' എന്നേ സഹൃദയഹൃദയക്ഷേത്രങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിരിക്കുന്നു! അതുപോലെ, വിജ്ഞാനലാഭത്തിനുള്ള അടങ്ങാത്ത അന്തർദ്ദാഹംകൊണ്ട് സദാ വിവശനായി കഴിഞ്ഞുകൂടിയ "മധു" മലയാളികളുടെ ഓർമ്മയിൽ എന്നും മധുചൊരിയും. സുലോചനയെ വശീകരിപ്പാൻ തന്നെ നിയോഗിച്ച സ്ത്രീലമ്പടനായ 'കുഞ്ചു'വിനെത്തന്നെ വശീകരിച്ച് അയാളെക്കൊണ്ട് 'ചിങ്കു'കളിപ്പിക്കാൻ നോക്കിയ സുഭഗയുവതിയെ, സൗന്ദര്യത്തിന്റെ മൂർത്തീകരണമായ ആ അഭിസാരികയെ, സ്ത്രീത്വത്തിന്റെ അധമമാതൃകയായ ആ "സരോജ"ത്തെ മലയാളികൾ അത്ര പെട്ടെന്നു മറന്നുപോവുകയില്ല. "പതിമൂന്നു പതിന്നാലുവയസ്സുവരെ ഓത്തുചൊല്ലിച്ചൊല്ലി ഓക്കാനിച്ച സമാവർത്തനവും കഴിഞ്ഞു വടക്കിനിയിൽ നിന്നും പുറത്തുകടന്ന ആ കടക്കലോട്ടുകൂടി മുന്നും പിന്നും നോക്കാതെ പ്രാപഞ്ചികസുഖങ്ങളിലേയ്ക്കു് ഒരു 'മുതലക്കൂപ്പുകുത്തി'ക്കൊടുത്തു്, വഞ്ചകനും ധനലോഭിയും,

സ്ത്രീസക്തനമായി പൊങ്ങി”വന്ന പുരുഷത്വത്തിൻെറ അധമമാതൃകയായ 'കുഞ്ചു' നമ്മുടെ ഓർമ്മയിൽ 'മുന്നും പിന്നും നോക്കാതെ' പൊങ്ങിവന്നുകൊണ്ടിരിക്കും.

ചിന്താബന്ധുരങ്ങളും, നാരായനിശിതങ്ങളുമായ എത്രയെത്ര വാചകങ്ങളാണു് "അപ്ഫൻെറ മക"ളുടെ സ്മരണമാത്രയിൽ മനസ്സിൽ തിരതല്ലിത്തിളങ്ങുന്നതു്! 'മധുവിനു തീരെ ഉറക്കം വരുന്നില്ല; പുറത്തേ വേനൽച്ചൂടുകൊണ്ടല്ല; അകത്തെ വേവൽച്ചൂടുകൊണ്ടു്.' "ആഭിജാത്യത്തിൻെറ മറെറാരു പേരാണു് അധഃപതനം." "സ്ത്രീ പനിനീർപ്പൂവാണു്; അവർ ആരെയും ആനന്ദിപ്പിക്കും; എന്നാൽ ക്ഷണത്തിൽ വാടുകയും ചെയ്യും."

## പൂങ്കുല

സാമൂഹ്യദൃഷ്ടിയുള്ള ആ കാഥികൻെറ, "മരണത്തിൻെറ മടിയിൽ," "നിരാശതയുടെ നിഴൽപ്പാടിൽ," "എയ്യ്, ഒക്കെ ഒരുപോലെ ആ?"—എന്നീ മൂന്നു ചെറുകഥകളുടെ സമാഹാരമാണു് "പൂങ്കുല." ഋജുവായ കഥാകഥനംകൊണ്ടും, പ്രതിപാദനത്തിൻെറ തന്മയീഭാവം കൊണ്ടും, ഭാവശബളതകൊണ്ടും ഈ കഥകൾ അത്യന്തം മധുരങ്ങളാണു്.

## ആത്മാഹുതി

നമ്പൂരിസമുദായത്തിലെ അനാചാരങ്ങൾകൊണ്ടുള്ള അധഃപതനത്തെ വിളംബരംചെയ്യുന്ന—ആശയപുഷ്ടിയിലും, വികാരസാന്ദ്രതയിലും, സമുദായപരിഷ്കരണോദ്ദേശത്തിലും മുന്തിനിൽക്കുന്ന—നാലു കഥകളാണു് ആത്മാഹു

തിയിൽ ഉള്ളടക്കിയിരിക്കുന്നതു്. 'ആത്മാഹുതി', 'വിധവയുടെ വിധി', 'പ്രായശ്ചിത്തം', 'ക്രൂരിരുട്ടിൽ' എന്നിവയാണു കഥകൾ. 'ആത്മാഹുതി' എന്ന കഥയിൽ, അനേകം പേരുടെ ജീവിതാവകാശങ്ങളും ഭാഗധേയങ്ങളുമെടുത്തു് അമ്മാനമാടി അവരെ കഷ്ടതയുടെ കഷായം കുടിപ്പിച്ച സ്ത്രീധനമേപ്പാടിന്റെ നേരേ ആ സാഹിത്യപ്രണേതാവു് തൊടുക്കുന്ന ആഗ്നേയാസ്ത്രങ്ങളുടെ ശക്തി അപാരമാണു്. സ്ത്രീധനം കൊടുക്കാൻ കഴിവില്ലാത്തതുകൊണ്ടു വീർപ്പുമുട്ടുന്ന അച്ഛനെയും അമ്മയെയും, അവരുടെ കണ്ണീർകണ്ടു ഹൃദയംനൊന്തു് വിവാഹത്തിനു തലേദിവസം കുളത്തിൽ ചാടിമരിക്കുന്ന മകളെയും മറക്കുക സാദ്ധ്യമല്ല. 'വിധവയുടെ വിധി' എന്ന കഥയിലാകട്ടെ നമ്പൂരിസമുദായത്തിലെ വിധവകളുടെ ജീവിതത്തിലെ കണ്ണീർക്കയങ്ങൾ കരതലാമലകംപോലെ കാട്ടിത്തന്നിരിക്കയാണു്. ഇങ്ങനെ സാമൂഹ്യസാഹചര്യങ്ങളിൽ ദർശിച്ച തകർച്ചയുടെ പ്രതികരണങ്ങൾ മനുഷ്യഭാവനിർഭരമായ ഈ കഥകളിലെല്ലാം സാരസ്യത്തോടെ സമാവിഷ്കരിച്ചിരിക്കുന്നു. റൊമാൻറിക് കഥാകഥനരീതിയുടെ റിയലിസത്തിലേയ്ക്കുള്ള വഴിത്തിരിവും ഈ കഥകളിൽ കാണാം.

**മറുപുറം**

ഒരു നോവലിസ്ററും കഥാകൃത്തുമായ ഭവത്രാതൻ നമ്പൂതിരിപ്പാട്ട് ഊർജ്ജിതാശയനും കവിയുമായ ഉപന്യാസകാരൻകൂടി ആയിരുന്നു. അഗാധമായ അനുഭൂതിയിൽ അടത്തിയെടുത്ത ആശയങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ പകരാൻ അദ്ദേഹത്തിനുണ്ടായിരുന്ന കഴിവു് അനന്യലബ്ധമായിരുന്നു.

ആത്യന്തികമായി നോക്കുമ്പോൾ, ഗുണപൂർണ്ണങ്ങളായ നാലു സാഹിത്യകൃതികളും, നിരവധി ലേഖനങ്ങളുംകൊണ്ടു് മലയാളത്തിൽ സാമൂഹ്യസാംസ്കാരികനവോത്ഥാനത്തിന്റെ തരംഗപ്രവാഹമുളവാക്കിയ സാഹിത്യമർമ്മജ്ഞനായ സമുദായബന്ധുവാണു് ഭവത്രാതൻനമ്പൂതിരിപ്പാട്ടു്. അദ്ദേഹം ഒരു മഹാകവിയാകാൻ മറന്ന കഥാകൃത്തും, ഗദ്യകവിയായി ഉയൎന്ന ഉപന്യാസകനുമാണു്. സാമുദായികമൂല്യങ്ങളുടെയും കലാമൂല്യങ്ങളുടെയും സാന്ദ്രീഭാവം അദ്ദേഹത്തിന്റെ കൃതികൾക്കു് അസാധാരണമായ മേന്മ ഉളവാക്കിയിരിക്കുന്നു.

മലയാളികളുടെ സാഹിത്യസദസ്സിലും ജീവിതനഭസ്സിലും വെള്ളവിരിച്ച ആ കൈരളീഭക്തൻ 1119-ാമാണ്ടു ധനുമാസം 22-ാംതീയതി 42-ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തിന്റെ മഹിതസേവനങ്ങളെ ചാരിതാൎത്ഥ്യപൂർവ്വം കേരളീയർ അനുസ്മരിക്കേണ്ടതാണു്.

032'3
MADRAS UNIVERSITY LIBRARY
6 MAR 2003
CHENNAI-600 005



വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിൽ ശ്രീ: തൃക്കൊടിത്താനം ഗോപിനാഥൻനായർ ദീക്ഷിച്ചിരിക്കുന്ന വൈവിധ്യവും അവ പ്രതിപാദിക്കുന്നതിൽ പ്രദർശിപ്പിച്ചിട്ടുള്ള വൈദഗ്ധ്യവും "നവദർശന"ത്തെ പ്രസന്നമധുരമായ ലേഖനങ്ങളുടെ സമാഹാരമാക്കിത്തീർത്തിരിക്കുന്നു. ഓജസ്സുറ്റതും പ്രസന്നവുമായ ശൈലി, വിഷയങ്ങളുടെ അഗാധതകളിലേയ്ക്കാണ്ടുചെല്ലുന്ന അപഗ്രഥനപാടവം, കൗതുകകരമായ പ്രതിപാദനം എന്നിവ തൃക്കൊടിത്താനത്തിന്റെ കൈമുതലുകളാണു്. ശ്രീ: തൃക്കൊടിത്താനത്തിന്റെ പ്രതിപാദനം പലപ്പോഴും ആംഗ്ലേയ ഉപന്യാസകർത്താക്കളെയാണു് സ്മരിപ്പിക്കുന്നതു്.